# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്
പത്തനംതിട്ട- 689 645

ഇ-മെയിൽ: calicututy.ksad@kerala.gov.in
ഫോൺ : .

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി3-304/2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്
പത്തനംതിട്ട- 689 645
തീയ്യതി: 30/03/2023
ഇ-മെയിൽ: calicututy.ksad@kerala.gov.in
ഫോൺ: .

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)

3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ.പിറ്റിഎ.പി3-304/2023 തീയ്യതി: 30/03/2023

# പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 31-01-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 31-01-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ റ്റീ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അജ്മൽ എ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മഹേഷ്കുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ഓമല്ലൂർ ശങ്കരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. നന്ദകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 30-05-2021 |
| ശ്രീ. മുരളീധരൻ നായർ വി ആർ | സെക്രട്ടറി | 31-05-2021 | 19-09-2021 |
| ശ്രീ. നന്ദകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-09-2021 | 07-11-2021 |
| ശ്രീ. മുരളീധരൻ നായർ വി ആർ | സെക്രട്ടറി | 08-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാർ പി | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ. പ്രതിഭ എസ് | സൂപ്രണ്ട് (ജില്ലാ ആശുപത്രി കോഴഞ്ചേരി) | 01-04-2021 | 31-03-2022 |
| ഡോ. ഉഷ കെ പുതുമന | ചീഫ് മെഡിക്കൽ ഓഫീസർ (ജില്ലാ ആയുർവ്വേദ ആശുപത്രി അയിരൂർ) | 01-04-2021 | 30-04-2021 |
| ഡോ. മനോജ് എം | ചീഫ് മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്ജ് (ജില്ലാ ആയുർവ്വേദ ആശുപത്രി അയിരൂർ) | 01-05-2021 | 29-11-2021 |
| ഡോ. സജി വി ഒ | ചീഫ് മെഡിക്കൽ ഓഫീസർ (ജില്ലാ ആയുർവ്വേദ ആശുപത്രി | 30-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| | അയിരൂർ) | | |
| ശ്രീ. ഹരിദാസ് പി കെ | വിദ്യാഭ്യാസ ഉപഡയറക്ടർ | 01-04-2021 | 31-05-2021 |
| ശ്രീമതി പ്രസീന പി ആർ | വിദ്യാഭ്യാസ ഉപഡയറക്ടർ-ഇൻ-ചാർജജ് | 01-06-2021 | 18-07-2021 |
| ശ്രീമതി ബീണാറാണി കെ എസ് | വിദ്യാഭ്യാസ ഉപഡയറക്ടർ | 19-07-2021 | 31-03-2022 |
| ശ്രീ. മണികണ്ഠൻ എ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (കുടുംബശ്രീ) | 01-04-2021 | 04-01-2022 |
| ശ്രീമതി സലീന കെ എച്ച് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (കുടുംബശ്രീ) | 05-01-2022 | 31-03-2022 |
| ശ്രീ. ഹരി എൻ | പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജയപ്രകാശ് ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീ. രഘു ആർ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു ആർ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് | 01-04-2021 | 31-03-2022 |
| ഡോ. ബെർനെറ്റ് ഐപ്പ് | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | 01-04-2021 | 31-03-2022 |
| ശ്രീ. ഏലിയാസ് തോമസ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-04-2021 | 09-08-2021 |
| ശ്രീമതി ഷംലാബീഗം ജെ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 10-08-2021 | 31-01-2022 |
| ശ്രീ. ഏലിയാസ് തോമസ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-02-2022 | 31-03-2022 |
| ഡോ. ജ്യോതിഷ് ബാബു കെ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ് | 01-04-2021 | 31-03-2022 |
| ശ്രീമതി സുനിത ആനി മാത്യു | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഫാം, പുല്ലാട് | | |
| ശ്രീ. സുധീർ എസ് എസ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഹരികുമാർ എം ജി | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല കെ ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല കെ ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അരുൺ കുമാർ എസ് | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ജോർജ്ജ് ബോബി റ്റി.ജെ. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈപി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീല എ.ഡി. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 01-04-2021 | 23-06-2021 |
| ശ്രീ ജോർജ്ജ് ബോബി റ്റി.ജെ. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 24-06-2021 | 15-07-2021 |
| ശ്രീമതി ജാൻസി കെ കോശി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 16-07-2021 | 01-09-2021 |
| ശ്രീമതി എലിസബത്ത് തമ്പാൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 02-09-2021 | 28-02-2022 |
| ശ്രീമതി ജാൻസി കെ കോശി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 01-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | യോഗ നടപടികൾ മിനിറ്റ്സ് ചെയ്യുന്നതിലും ബന്ധപ്പെട്ട നടപടിക്രമങ്ങളിലും വീഴ്ച | 1-8 |
| 9 | അടൂർ വടക്കടത്തുകാവ് ഗവ. VHSS സ്കൂൾ സ്ഥലം കൈയ്യേറിയത് ഒഴിപ്പിച്ചിട്ടില്ല. | 1-9 |
| 10 | ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 41കോടി രൂപ | 1-10 |
| 11 | ഇ-ടെണ്ടർ: ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ 1.65 കോടി അവശേഷിക്കുന്നു | 1-11 |
| 12 | ദീർഘകാലമായ സെക്യൂരിററി/അഡീഷണൽ പെർഫൊമൻസ് ഗ്യാരൻറി മടക്കി നൽകിയിട്ടില്ല | 1-12 |
| 13 | ലേലം -തുടർ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. | 1-13 |
| 14 | പ്രവൃത്തികൾ ചെയ്തില്ല – നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ഈടാക്കിയില്ല | 1-14 |
| 15 | റിട്ടെൻഷൻ തുക തിരികെ നൽകിയപ്പോൾ ജി എസ് .ടി ഈടാക്കിയില്ല. | 1-15 |
| 16 | ഫൈനൽ ബിൽ തയ്യാറാക്കി ഒരു വർഷത്തിനുശേഷം അധിക ഇനങ്ങൾ കൂട്ടിച്ചേർത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് ക്രമവിരുദ്ധം | 1-16 |
| 17 | ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് 2.10 ലക്ഷം രൂപ പ്രതിഫലം നൽകി | 1-17 |
| 18 | തട്ടയ്ക്കാട്ട് ഏലാ കാപ്പിൽ റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - തകർന്ന നിലയിൽ | 1-18 |
| 19 | കുന്നന്താനം പാലയ്ക്കാത്തകിടി സ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ. | 1-19 |
| 20 | അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയ ഇനത്തിൽ 450182 രൂപ നിരാകരിക്കുന്നു | 1-20 |
| 21 | ജില്ലാ ആയുർവേദ ആശുപത്രി പെയിന്റിംഗ് നടത്തിയതിൽ ഗുരുതരമായ അപാകതകൾ. | 1-21 |

| | | |
|---|---|---|
| 22 | എഴുമറ്റൂർ GHSS ൽ ടൈൽ ഇട്ടതിൽ അപാകതകൾ | 1-22 |
| 23 | കുന്നിട വൃദ്ധസദനം ഉപയോഗയോഗ്യമാക്കൽ - പാതി വഴിയിൽ ഉപേക്ഷിച്ച പ്രോജക്ടിലെ ധനവിനിയോഗം വൃഥാവിലായി | 1-23 |
| 24 | പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന് ഫൈനൽ ബിൽ തുക നൽകി ബാധ്യതയിൽനിന്നും ഒഴിവാക്കി | 1-24 |
| 25 | കുന്നന്താനം GVLP സ്കൂളിൽ കായിക വികസനത്തിനു നിർമ്മിച്ച കെട്ടിടത്തിന്റെ വാതിലുകളും ജനലുകളും തകർന്ന നിലയിൽ | 1-25 |
| 26 | കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് നിർമ്മാണവും പ്രവർത്തനവും മാതൃകാപരമെങ്കിലും തുടർനടപടികൾ അനിവാര്യം. | 1-26 |
| 27 | കൊടുമൺ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന മിനി റൈസ് മിൽ വിജയകരമാക്കാൻ തുടർ നടപടികൾ അനിവാര്യം. | 1-27 |
| 28 | പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ ചവറംപ്ലാവ് കുടിവെള്ളപദ്ധതി കമ്മീഷൻ ചെയ്യാനായില്ല. | 1-28 |
| 29 | വനിതാ ഘടക പദ്ധതി പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി | 1-29 |
| 30 | സംഘകൃഷിക്കുവേണ്ടിയുള്ള പ്രോജക്ട് നടപ്പിലാക്കിയത് കുടുംബശ്രീ മിഷൻ | 1-30 |
| 31 | ആസൂത്രണത്തിന്റെ അഭാവം - റോഡ് മെയിന്റനൻസിനായി അംഗീകാരം വാങ്ങിയ പദ്ധതികൾ പിന്നീട് ഒഴിവാക്കുന്നു. | 1-31 |
| 32 | 2020-21ൽ കരാർ നൽകിയ പ്രവൃത്തി നാളിതുവരെയും ആരംഭിച്ചില്ല | 1-32 |
| 33 | നിർമ്മാണം പൂർത്തിയാക്കിയതിന് പിന്നാലെ റോഡ് തകർന്നു; നിർമ്മാണത്തിലെ വൈകല്യം പരിഹരിക്കാതെ ജാമ്യനിക്ഷേപം മടക്കി നൽകി | 1-33 |
| 34 | ജാമ്യനിക്ഷേപം (Performance Guarantee) കെട്ടിവയ്ക്കാത്ത കരാറുകാരെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിച്ചു | 1-34 |
| 35 | കരാർ ലംഘനം നടത്തിയ കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട്കെട്ടാതെ മടക്കി നൽകി | 1-35 |
| 36 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര നിർണ്ണയ ലബോറട്ടറി നാളിതുവരെ സ്ഥാപിച്ചിട്ടില്ല | 1-36 |
| 37 | കരാർ വെച്ചതിനുശേഷം പ്രവൃത്തികൾ ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-37 |
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ | 1-38 |
| 39 | ബിറ്റുമിന്റെ വിലയായി സിഡ്കോയ്ക്ക് നൽകിയ തുക തിരികെ ലഭിച്ചില്ല | 1-39 |
| 40 | ജില്ലാ ആയുർവേദാശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് -പദ്ധതി യാഥാർത്ഥ്യമായില്ല | 1-40 |
| 41 | അപര്യാപ്തകളുടെ നടുവിൽ ജില്ലാ ഹോമിയോ ആശുപത്രി | 1-41 |

| | | |
|---|---|---|
| 42 | ജില്ലാപഞ്ചായത്തിൽ വെർച്വൽ ക്ലാസ്സ് റൂം- ലക്ഷങ്ങൾ മുടക്കിയിട്ടും പദ്ധതി യാഥാർത്ഥ്യമായില്ല | 1-42 |
| 43 | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-43 |
| 44 | സ്കൂളുകൾക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ് ടോപ്പ് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-44 |
| 45 | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) ഫണ്ട് - പദ്ധതികൾ വൈകുന്നു; 1.66 കോടി രൂപ ചെലവഴിക്കാതെ കെട്ടികിടക്കുന്നു | 1-45 |
| 46 | ഭൂമി വാങ്ങി: പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിച്ചില്ല | 1-46 |
| 47 | ജലാശയങ്ങളിലും റിസർവോയറുകളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ - പദ്ധതി പ്രായോഗിക ക്ഷമമല്ല | 1-47 |
| 48 | റിവോൾവ് ചെയ്യാത്ത റിവോൾവിംഗ് ഫണ്ട് | 1-48 |
| 49 | സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി | 1-49 |
| 50 | സംയുക്ത പദ്ധതികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-50 |
| 51 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-51 |
| 52 | നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മലം ജില്ല- സമ്പൂർണ്ണ ശുചിത്വ പദ്ധതി - ജില്ലാ പഞ്ചായത്ത് തുക നൽകിയില്ല | 1-52 |
| 53 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-53 |
| 54 | പഠനം തീർന്നാലും പണിതീരാത്ത പഠനമുറി | 1-54 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് പ്രതിഫലം നൽകിയത് ക്രമവിരുദ്ധം; അധികം നൽകിയ തുക നിരാകരിക്കുന്നു | 3-1 |
| 2 | ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് 2.10 ലക്ഷം രൂപ പ്രതിഫലം നൽകി | 3-2 |
| 3 | കുന്നന്താനം പാലയ്ക്കാത്തകിടി സ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ | 3-3 |
| 4 | അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് വഴിവിട്ട് ക്രമീകരിച്ച് കരാറുകാരന് തുക നൽകി | 3-4 |
| 5 | ജില്ലാ ആയുർവേദ ആശുപത്രി പെയിന്റിംഗ് നടത്തിയതിൽ ഗുരുതരമായ അപാകതകൾ | 3-5 |
| 6 | എഴുമറ്റൂർ GHSS ൽ ടൈൽ ഇട്ടതിൽ അപാകതകൾ | 3-6 |

| | | |
|---|---|---|
| 7 | പദ്ധതി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു; ചെലവ് തുക നിരാകരിക്കുന്നു | 3-7 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | കമ്മിറ്റി തീരുമാനം-1 | |
| 4 | കമ്മിറ്റി തീരുമാനം-2 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

145711103/- രൂപ മുന്നിരിപ്പും 2401562150/- രൂപ വരവും 2395704250/- രൂപ ചെലവും 151569003/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 16.3.2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 29-07-2022 ൽ പരിശോധനയ്ക്കായി സമർപ്പിച്ചു. 95,50,53,470 രൂപ ആസ്തിയും 14,85,54,622 രൂപ ബാധ്യതയും 80,64,98,848 രൂപ റിസേർവ്സ് & സർപ്ലസ് ഉള്ള ധനകാര്യ പത്രികയാണ് സമർപ്പിച്ചത്. ലഭ്യമാക്കിയ 'ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് " പ്രകാരം 51,64,32,516 രൂപ വരവും 50,89,73,883 രൂപ ചെലവും 6278860 രൂപ സർപ്ലസും ഉണ്ട്.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ B-4: Grants And Contributions For Specific Purposes- Rashtriya Madhyma Shiksha Abhiyan (RMSA) ഹെഡിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ (പഞ്ചാബ് നാഷണൽ ബാങ്ക്) നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. അക്കൗണ്ടുകൾ തമ്മിൽ 6,06,327 രൂപയുടെ വ്യത്യാസം ഉണ്ട്.

(2) ഷെഡ്യൂൾ B-4: Grants And Contributions For Specific Purposes-Central Finance Commission Grant നീക്കിയിരിപ്പ് തുക (Rs. 8,31,61,140) ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ (ഫെഡറൽ ബാങ്ക്) നീക്കിയിരിപ്പ് തുകയുമായി (Rs.3,41,67,386) പൊരുത്തപ്പെടുന്നില്ല. അക്കൗണ്ടുകൾ തമ്മിൽ 4,89,93,754 രൂപയുടെ വ്യത്യാസം ഉണ്ട്.

(3) ഷെഡ്യൂൾ ബി7: Deposits Received- രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരുപ്പ് തുകകൾ കൃത്യമല്ല. പരിശോധനയ്ക്ക് ആവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. റോഡ് കട്ടിംഗ് ഇനത്തിലുള്ള റെവന്യൂ വരവ്, റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് ഇനത്തിൽ തെറ്റായി വരവ് വെച്ചിരിക്കുന്നു.

(4) ഷെഡ്യൂൾ ബി9: Recoveries Payable- Other Recoveries From Employess- Government And Other Dues Payable- CGST, SGST – ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുക തെറ്റാണ്. യഥാർത്ഥ തുക 3821 രൂപ വീതമാണ്.

(5) ഷെഡ്യൂൾ ബി9: Recoveries Payable- Other Recoveries From Employees- ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക 33,209 തെറ്റാണ്. യഥാർത്ഥ തുക 33536 രൂപയാണ്. സ്ഥാപനം ഒടുക്കേണ്ട തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

(6) ഷെഡ്യൂൾ ബി11: Fixed Assets- തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളും ആസ്തി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഷെഡ്യൂൾ ബി11(a): Capital Work In Progress- ആസ്തി ഹെഡിൽ ഉൾപ്പെടുത്തേണ്ട ചെലവുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. Capital Work In Progress ഹെഡിൽ 4,39,39,549 രൂപ അവശേഷിക്കുന്നു.

(7) ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകുറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - ₹ 4,80,50,809

Depoist With KSEB - ₹ 30,54,457

Deposit With GWD - ₹ 22,43,057

(8) ഷെഡ്യൂൾ I-18: ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 61,477 രൂപ തെറ്റായി Prior Period Income ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

(9) ഷെഡ്യൂൾ ബി-18: Advance To Implementing Officers: ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾക്ക് ചെലവഴിച്ച തുക തെറ്റായി ലയബിലിറ്റി ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42009574 |
| ഓഡിറ്റ് വർഷത്തെ വരവ് | 743713377 |
| ആകെ വരവ് | 785722951 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 691911974 |
| നീക്കിയിരിപ്പ് | 93810977 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 185989652 | 185989652 | 156512138 | 29477514 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 128129100 | 128129100 | 97062441 | 31066659 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 5488400 | 5488400 | 4480494 | 1007906 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 64802478 | 64802478 | 47705022 | 17097456 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 52466227 | 52466227 | 15348652 | 37117575 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 441910481 | 441910481 | 167672234 | 274238247 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 97161558 | 97161558 | 22017141 | 75144417 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| കേരളോത്സവം | 55076 | 1262 | 56338 | -- | 56338 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| സർവ്വശിക്ഷാ അഭിയാൻ | 5784114 | 168050 | 5952164 | -- | 5952164 |
| സമ്പൂർണ്ണ ശുചിത്വം | 3797845 | 110341 | 3908186 | -- | 3908186 |
| ആർ.എം.എസ്.എ. | 20572176 | -- | 20572176 | 4568743 | 16003433 |

1.* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്)- ഈ-ഗ്രാം സ്വരാജ് വഴി ലഭിച്ച തുക ലാപ്സാകുന്നില്ല.

2. ജി.ഒ(ആർ.റ്റി)നം.2617/2022 തീയതി: 31-03-2022 പ്രകാരം എസ്.സി.പി. 1,16,85,100 ലഭിച്ച തുക ഗ്രാന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 676 | 1069882326 | 305 | 520877389 | 371 | 48.69 |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്</u>

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 90 | 48 | 171408648 | 114491741 | 66.79 |
| 2 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 14 | 5 | 19241292 | 4419580 | 22.97 |
| 3 | പ്രിൻസിപ്പാൾ, ഹയർ സെക്കന്ററി സ്കൂൾ | 1 | 0 | 1600000 | 0 | 0.00 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 5 | 5 | 41308908 | 37010400 | 89.59 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 1 | 1 | 200000 | 199946 | 99.97 |
| 6 | അസി.എക്സി.എഞ്ചിനീയർ (അഗ്രികൾച്ചർ) | 3 | 1 | 22067500 | 242747 | 1.10 |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 17 | 5 | 17595814 | 2511550 | 14.27 |
| 8 | ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 1 | 1 | 3239300 | 3239300 | 100.00 |
| 9 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 8 | 6 | 22985496 | 7900000 | 34.37 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ, ഫീഷറീസ് | 1 | 1 | 420000 | 420000 | 100.00 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 2 | 2 | 17400000 | 17278392 | 99.30 |
| 12 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 1 | 1 | 2000000 | 1999918 | 100.00 |
| 13 | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1000000 | 1000000 | 100.00 |
| 14 | ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ | 4 | 4 | 2330500 | 1793000 | 76.94 |
| 15 | എക്സി.എഞ്ചിനീയർ, ത.സ്വ.ഭ.വ. | 2 | 2 | 650000 | 130033 | 20.01 |

| | | | | | | |
|---|---|---|---|---|---|---|
| 16 | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 8 | 7 | 104516325 | 102475211 | 98.05 |
| 17 | കൃഷി അസി.ഡയറക്ടർ, സീഡ് ഫാം | 5 | 3 | 2200000 | 1203623 | 54.71 |
| 18 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | 13 | 11 | 21420974 | 16551591 | 77.27 |
| 19 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ആയുർവേദം) | 5 | 5 | 12770000 | 10488551 | 82.13 |
| 20 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) | 3 | 3 | 1200000 | 923265 | 76.94 |
| 21 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 491 | 194 | 604327569 | 196598541 | 32.53 |
| | ആകെ | 676 | 306 | 1069882326 | 520877389 | 48.69 |

1. ജില്ലാ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രശ്നങ്ങൾ വിലയിരുത്തുകയും, പ്രശ്ന തീവ്രതയനുസരിച്ച് ലഘുതരം, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ തരംതിരിച്ച് മുൻഗണനാ ക്രമമനുസരിച്ച് പദ്ധതി ആവിഷ്കകയും ചെയ്യുന്ന രീതി അവലംബിക്കുന്നില്ല. ഫണ്ടുകൾ ഡിവിഷൻ അടിസ്ഥാനത്തിൽ വീതിക്കുന്നതിനു പകരം ജില്ലാപ്പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ടുള്ള വികസന കാഴ്ചപ്പാട് സ്വീകരിക്കേണ്ടതാണ്.

2. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, പ്രൊജക്ട് ആശയങ്ങൾ എന്നിവയുടെ അഭാവത്തിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതും, നടപ്പിലാക്കുന്നതും.

3. വികസന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് താല്പര്യം കാണിക്കുന്നില്ല. ഒരു സാമ്പത്തിക വർഷത്തിലെ ആദ്യം മുതൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതിനുപകരം സാമ്പത്തിക വർഷത്തിലെ അവസാന മാസങ്ങളിൽ തിരക്കിട്ട് പദ്ധതികൾ നടപ്പിലാക്കുന്നു. സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കാത്തത് മൂലം പൂർത്തിയാകാതെ അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവറാകുന്ന പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നു.

4. പ്രോജക്ട് പൂർത്തിയാക്കിയതിനുശേഷം പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ ഏത്രത്തോളം കൈവരിക്കാൻ കഴിഞ്ഞു എന്ന വിലയിരുത്തൽ നടത്തുന്നില്ല. പ്രോജക്ട് പൂർത്തിയാക്കുന്നതിന് വിനിയോഗിച്ച പണത്തിനനുസൃതമായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവോ എന്നത് സംബന്ധിച്ചുള്ള വിലയിരുത്തലും ഇല്ല. പൂർത്തിയാക്കാനാകാത്ത പ്രോജക്ടിലെ ധനവിനിയോഗം യാതൊരു പ്രയോജനവും സൃഷ്ടിക്കാതെ വൃഥാവിലായി തീരുന്നു (ഉദ: ഇ-ടോയ്‌ലറ്റ്, മധുരം തേൻ പദ്ധതി, കുന്നിട, ആനിക്കാട് വൃദ്ധസദനങ്ങൾ, സ്വാന്തനം പദ്ധതി)

5. വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കിയതിനുശേഷം രണ്ടര ദശാബ്ദം പിന്നിട്ടിട്ടും സ്ഥാപനത്തിലെ മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പ് വളരെ മോശമായും കാര്യക്ഷമം അല്ലാതെയും സമയബന്ധിതമല്ലാതെയുമാണ് നടപ്പിലാക്കുന്നത്.

6. പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജനകീയ പങ്കാളിത്തത്തിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തതിനാൽ പ്രോജക്ടിന്റെ ചെലവു സബന്ധിച്ചോ, സമയക്രമം സംബന്ധിച്ചോ, പ്രതീക്ഷിത ലക്ഷ്യങ്ങൾ

സംബന്ധിച്ചോ ഉള്ള യാതൊരു വിവരവും ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.

7. മൊത്തം 21 നിർവ്വഹണ ഉദ്യോഗസ്ഥർ ഉണ്ടായിരുന്നതിൽ സെക്രട്ടറി ഉൾപ്പടെ 9 നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി പ്രിൻസിപ്പാൾ (0%), അഗ്രികൾച്ചർ അസി.എക്സി.എഞ്ചിനീയർ (1.10%), പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (14.27%), എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (20%), സോയിൽ കൺസർവേഷൻ ഓഫീസർ (22.97%), എൽ.എസ്.ജി.ഡി. അസി.എക്സി.എഞ്ചിനീയർ (32.53%), ജില്ലാ പട്ടിക ജാതി വികസന ഓഫീസർ (34.37%), കൃഷി അസി.ഡയറക്ടർ (54.71%), ജില്ലാ പഞ്ചായത്ത് സെക്രട്ടറി (66.79%) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ടി വിനിയോഗത്തിലാണ് വലിയ വീഴ്ചയുണ്ടായരിക്കുന്നത്.

## 1-6 ആഭ്യന്തര നിയന്ത്രണം

ജില്ലാ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സുതാര്യമായ അക്കൌണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ചെലവുകളെല്ലാം വൗച്ചറുകളുടെയും, സബ് വൗച്ചറുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

താഴെപ്പറയുന്ന പൊതുവായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. പഞ്ചായത്ത് യോഗത്തിന്റെ അജണ്ട തയ്യാറാക്കൽ, യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തൽ, തീരുമാനങ്ങൾ രേഖപ്പെടുത്തൽ, തുടർ നടപടികൾ എന്നിവ സുതാര്യമായ രീതിയിലല്ല കൈകാര്യം ചെയ്യുന്നത്. യോഗനടപടി ക്രമങ്ങൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്‌വയറിൽ ചർച്ചാവിഷയങ്ങളും ചർച്ചയും, യോഗതീരുമാനങ്ങളും തൽസമയം രേഖപ്പെടുത്തുകയോ, യോഗാവസാനം പ്രസിഡന്റ് മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ കമ്പ്യൂട്ടറിൽ അംഗീകരിക്കുകയോ ചെയ്യുന്നില്ല. മിനിട്സ്, തീരുമാനങ്ങൾ എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി ഒപ്പ് വയ്ക്കുകയും, പ്രിന്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും, അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നില്ല. 2022 വർഷം 26 യോഗങ്ങൾ ചേർന്നതിൽ 25 എണ്ണത്തിന്റെയും മിനിട്സ് ഓഡിറ്റ് തീയതിയിലും സകർമ്മ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ ക്ലോസ് ചെയ്തിട്ടില്ല. മിനിട്സ് ചട്ടപ്രകാരം ക്ലോസ് ചെയ്യാത്തത് എടുത്ത തീരുമാനങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതിനും, കമ്മിറ്റി യഥാർത്ഥത്തിൽ കൈകൊണ്ടിട്ടില്ലാത്ത തീരുമാനങ്ങൾ പിന്നീട് മിനിട്സിൽ തിരികി കയറ്റുന്നതിനും അവസരം ഒരുക്കുന്നു. യോഗനടത്തിപ്പും, മിനിട്സ് രേഖപ്പെടുത്തലും ചട്ടപ്രകാരം ആയിരിക്കുന്നതിന് സ്ഥാപന മേധാവി ശ്രദ്ധിക്കേണ്ടതാണ്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവിഷ്കരിച്ച 3.42 കോടി രൂപയുടെ 37 മരാമത്ത് പ്രവൃത്തികൾ വർഷങ്ങളായി മുടങ്ങികിടക്കുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഈ ഇനത്തിൽ ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും സത്വര നടപടി അനിവാര്യമാണ്.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കി സൂക്ഷിക്കണം.

4. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെയും, പി.ഡബ്ല്യു.ഡി മാന്വലിലെയും നിബന്ധനകൾക്ക് വിരുദ്ധമായി പ്രവൃത്തി പൂർത്തീകരണത്തിനു ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകുന്ന പതിവ് രീതി കർശനമായും ഒഴിവാക്കേണ്ടതാണ്.

5. മതിയായ ആസൂത്രണമില്ലാത്തതും, ശരിയായ പദ്ധതി മോണിറ്ററിംഗിന്റെ അഭാവവും മൂലം പദ്ധതി നിർവ്വഹണം നീണ്ടു പോകുന്നതും, ലക്ഷ്യം കൈവരിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതാണ്.

6. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കേണ്ടതും, മുൻകൂർ നൽകിയ തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ ക്രമീകരിക്കേണ്ടതുമാണ്.

7. ജില്ലാ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി മോണിറ്ററിംഗ് സംവിധാനവും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുമില്ല.

8. മരാമത്ത് പ്രവൃത്തികൾ കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ഗുണമേന്മാ പരിശോധന എൽ.എസ്.ജി.ഡി.യും സർക്കാർ ബാധകമാക്കിയിട്ടുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ ക്വാളിറ്റി കൺട്രോൾ ലാബ് സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2019 മുതൽ 18.1.2020 വരെ | 2017-18 മുതൽ 2018-19 വരെ | 13.2.2020 |
| പെർഫോമൻസ് ഓഡിറ്റ് | 23.12.2022 മുതൽ 6.1.2023 വരെ | 4/2022 മുതൽ 9/2022 വരെ | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

## 1-8 യോഗ നടപടികൾ മിനിറ്റ്സ് ചെയ്യുന്നതിലും ബന്ധപ്പെട്ട നടപടിക്രമങ്ങളിലും വീഴ്ച

ഭരണസമിതി യോഗങ്ങളുടെ അജണ്ടയും, അതിന്മേൽ സ്ഥാപനം കൈകൊള്ളുന്ന തീരുമാനങ്ങളും പരിശോധിച്ച് മനസ്സിലാക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകുന്നതിലൂടെ ഭരണ നിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് 03.12.2015-ലെ ജി.ഒ.(ആർ.റ്റി.) നം.3630/2015-ാം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, സകർമ്മ സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ജില്ലാപഞ്ചായത്തിൽ യോഗ നടപടികൾ മിനിറ്റ്സ് ചെയ്യുന്നതിന് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും ചട്ടം അനുശാസിക്കുന്ന പ്രകാരം മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ പൂർത്തിയാക്കി വെബ് സൈറ്റിലും, നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നില്ല.

2022, 2023 വർഷങ്ങളിൽ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ യോഗങ്ങൾ | മിനിറ്റ്സ് പൂർത്തിയായവ | മിനിറ്റ്സ് പൂർത്തിയാക്കാവ | യോഗം റദ്ദ് ചെയ്തത് |
|---|---|---|---|---|
| 2022 | 26 | 1 | 24 | 1 |
| 2023 | 27 | 19 | 5 | 3 |

കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് തീരുമാന രജിസ്റ്ററിൽ കാർബൺ പേപ്പർ പകർപ്പ് സഹിതം രേഖപ്പെടുത്തേണ്ടതും, കാർബൺ പേപ്പർ പകർപ്പ് യോഗം അവസാനിച്ചാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. യോഗ നടപടിക്കുറിപ്പുകളുടെ കരട് സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. യോഗ നടപടിക്കുറിപ്പുകളുടെ കരട് അദ്ധ്യക്ഷന്

ലഭിച്ച 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, പ്രസിഡന്റ് അംഗീകരിച്ച യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാലുടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം പരമാവധി 5 ദിവസത്തിനുള്ളിൽ പൂർത്തിയാക്കി പ്രസിദ്ധീകരിക്കേണ്ട രേഖയാണ് യോഗം ചേർന്ന് മാസങ്ങൾക്ക് ശേഷവും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാതിരിക്കുന്നത്. ഇത് ജനങ്ങൾക്ക് നിയമവും ചട്ടവും ഉറപ്പ് വരുത്തുന്ന അറിയാനുള്ള അവകാശം നിഷേധിക്കലാണ്. മാത്രവുമല്ല മിനിറ്റ്സിൽ പിന്നീട് അനധികൃതമായി ഭേദഗതികൾ വരുത്തുന്നതിനും, തീരുമാനങ്ങൾ തിരുകി കയറ്റുന്നതിനും പഴുത് സൃഷ്ടിക്കുകയും ചെയ്യുന്നു.

സകർമ്മ സോഫ്റ്റ്‌വെയറിൽ യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തതിൽ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

- പഞ്ചായത്ത് യോഗത്തിന്റെ അജണ്ടാകുറിപ്പ് സകർമ്മ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ ശേഷം പ്രിന്റ് ഔട്ട് എടുത്ത് അംഗങ്ങൾക്ക് നൽകുക.
- യോഗനടപടികൾ ആരംഭിച്ചു കഴിഞ്ഞാൽ ചർച്ചാ വിഷയങ്ങളും ചർച്ചയും സോഫ്റ്റ്‌വെയർ സഹായത്തോടെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുക.
- യോഗ തീരുമാനം പ്രസിഡന്റ്/ചെയർ പേഴ്സൺ മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ കമ്പ്യൂട്ടറിൽ അംഗീകരിക്കുക (അപ്രൂവ് ചെയ്യുക).
- അതോടെ മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ പൂർത്തിയാകുന്നു.
- മിനിട്സ്, തീരുമാനങ്ങൾ എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി ഒപ്പ് വയ്ക്കുക.
- മിനിട്സ്, തീരുമാനങ്ങൾ എന്നിവയുടെ പ്രിന്റ്, നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക, അംഗങ്ങൾക്ക് നൽകുക.
- പഞ്ചായത്ത് വെബ്സൈറ്റിലും, ടച്ച് സ്ക്രീൻ കമ്പ്യൂട്ടറിലും പ്രസിദ്ധീകരിക്കുക.
- തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് ഇ-മെയിൽ വഴി അയച്ചുകൊടുക്കുക

## 1-9 അടൂർ വടക്കടത്തുകാവ് ഗവ. VHSS സ്കൂൾ സ്ഥലം കൈയ്യേറിയത് ഒഴിപ്പിച്ചിട്ടില്ല.

അടൂർ വടക്കടത്തുകാവ് ഗവ. VHSS സ്കൂൾ സ്ഥലം കൈയ്യേറിയ സംഭവത്തിൽ സ്കൂൾ പ്രഥമാധ്യാപകരിൽ നിന്നും റിപ്പോർട്ട് തേടാൻ ജില്ലാപ്പഞ്ചായത്ത് ജനറൽ കമ്മിറ്റി 27.09.2021 ൽ VI(4) ാം നമ്പരായി തീരുമാനം കൈക്കൊണ്ടു. സ്കൂളിന്റെ സ്ഥലമായ 27.95 ആർ' സ്ഥലം (ബ്ലോക്ക് നമ്പർ 16, റീസർവ്വെ നമ്പർ 188/9, 69 സെന്റ്) കൈയ്യേറിയതായി അടൂർ ഭൂരേഖ തഹസീൽദാരുടെ 31.08.2021 ലെ ആർ 31611/2021 നമ്പർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൈയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികളും ബന്ധപ്പെട്ട ഫയലും ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/30-01-2023) ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. കൈയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച ഓഡിറ്റിനു വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-10 ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 41കോടി രൂപ

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ സമയബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ **41,09,34,743** രൂപ ജില്ലാപഞ്ചായത്തിന് നഷ്ടപ്പെട്ടു. ലാപ്സായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ ) | 2,94,77,514 |
| വികസന ഫണ്ട് (എസ്.സി.പി) | 3,10,66,659 |
| വികസന ഫണ്ട് (ടി.എസ്.പി) | 10,07,906 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 27,42,38,247 |

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 7,51,44,417 |
| **ആകെ** | **41,09,34,743** |

## 1-11 ഇ-ടെണ്ടർ: ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ 1.65 കോടി അവശേഷിക്കുന്നു

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും ജി.എസ്.റ്റി-യും പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു.

ഇപ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് ലഭിച്ച തുകയിൽ 30-01-2023-ൽ 1,64,67,178 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും തുക കൈമാറി നൽകിയിട്ടുണ്ട്. നാളിതുവരെ തുക ഡിമാന്റ് ചെയ്ത് കൈപ്പറ്റാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ ടെണ്ടറുകൾക്ക് ലഭിച്ച തുക പോലും യഥാസമയം സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ടെണ്ടർ ഫീ ഒടുക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചോ തുകയെ സംബന്ധിച്ചോ കൃത്യമായ വിവരങ്ങൾ ജില്ലാപഞ്ചായത്തിന്റെ കൈവശം ഇല്ലായെന്നതും ശ്രദ്ധേയമാണ്.

ലഭിച്ച ടെണ്ടർ ഫീ അടിയന്തിരമായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ദീർഘകാലമായ സെക്യൂരിററി/അഡീഷണൽ പെർഫൊമൻസ് ഗ്യാരൻറി മടക്കി നൽകിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിട്ടുള്ള വ്യക്തികൾ ജാമ്യനിക്ഷേപമായി ഹാജരാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദീർഘകാലമായി മടക്കി നൽകാതെ എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതായി സെക്യൂരിറ്റികളുടെ ഭൗതിക പരിശോധനയിൽ വ്യക്തമായി. കരാറുകാർക്ക് ഫൈനൽ ബിൽ നൽകിയതിനുശേഷം പ്രവൃത്തികളുടെ സംരക്ഷണ കാലയളവ് പൂർത്തായാകുന്ന മുറയ്ക്ക് സെക്യൂരിറ്റികൾ മടക്കി നൽകേണ്ടതായിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന സെക്യൂരിറ്റികൾ കരാറുകാർക്ക് മടക്കി നൽകിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 396/16 | കാട്ടുകാലാ കോളനി റോഡ് പുനരുദ്ധാരണം (എനാദിമംഗലം ഗ്രാമപഞ്ചായത്ത്) | 20000 | TSB JJ7477715/18.02.16 |
| 2 | 449/16 | മണ്ണിൽ - കിഴക്കേതില്പടി മുപ്രമൺ റോഡ് റീടാറിംഗ് 2-nd റീച്ച് (കൊടുമൺ ഗ്രാമപഞ്ചായത്ത് ) | 56300 | TSB JJ747700/16.02.16 |
| 3 | 990/16 | ചിരത്തിട്ട കുരുമ്പറ്റി | 28100 | TSB AA247259/02.03.16 |

| | | | | |
|---|---|---|---|---|
| | | ഇലവുംമൂഡ് റോഡ് (മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത്) | 28100 | Bank Guarantee |
| 4 | 405/16 | കല്ലുങ്കൽപടി-ഇലഞ്ഞിമൂട്ടിൽപടി റോഡ്, കോൺക്രീറ്റ് (ഓമല്ലൂർ ഗ്രാമ പഞ്ചായത്ത് ) | 18750<br>17500<br>2000 | TSB AA247258/02.03.16<br>Rt No.217360/26.05.16<br>Rt.No.217384/31.05.16 |
| 5 | 1028/16 | ഏനാത്ത് തോട്ടത്തിൽപ്പടി ഓണംപള്ളിൽ റോഡിലെ കലുങ്ക് ഉദ്ധാരണം (ഏഴംകുളം ഗ്രാമപഞ്ചായത്ത്) | 86000 | TSB JJ438025/03.06.16 |
| 6 | 1022/16 | എഴുമൺ തലയാർ റോഡ് റീടാറിംഗ് (പ്രമാടം ഗ്രാമപഞ്ചായത്ത്) | 60000 | TSB JJ964018/08.06.16 |
| 7 | 472/16 | മെഡിക്കൽ മിഷൻ -ചാരുനില്ക്കുന്നതിൽ റോഡ് റീടാറിംഗ് (പന്തളം ഗ്രാമ പഞ്ചായത്ത് ) | 78700 | TSB JJ552666/13.06.16 |
| 8 | 890/16 | മേലെ പടിമൻ കട്ടമല റോഡ് റീ ടാറിംഗ് കലുങ്ക് നിർമ്മാണം ( കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത്) | 50500 | TSB JJ542830/04.06.16 |
| 9 | 991/16 | വലിയകുളം നാലു സെന്റ് കോളനി അംഗൻ വാടി കെട്ടിട നിർമ്മാണം (റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്) | 50000 | TSB AA247537/05.10.16 |
| 10 | 533/17 | കോഴിപാലം-ഒഴൂർ റോഡ് റീടാറിംഗ് (ആറന്മുള ഗ്രാമപഞ്ചായത്ത്) | 55350<br>55350 | TSB JJ964762/05.01.17<br>67386753504/03.01.17 |
| 11 | 530/17 | വല്ലന കുറിച്ചിമുട്ടം റോഡ് റീടാറിംഗ് (ആറന്മുള ഗ്രാമപഞ്ചായത്ത്) | 89000<br>89000 | TSB JJ964764/05.01.17<br>67386752012/03.01.17 |
| 12 | 532/17 | വാഴയിൽപ്പടി ഗുരുക്കൻകുന്ന് റോഡ് റീടാറിംഗ് (ആറന്മുള ഗ്രാമപഞ്ചായത്ത്) | 40000<br>40000 | TSB JJ964763/05.01.17<br>67386753344/03.01.17 |
| 13 | 671/17 | പാമ്പയ്യത്ത് പടി | 41000 | TSB JJ964781/07.01.17 |

| | | | | |
|---|---|---|---|---|
| | | കാക്കപെറുക്കി റോഡ് റീടാറിംഗ് & ഡ്രെയിൻ (പന്തളം-തെക്കേക്കര ഗ്രാമപഞ്ചായത്ത്) | 41000 | KGB 40359201700005/07.01.17 |
| 14 | 592/17 | തേയിലക്കടപടി കല്ലുംപുറതുപടി റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ (എനാദിമംഗലം ഗ്രാമപഞ്ചായത്ത്) | 20000<br>20000 | TSB AA494056/20.01.17<br>KGB 129434/19.01.17 |
| 15 | 576/17 | പുലിപ്പാറ - അരുവിക്കുഴി റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ (തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്) | 34000<br>34000 | TSB JJ964807/10.01.17<br>KGB 236492/23.01.17 |
| 16 | 619/17 | നെല്ലിമൂട് ചൊള്ളനാവയൽ പട്ടികവർഗ്ഗ കോളനി നടപ്പാത കോൺക്രീറ്റ് & സൈഡ് സംരക്ഷണം (നാറാണംമൂഴി ഗ്രാമപഞ്ചായത്ത്) | 17000<br>17000 | TSB JJ964809/10.01.17<br>SBT 67390476757/10.01.17 |
| 17 | 617/17 | ചേത്തക്കൽപടി പുള്ളിക്കൽ റോഡ് റീടാറിംഗ് (നാറാണംമൂഴി ഗ്രാമപഞ്ചായത്ത്) | 31000<br>31000 | TSB JJ964808/10.01.17<br>SBT 67390473382/31.01.17 |
| 18 | 616/17 | മാടന്തമൺ ആറാട്ടുമൺ പുള്ളിക്കൽ റോഡ് റീടാറിംഗ് (നാറാണംമൂഴി ഗ്രാമപഞ്ചായത്ത്) | 31500<br>31500 | TSB JJ964810/10.01.17<br>SBT 97390473643/31.01.17 |
| 19 | 587/17 | പാകിസ്ഥാൻ മുക്ക് പാണ്ടിമലപ്പുറം റോഡ് റീടാറിംഗ് (കടമ്പനാട് ഗ്രാമപഞ്ചായത്ത്) | 39200 | TSB AA172147/08.02.17 |
| 20 | 508/17 | രണ്ടാം വാർഡ് 59-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം (റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്) | 50000 | TSB AA464241/20.02.17 |
| 21 | 786/17 | ചാത്തൻകേരി കടവ് ഐരാന്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് | 36300 | TSB JJ447138/18.02.17 |
| 22 | 787/17 | കന്നിടം കുഴി പട്ടം തറ | 21000 | TSB AA172576 |

| | | | | |
|---|---|---|---|---|
| | | റോഡ് കലുങ്ക് നിർമ്മാണം | 21000 | Bank Guarantee CSB |
| 23 | 697/17 | തുമ്പമൺ നോർത്ത് ഗവ.ഹൈ സ്കൂൾ പുതിയ ക്ലാസ്സ് റൂം | 28000<br>27900 | TSB AA172575/23.02.17<br>Bank Guarantee CSB |
| 24 | 385/17 | ചാത്തന്തറ കുറുംബൂംമൂഴി റോഡ് മെയിന്റെനന്സ് (വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്) | 31500<br>31500 | TSB AA172538/17.02.17<br>KGB Bank Guarantee |
| 25 | 829/17 | മുരുപ്പേൽത്തറ അംഗൻവാടി പുനരുദ്ധാരണം (ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്) | 65400 | TSB AA397577/30.03.17 |
| 26 | 886/17 | രക്ഷാസൈന്യപടി അമ്പാടി പടി റോഡ് പുനരുദ്ധാരണം (കുന്നന്താനം ഗ്രാമപഞ്ചായത്ത്) | 37900 | TSB JJ179668/29.03.17 |
| 27 | 689/17 | കല്ലുപാറ ഗവ.ഹൈ സ്കൂൾ ബോയ്സ്, ഗേൾസ് ടോയ്ലറ്റ്, കുടിവെള്ളം | 25000 | TSB AA464323/31.03.17 |
| 28 | 849/17 | പാറപ്പാട്ട് ഇന്ദിരാ ജംഗ്ഷൻ റോഡ്,പന്തളം തെക്കേക്കര-തുമ്പമൺ | 37100 | TSB AA397552/29.03.17 |
| 29 | 638/17 | കോന്നി ഗവ. ഹയർസെക്കൻഡറി സ്കൂളിന് കഞ്ഞിപ്പുര നിർമ്മാണം (കോന്നി ഗ്രാമപഞ്ചായത്ത്) | 33500<br>30000 | TSB AA172523/16.02.17<br>No.187838/14.02.17 |
| 30 | 385/17 | ചാത്തന്തറ കുറുംബൂംമൂഴി റോഡ് മെയിന്റെനന്സ് (വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്) | 31500<br>31500 | TSB AA172538/17.02.17<br>KGB Deposit Dtd. 27.02.17 |
| 31 | 676/17 | നാരങ്ങാനം ഹൈ സ്കൂൾ മൈന്റെനൻസ് (നാരങ്ങാനം ഗ്രാമപഞ്ചായത്ത്) | 14000 | TSB AA172977/30.03.17 |
| 32 | 475/17 | തവളപ്പാറ ബാലഭവൻ റോഡ് പുനരുദ്ധാരണം (അനികാട് ഗ്രാമപഞ്ചായത്ത്) | 23500 | TSB AA464818/01.02.17 |
| 33 | 778/17 | വയല കോളനി | 28700 | TSB JJ940496/05.04.17 |

| | | | | |
|---|---|---|---|---|
| | | കടുക്കച്ചിറ റോഡ് | 30732 | SBT Deposit |
| 34 | 531/17 | മാലക്കര നീർവിളാം റോഡ് റീടാറിംഗ് (ആറന്മുള ഗ്രാമപഞ്ചായത്ത്) | 37500<br>37500 | TSB JJ964957/04.02.17<br>KGB 454523/10.02.17 |
| 35 | 442/17 | പറയങ്കര പുന്നക്കുളഞ്ഞി റീടാറിംഗ് (മെഴുവേലി ഗ്രാമപഞ്ചായത്ത്) | 22000 | TSB JJ964980/08.02.17 |
| 36 | 685/17 | കൂടൽ ഗവ. ഹൈ സ്കൂൾ ഗേൾസ് ടോയ്ലറ്റ് (കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്) | 19600 | TSB AA212452/29.03.17 |
| | | **അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി** | | |
| 37 | 449/16 | മണ്ണിൽ - കിഴക്കേതില്പടി മുപ്രമൺ റോഡ് റീടാറിംഗ് 2-nd റീച്ച് (കൊടുമൺ ഗ്രാമപഞ്ചായത്ത് ) | 500<br>500<br>5000<br>10000<br>10000<br>10000<br>10000<br>10000<br>10000<br>10000<br>100<br>100<br>100<br>1000<br>5000<br>5000<br>80000<br>100000 | NSC-35BB305491/15.2.16<br>NSC-35BB305492/15.2.16<br>NSC-59DD-541695/15.2.16<br>NSC-33EF-090191/15.2.16<br>NSC-33EF-090192/15.2.16<br>NSC-33EF-090193/15.2.16<br>NSC-33EF-090194/15.2.16<br>NSC-33EF-090195/15.2.16<br>SC-33EF-090196/15.2.16<br>NSC-33EF-090197/15.2.16<br>NSC-AA-818692/15.2.16<br>NSC-AA-818693/15.2.16<br>NSC-AA-818694/15.2.16<br>NSC-78CC-998256/15.2.16<br>NSC-59DD-541693/15.2.16<br>NSC-59DD-541694/15.2.16<br>NSC33EF190133,34,35,36,37, 38,39,40/15.2.16<br>NSC33EF81,82,83,84,85,86,87,88,89, 90/15.2.16 |
| 38 | 388 | കാത്തോലിക്കപള്ളിപ്പടി - തട്ടതറപ്പടി - തറയിൽപടി ഐറിഷ് ഡ്രെയിൻ & റോഡ് റീടാറിംഗ് (ചെന്നീർക്കര ഗ്രാമപഞ്ചായത്ത്) | 88500 | BANK G-03/15-16/22.2.16 |
| 39 | 903 | നെല്ലിവിളപ്പടി - കുതിരമുക്ക് - കോളൂർപടി | 10600 | SIB-K549508/4.3.2016 |

| | | | | |
|---|---|---|---|---|
| | | റോഡ് മെയിൻ്റനൻസ് (ഏഴംകുളം ഗ്രാമപഞ്ചായത്ത്) | | |
| 40 | 896 | അയ്യന്മല - പഞ്ചാരമണൽ റോഡ് സംരക്ഷണ ഭിത്തി (റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്) | 5200 | DHANALEKSHMI BANK-TERM DEPOSIT-658268 |
| 41 | 416 | നെടിയകാല പടി ഗുരുമന്ദിരം പടി റോഡ് പാർശ്വഭിത്തി നിർമ്മാണം (വള്ളികോട് ഗ്രാമപഞ്ചായത്ത്) | 40000 | BG-417539/22.2.16 |
| 42 | 406 | നരിയാപുരം ജന്ഗഷൻ സെൻ്റ്പോൾസ് സ്കൂൾ റോഡ് റീ ടാറിംഗ് (വള്ളികോട് ഗ്രാമപഞ്ചായത്ത്) | 101600 | BG-776690/24.2.16 |
| 43 | 1028 | ഏനാത്ത് തോട്ടത്തിൽപ്പടി ഓണംപള്ളിൽ റോഡിലെ കലുങ്ക് ഉദ്ധാരണം (ഏഴംകുളം ഗ്രാമപഞ്ചായത്ത്) | 151000 | FB- RT NO-JO-65906/3.6.2016 |
| 44 | 465/17 | കൊട്ടിയമ്പലം തെള്ളിയൂർകാവ് റോഡ് റീടാറിംഗ് (എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്) | 11300<br>11800<br>5900 | SBT-A/Cno-67385926569/27.12.16<br>SBT-A/Cno-67385127250/27.12.16<br>SBT-A/Cno-67386850291/27.12.16 |
| 45 | 466 | പാറക്കടവ്-ഊടമാക്കൽറോഡ്-റീട്ടാറിംഗ് | 1800<br>9900<br>8800<br>11800 | SBT-67385926467/27.12.16<br>SBT-67385926853/27.12.16<br>SBT-67385177405/20.12.16<br>SBT-67385127498/19.12.16 |
| 46 | 469 | കാദേഷ് കരിങ്കുറ്റി റോഡ് മെറ്റലിംഗ് & ടാറിംഗ് (പുറമറ്റം ഗ്രാമപഞ്ചായത്ത്) | 44500 | SBT-0456101000004269/7.1.2017 |
| 47 | 624 | പള്ളിപ്പടി ചാങ്ങേലിൽ - മുളമുക്ക് റോഡ് റീടാറിംഗ് (പള്ളിക്കൽ ഗ്രാമപഞ്ചായത്ത്) | 12000 | SBT-67388539497/18.1.17 |
| 48 | 587 | പാകിസ്ഥാൻ മുക്ക് പാണ്ടിമലപ്പുറം റോഡ് | 45100 | SBT-67391656220/9.2.2017 |

| | | | | |
|---|---|---|---|---|
| | | റീടാറിംഗ് (കടമ്പനാട് ഗ്രാമപഞ്ചായത്ത്) | | |
| 49 | 679 | പെരിങ്ങനാട് ഗവ.ഹയർ സെക്കന്ററി സ്കൂൾ മിനി ആഡിറ്റോറിയം, അറ്റകുറ്റപണി | 17712<br>18288 | SBT-67390973011/3.2.17<br>SBT-67148829646/16.5,17 |
| 50 | 787 | കന്നിടം കുഴി പട്ടം തറ റോഡ് കലുങ്ക് നിർമ്മാണം | 59500 | BANK G-BE-092712/18.2.17 |
| 51 | 780 | പുലിമട ചാമക്കാല റോഡ് | 110000 | INDIAN BANK RT-0783660 |
| 52 | 686 | കൈപ്പട്ടൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഓടിട്ട കെട്ടിടം അറ്റകുറ്റപണി (വള്ളികോട് ഗ്രാമപഞ്ചായത്ത്) | 6100 | SBT-67391916597/13.2.17 |

മേൽ സെക്യൂരിറ്റികൾ കരാറുകാർക്ക് മടക്കി നൽകാതിരുന്നതിന്റെ കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/17.01.2023) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(എൽ.ഐ.ഡി ആൻഡ് ഇ.ഡബ്ളിയു.)മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലേലം -തുടർ നടപടികൾ സയബന്ധിതമായി നടപ്പിലാക്കിയില്ല.

ചുവടെ ചേർത്തിട്ടുള്ള ഇനങ്ങൾ ലേലം ചെയ്യുന്നതിന് ജനറൽ കമ്മറ്റി തീരുമാനമെടുത്തിട്ടുള്ളതായി മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | കമ്മററി തീയതി | തീരുമാന നം. | തീരുമാനം | നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 31.5.21 | 4(5)2 | ഗവ. എച്ച്.എസ്.എസ്. തുമ്പമൺ നോർത്ത് സ്കൂൾ ചുറ്റുവളപ്പിനുള്ളിൽ നിൽക്കുന്ന പാഴ്മര ലേലം | എച്ച്.എം. |
| 2 | 31.5.21 | 4(5)4 | ചിറ്റാർ ഗവ.ഹൈസ്കൂൾ വക പുരയിടത്തിലെ ഫലവൃക്ഷ മേലാദായത്തിന്റെ ലേലം | എച്ച്.എം. |
| 3 | 26.7.21 | 7(2) | മലയാലപ്പുഴ J.M.P.H.S. സ്കൂൾ കോമ്പൗണ്ടിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നും കായ്ഫല മെടുക്കുന്നതിനുള്ള കുത്തകപ്പാട്ട ലേലം | എച്ച്.എം. |
| 4 | 26.7.21 | 7(2) | അടൂർ സ്റ്റേറ്റ് സീഡ് ഫാം കോമ്പൗണ്ടിൽ അപകടകരമായി | എച്ച്.എം. |

| | | | | |
|---|---|---|---|---|
| | | | നിൽക്കുന്ന 2 ആഞ്ഞിലി മരങ്ങളുടെ ലേലം | |
| 5 | 16.8.21 | 7(1) | അടൂർ ഗവ.ബോയ്സ് ഹൈസ്കൂൾ വളപ്പിലെ ഫലവൃ ക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള കുത്തകപ്പാട്ട ലേലം | എച്ച്.എം. |
| 6 | 16.8.21 | 7(4) | കുളനട H.S.S-ന് സമീപം നിൽക്കുന്ന വൃക്ഷശിഖരങ്ങൾ . മുറിച്ചു മാറ്റി ലേലം ചെയ്യൽ | എച്ച്.എം. |
| 7 | 16.8.21 | 7(8) | അടൂർ വടക്കേടത്ത് കാവ് ഗവ. V.H.S.S-ന് സമീപം അപകടകരമായി നിൽക്കുന്ന വൃക്ഷം മുറിച്ച് മാറ്റുന്നതിനുള്ള ലേലം | എച്ച്.എം. |
| 8 | 16.8.21 | 9(3) | Ex.Eng.ഓഫീസ് നിർമ്മാണ സ്ഥലത്തു നിൽക്കുന്ന തേക്കമര ലേലം (പ്രോജ -നം. 433/2) | സെക്രട്ടറി |
| 9 | 22.10.21 | 14 | കട്ടച്ചിറ ഗവ. ട്രൈബൽ ഹൈസ്കൂൾ വളപ്പിൽ നിൽക്കുന്ന വാകമര ലേലം | സെക്രട്ടറി |
| 10 | 22.10.21 | 6(3)4 | അടൂർ സ്റ്റേറ്റ് സീസ് ഫാം വളപ്പിൽ നിൽക്കുന്ന ആഞ്ഞിലിമരങ്ങളുടെ ലേലം | സ്റ്റേറ്റ് സീഡ് ഫാം സീനിയർ കൃഷി ആഫീസർഅടൂർ |
| 11 | 29.10.21 | 6 | ചിറ്റാർ ഗവ എച്ച്.എസ്. ഓഡിറ്റോറിയ നിർമ്മാണ സ്ഥലത്തെ വൃക്ഷങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യുന്നത് | പ്രിൻസിപ്പാൾ |
| 12 | 29.10.21 | 6 | കലഞ്ഞൂർ H.S.S. വളപ്പിലെ ഉപയോഗശൂന്യമായ ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ലേലം | പ്രിൻസിപ്പാൾ |
| 13 | 28.2.22 | 4(2) | പുല്ലാട് വിത്തുൽ പാദനകേന്ദ്ര വളപ്പിലെ പാഴ് മരങ്ങളുടെ ലേലം | സ്റ്റേറ്റ് സീഡ് ഫാം സീനിയർ കൃഷി ആഫീസർ, പുല്ലാട് |
| 14 | 28.2.22 | 4(2) | കോയിപ്രം ഗവ. H.S.S വളപ്പിലെ പാഴ് മരങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യുന്നത്. | പ്രിൻസിപ്പൽ |

പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും, കൂടാതെ അയിരൂർ ആയുർവേദ ആശുപത്രി വളപ്പിൽ കടപുഴകി വീണ, ഉദ്ദേശം അമ്പതിനായിരത്തിൽപ്പരം രൂപ വിലമതിക്കുന്ന പ്ലാവ് മരം ഫോറസ്റ്റ് വകുപ്പിൽനിന്നും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങി ലേലം ചെയ്തു് കൈയ്യൊഴിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.54, തീയതി 25.01.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നടപടികൾക്കായി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 പ്രവൃത്തികൾ ചെയ്തില്ല – നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

പത്താം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി നടത്താതിരുന്ന ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും നൽകിയ തുക നാളിതുവരെ തിരികെ പിടിച്ചിട്ടില്ല. റിക്കവറി നടപടികളിലൂടെ അഡ്വാൻസുകൾ തിരികെ ഈടാക്കാത്തതിനാൽ 564626 രൂപയുടെ നഷ്ടം ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം: S269/ 04
കൺവീനർ : ഷിബു സാം തോമസ്
കൈപ്പറ്റിയ തുക :68220
തിരിച്ചടയ്ക്കാനുള്ള തുക : 68220

2)പ്രോജക്ട് നം: S271/ 04
കൺവീനർ : കെ.വി. വാസുദേവൻ
കൈപ്പറ്റിയ തുക :66687
തിരിച്ചടയ്ക്കാനുള്ള തുക : 28170

3)പ്രോജക്ട് നം: 484/ 01-02
കൺവീനർ : സജീവ്. കെ ഭാസ്കർ
കൈപ്പറ്റിയ തുക : 75000
തിരിച്ചടയ്ക്കാനുള്ള തുക : 30119

4)പ്രോജക്ട് നം: S650/ 03
കൺവീനർ : ഒ ജെ. രാജൻ
കൈപ്പറ്റിയ തുക :49760
തിരിച്ചടയ്ക്കാനുള്ള തുക : 22816

5)പ്രോജക്ട് നം: S663/ 03
കൺവീനർ : ശിവരാജൻ
കൈപ്പറ്റിയ തുക :45478
തിരിച്ചടയ്ക്കാനുള്ള തുക : 45478

6)പ്രോജക്ട് നം: S670/ 03
കൺവീനർ : കെ.കെ ഭാസ്കരൻ
കൈപ്പറ്റിയ തുക :49760
തിരിച്ചടയ്ക്കാനുള്ള തുക : 12499

7)പ്രോജക്ട് നം: S263/ 05
കൺവീനർ : E T. ജയകുമാർ
കൈപ്പറ്റിയ തുക : 69240
തിരിച്ചടയ്ക്കാനുള്ള തുക : 69240

8)പ്രോജക്ട് നം: S244/ 05
കൺവീനർ : പി തങ്കപ്പൻ
കൈപ്പറ്റിയ തുക : 69240
തിരിച്ചടയ്ക്കാനുള്ള തുക : 69240

9)പ്രോജക്ട് നം: ലഭ്യമല്ല
കൺവീനർ : N.G. സദാനന്ദൻ ,
കൈപ്പറ്റിയ തുക :425487
തിരിച്ചടയ്ക്കാനുള്ള തുക : 218844

പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക തിരിച്ച് പിടിക്കാതിരുന്നത് സംബന്ധിച്ച് 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട് (ഖണ്ഡിക 3.9.8 (ബി), 3.9.8 (സി)). ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിലേക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് എഗ്രിമെന്റിൽ പറഞ്ഞ തീയതിക്കുള്ളിൽ പണികൾ പൂർത്തിയാക്കാതെ മുടക്കം വരുത്തിയിട്ടുള്ള ഗുണഭോക്തൃസമിതി കൺവീനർമാർക്കെതിരെ സമയബന്ധിതമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. മുൻകൂർ തുക 18 ശതമാനം പലിശ സഹിതം തിരിച്ച് പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15 റിട്ടെൻഷൻ തുക തിരികെ നൽകിയപ്പോൾ ജി എസ് .ടി ഈടാക്കിയില്ല.

മേമന പട്ടികജാതി കോളനി മണ്ണ് സംരക്ഷണ പദ്ധതിയുടെ പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയ റിട്ടെൻഷൻ തുക തിരികെ കരാറുകാരന് നൽകിയപ്പോൾ ജി.എസ്.ടി ഈടാക്കിയിട്ടില്ല.

പദ്ധതി നം : 895 /20 - 21

പാർട്ട് ബിൽ : . No : 1576 / 28-3-21

ബിൽ തുക : 758708/-

റിട്ടെൻഷൻ തുക : 33870/-

ടി റിട്ടൻഷൻ തുക ജില്ലാ പഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ സബ് ട്രഷറി അക്കൗണ്ടിലേക്ക് അനുവദിച്ചു. തുടർന്ന് ഈ തുക കരാറുകാരന്റെ അക്കൗണ്ട് നം: 0377053000012314 ലേക്ക് 15-12- 21 ൽ ട്രാൻസ്ഫർ ചെയ്തു. പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ Order No: PSC (2) 491 / 2021 തീയതി : 13-12-21 പ്രകാരമാണ് റിട്ടെൻഷൻ അനുവദിച്ചിട്ടുള്ളത്. സ.ഉ.(അച്ചടി) നം.87/2017 തസ്വഭവ/1-11-2017 പ്രകാരം മരാമത്ത് പ്രവർത്തികളുടെ റിട്ടൻഷൻ തുക തിരികെ നൽകുന്ന സാഹചര്യത്തിൽ GST ഈടാക്കേണ്ടതാണ്. റിട്ടൺഷൻ 33870/- രൂപ തിരികെ നൽകിയപ്പോൾ GST 2710/- രൂപ ഈടാക്കിയിട്ടില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 ഫൈനൽ ബിൽ തയ്യാറാക്കി ഒരു വർഷത്തിനുശേഷം അധിക ഇനങ്ങൾ കൂട്ടിച്ചേർത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് ക്രമവിരുദ്ധം

ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത കവിയൂർ ഗ്രാമപഞ്ചായത്തിലെ തിരുവാനപുരം കാണിക്കമണ്ഡപം - തൃക്കവിയൂർ മഹാദേവ ക്ഷേത്രം കാട്ടാമുറ്റത്ത്പടി റോഡ് എന്ന പ്രവൃത്തി 20.01.2018-ൽ ആരംഭിച്ച് 30.03.2019-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ 05.04.2019-ൽ തയ്യാറാക്കിയിട്ടുള്ളതും, അസി.എക്സി.എഞ്ചിനീയർ ആയത് പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ, പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കിയതിനുശേഷം അംഗീകൃത എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് കരാറുകാരൻ നടത്തിയ എക്സ്ട്രാ ഇനം പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരിച്ച് കരാറുകാരന് പ്രതിഫലം നൽകി. പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തിനു ശേഷമാണ് എഗ്രിമെന്റ് ഇനങ്ങളിലും, അളവുകളിലുമുണ്ടായിട്ടുള്ള വ്യതിചലനം ക്രമീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയത്. ഇത് പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങൾക്കും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെയും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ പ്രവൃത്തിക്ക് ക്രമവിരുദ്ധമായി അധികം ചെലവഴിച്ച 181115 രൂപ പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-17 ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് 2.10 ലക്ഷം രൂപ പ്രതിഫലം നൽകി

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 1445/20 പ്രകാരം കടമ്പനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5-ൽ കല്ലേലിപ്പടി - പാണ്ടിമലപ്പുറം റോഡ് കോൺക്രീറ്റിംഗ്,

സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കി. 250 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനും, 250 മീറ്റർ നീളത്തിലും 1.85 മീറ്റർ ഉയരത്തിലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി 18.03.2020-ൽ ആരംഭിച്ച് 03.04.2021-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 2142343 രൂപയുടെ പ്രവൃത്തി നടത്തി. പ്രവൃത്തിയുടെ ഫൈനൽ ബിൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന രണ്ട് എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 883.663 ഘനമീറ്റർ മണ്ണ് ഫില്ലിംഗ് നടത്തിയത് 678.531 ഘനമീറ്ററിൽ നിജപ്പെടുത്തി 260.65/ഘ.മീ. നിരക്കിൽ 176859 രൂപയും, 44.80 ഘനമീറ്റർ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് 745.66/ഘ.മീ. നിരക്കിൽ 33405.57 രൂപയും കരാറുകാരന് അനുവദിച്ചു. ടി എക്സ്ട്രാ ഇനങ്ങളുടെ അളവുകൾ യഥാക്രമം 20.01.2021-ലും, 05.02.2021-ലുമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ അവസാന അളവുകൾ 03.04.2021-ൽ രേഖപ്പെടുത്തുകയും, 05.05.2021-ൽ എം.ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കി അവസാന അളവും രേഖപ്പെടുത്തി ഒന്നര മാസത്തിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് ഉചിതമല്ല. പ്രത്യേകിച്ചും Visible അല്ലാത്ത ഇനങ്ങൾ/അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഇവയ്ക്ക് എന്ത് കാരണത്താലും പ്രവൃത്തി ചെയ്ത ശേഷം അനുമതി നൽകാൻ പാടില്ലെന്ന് ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രസ്തുത പ്രവൃത്തിയുടെ ഭൗതിക പരിശോധ നടത്തിയതിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനമായ മണ്ണ് നിറയ്ക്കൽ പ്രവൃത്തി എം. ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ നടത്തിയിട്ടില്ലെന്ന് വ്യക്തമായി. സൈറ്റിൽ ലഭ്യമായ മണ്ണ് മാത്രമാണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുള്ളതെന്നും പുറത്തുനിന്ന് മണ്ണ്കൊണ്ട് വന്ന് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ലെന്നും, ക്വാറി മക്ക് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്നും ഭൗതിക പരിശോധനയിൽ വ്യക്തമായി. ഈ സാഹചര്യത്തിൽ ഒറിജനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധികമായി ചെയ്ത പ്രവൃത്തികൾക്ക് ചെലവഴിച്ച 176859+33405.57=210265 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണച്ചുമതല വഹിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കണം. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3-2)

## 1-18 തട്ടയ്ക്കാട്ട് ഏലാ കാപ്പിൽ റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - തകർന്ന നിലയിൽ

കരാറുകാരൻ - ശ്രീ കൃഷ്ണകുമാർ കെ.ആർ., ബീനാ ഭവനം, പഴകുളം

അടങ്കൽ - ₹2000000

എഗ്രിമെന്റ് നം. - 258/18-19/EE/LSGD/PTA, Dtd. 22.01.2019

ചെലവ് - ₹ 1661719

ഫൈനൽ ബിൽ തുക - ₹ 1329372

ചെലവിന്റെ വിവരം - 253/18.04.2020

ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 321/19 പ്രകാരം കടമ്പനാട് പഞ്ചായത്തിലെ തട്ടയ്ക്കാട്ട് ഏലാ കാപ്പിൽ റോഡ് പുനരുദ്ധാരണം എന്ന് പ്രവൃത്തിക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 2000000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചു. തട്ടയ്ക്കാട്ട് ഏലായിൽ തോടിന്റെ ഇരു വശങ്ങളും 250 മീറ്റർ നീളത്തിൽ കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണ് നിറച്ച് റോഡ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയത്. ഈ പ്രവൃത്തി 22.01.2019-ൽ എഗ്രിമെന്റ് വെച്ച് (നം.258/18-19/EE/LSGD/PTA, Dtd. 22.01.2019) ശ്രീ കൃഷ്ണകുമാർ കെ.ആർ., ബീനാ ഭവനം, പഴകുളം എന്ന കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു. 02.03.2020-ൽ

പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 1661719 രൂപയാണ്. പ്രവൃത്തി മൂല്യത്തിൽനിന്നും നികുതികളും ക്ഷേമ നിധി വിഹിതവും കുറവ് ചെയ്തത് കൂടാതെ ഫൈനൽ ബില്ലിന്റെ 16% തുക (265875 രൂ) പിടിച്ച് വെച്ച് 1329372 രൂപ 17.04.2020-ൽ കരാറുകാരന് പ്രതിഫലമായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതു പ്രകാരം കണ്ട ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) റോഡ് നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച പരാതി പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു

ഈ നിർമ്മാണ പ്രവൃത്തിയുടെ അഴിമതി സംബന്ധിച്ച് തദ്ദേശ വാസിയായ ശ്രീ റെജി മാമ്മൻ, മുകളുംപുറത്ത് എബനേസർ വില്ല, കടമ്പനാട് എന്ന വ്യക്തി രേഖാ മൂലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് പരാതി സമർപ്പിച്ചിട്ടുള്ളതാണ്. 250 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുന്നതിനാണ് കരാർ നൽകിയിരുന്നതെങ്കിലും ഈ റോഡിന്റെ 200 മീറ്റർ പോലും നിർമ്മിച്ചതായി കാണുന്നില്ലെന്നും, റോഡ് നിർമ്മാണത്തിന്റെ തുടക്കത്തിൽതന്നെ റോഡിന്റെ കുറച്ച് ഭാഗം തകർന്നു പോയതായും പിന്നീട് അത് അറ്റകുറ്റപ്പണികൾ നടത്തിയതായും, എന്നാൽ പണി പൂർത്തിയായി മൂന്നാഴ്ച്ചക്ക് ശേഷം റോഡിന്റെ വലിയൊരുഭാഗം തകർന്ന് റോഡ് സഞ്ചാര യോഗ്യമല്ലാതായതായും പരാതിയിൽ പറയുന്നു. കരാറിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഒരു പണിയും ഈ റോഡിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നും പരാതിയിലുണ്ട്. റോഡിന്റെ നിർമ്മാണത്തിലെ അപാകതകൾ പരിശോധിച്ച് ഇതിന് ഉത്തരവാദികളായവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നാണ് പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്

മേൽപ്പറഞ്ഞത് കൂടാതെ ടി റോഡ് സ്ഥിതി ചെയ്യുന്ന വാർഡിനെ പ്രതിനിധീകരിക്കുന്ന പഞ്ചായത്ത് മെമ്പർ ശ്രീ രഞ്ജിത് ബി. (വാർഡ് 17, കല്ലുകുഴി) എന്നയാളും ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് അധികാരികൾക്ക് രേഖാമൂലം പരാതി നൽകിയിട്ടുള്ളതായും, പരാതി ജില്ലാപഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്ത് ടി പ്രവൃത്തി സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതായും 27.07.2020-ലെ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവരുടെ പരാതികളിന്മേൽ കൃത്യമായ അന്വേഷണം നടത്തുകയോ, തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതെ പ്രവൃത്തി സംബന്ധിച്ച പരാതികളുടെ ഫയൽ പഞ്ചായത്ത് തീർപ്പാക്കുകയാണുണ്ടായത്.

റോഡ് നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് 03.09.2020, 03.02.2021, 08.03.2021, 08.06.2021 എന്നീ തീയതികളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ആവർത്തിച്ച് ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടും മറുപടി നൽകാത്തതിനെ തുടർന്ന് റിപ്പോർട്ട് ഒരാഴ്ച്ചക്കകം നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 26.02.2022-ൽ സെക്രട്ടറി എക്സി.എഞ്ചിനീയർക്ക് അർദ്ധ ഔദ്യോഗിക കത്ത് നല്കിയതിനെ തുടർന്ന് 03.03.2022-ലാണ് എക്സി.എഞ്ചിനീയർ സെക്രട്ടറിയ്ക്ക് ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്. 30.07.2021-ൽ പ്രവൃത്തി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളതായി പ്രസ്തുത കത്തിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ കത്തിൽ സൂചിപ്പിച്ച 30.07.2021-ലെ അന്വേഷണ റിപ്പോർട്ട് സെക്രട്ടറിയ്ക്ക് ലഭിച്ചിട്ടില്ലെന്നാണ് 26.02.2022-ലെ ഡി.ഒ. ലെറ്ററിൽനിന്നും വ്യക്തമാകുന്നത്.

30.07.2021-ലെ അന്വേഷണ റിപ്പോർട്ടിൽ തട്ടയ്ക്കാട്ട് ഏലായിൽ തോടിന്റെ വശത്ത് കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ച് മണ്ണ് നിറച്ച് റോഡ് രൂപീകരണത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്നും, നിർമ്മാണത്തിനുശേഷം സംരക്ഷണഭിത്തി 5 മീറ്റർ നീളത്തിൽ ഇടിഞ്ഞു താഴ്ന്നിട്ടുണ്ടെന്നും വ്യക്തമായതായി പറയുന്നു. എന്നാൽ പരാതി നിലനിന്നിരുന്ന സാഹചര്യത്തിൽ പ്രവർത്തിയുടെ ബിൽ തുകയിൽനിന്നും 16% സെക്യൂരിറ്റി റിടെൻഷനായി കുറവ് ചെയ്ത് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് കൊള്ളിച്ചിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ചതിനുശേഷം മാത്രമേ ബാക്കി തുകയായ സെക്യൂരിറ്റി റിടെൻഷൻ അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയുള്ളുവെന്നും, കോവിഡ് സംബന്ധമായ നിയന്ത്രണങ്ങൾ ഉള്ളതിനാൽ കരിങ്കൽ ചുമരിന്റെ കേടുപാടുകൾ പരിഹരിക്കുന്ന പണികൾ ഇപ്പോൾ മാത്രമാണ് പൂർത്തിയായതെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അറിയിച്ചിട്ടുള്ളതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഇനിയും ഒരു റീച്ച് കൂടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാലെ റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാൻ കഴിയുകയുള്ളൂവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

മേൽ വിശദീകരിച്ച പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ടിൽ പ്രവൃത്തിയുടെ വൈകല്യ ബാധ്യതാ കാലയളവിൽ ഉണ്ടായിട്ടുള്ള അറ്റകുറ്റങ്ങൾ കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ പരിഹരിച്ചിട്ടില്ലെന്നും, നിലവിൽ റോഡ് ഗതാഗത യോഗ്യമല്ലെന്നും വ്യക്തമായിരിക്കുകയാണ്. പ്രവൃത്തിയുടെ കരാർ വ്യവസ്ഥ പ്രകാരം പണിയുടെ Defect Liability Period ആയ 2 വർഷത്തിനുള്ളിൽ ഉണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്. പണി പൂർത്തിയാക്കി മൂന്നാഴ്ചയ്ക്ക് ശേഷം സംരക്ഷണഭിത്തിയിൽ നല്ലൊരു ഭാഗം തകർന്നത് ഗുണനിലവാരം കുറഞ്ഞ നിർമ്മാണം കാരണമാണെന്ന് വ്യക്തമാണ്. 02.03.2020-ൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് മാറിയ പ്രവൃത്തിയിലെ അപാകതകൾ 30.07.2021 ലും കരാറുകാരൻ പരിഹരിച്ചിട്ടില്ലെന്ന് വ്യക്തമായ സാഹചര്യത്തിൽ പ്രസ്തുത റോഡ് പണിയിലെ അപാകതകൾ മറ്റൊരു ഏജൻസിയെ നിയോഗിച്ച് പരിഹരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന ചെലവ് ടി പണിയുടെ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് കരാറുകാരനായ ശ്രീ കൃഷ്ണകുമാറിൽനിന്നും ഈടാക്കുന്നതിനും ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും 16% തുക (265875 രൂ.) സെക്യൂരിറ്റി റിട്ടെൻഷനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റി സൂക്ഷിച്ചതിനുശേഷം ബാക്കി തുകയാണ് കരാറുകാരന് അനുവദിച്ചിരുന്നത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഫയൽ വിശദമായി പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതിനാലാണ് ഇപ്രകാരം സെക്യൂരിട്ടി റിട്ടെൻഷൻ പിടിച്ചുവെച്ചതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരുന്നത്. പ്രസ്തുത റീടെൻഷൻ തുക തിരികെ നൽകുന്നതിനുള്ള ഓഡിറ്റ് നോട്ട് സെക്ഷൻ ക്ലാർക്ക് 19.05.2020- ൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഓഡിറ്റ് നോട്ട് എക്സി.എഞ്ചിനീയർ 10.09.2020-ൽ അംഗീകരിച്ചിട്ടുള്ളതായി കാണുന്നു. വൈകി പ്രവൃത്തി പൂർത്തീകരിച്ചതിന് 1% പിഴ ഈടാക്കി ബാക്കി തുക നൽകുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ തുക കരാറുകാരന് നൽകിയത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി സംബന്ധിച്ച പരാതി പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന സാഹചര്യത്തിൽ സെക്യൂരിറ്റി റിടെൻഷൻ കരാറുകാരന് തിരികെ നൽകാവുന്നതല്ല. തുക മടക്കി നൽകിയിട്ടുണ്ടോയെന്ന് വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

<u>(2) സെക്യൂരിറ്റി തുക ഈടാക്കാതെ കരാർ വെച്ചത്</u>

ഈ പ്രവൃത്തി 0.02% കുറഞ്ഞ നിരക്കിലാണ് ശ്രീ കൃഷ്ണകുമാർ കരാറെടുത്തിരുന്നത്. 5% പെർഫോർമൻസ് ഗ്യാരന്റി (PG) ആയി 100000 രൂപയുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരന്റി കരാറുകാരൻ ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും 5% തുക പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കിയിട്ടുള്ളതായി കണ്ടില്ല. കരാറുകാരനിൽനിന്നും ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

(3) <u>പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സുപ്രധാന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>

ഈ പ്രവൃത്തിയുടെ ഭാഗം 1-ൽ ഇനം 7 പ്രകാരം 970.572 ഘന മീറ്റർ മണ്ണ് ഫില്ലിംഗ് (ഉദ്ദേശം 194 ലോഡ് മണ്ണ് - ഒരു ലോഡ് = $5m^3$) നടത്തി റോഡ് ഫോം ചെയ്യുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. മണ്ണിന്റെ ആകെ അളവിൽ സൈറ്റിൽനിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവും, 10% കൺസോളിഡേഷനും കുറവ് ചെയ്ത് 749.36 ഘന മീറ്റിർ ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് 262276രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ ലവൽ ഫീൽഡ് ബുക്ക്, ഇനിഷ്യ ലവൽസ് എടുത്ത് അംഗീകരിച്ചത്, CTE-യ്ക്ക് റിപ്പോർട്ട് അയച്ചതിന്റെ തെളിവ്, ഇനിഷ്യൽ ലവൽസും, ഫൈനൽ ലവൽസും എടുത്ത് അംഗീകരിച്ചത്, അളവുകളുടെ കാൽക്കുലേഷൻ ഷീറ്റ് തുടങ്ങിയ യാതൊരു രേഖകളും ഫയലിൽ

ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനം പ്രവൃത്തിയുടെ അളവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

(4) <u>പുതിയ റോഡ് നിർമ്മാണത്തിന് റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമവിരുദ്ധം</u>

ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്ന് തുക വകയിരുത്തിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. രണ്ട് വശവും സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണ് നിറച്ച് ഒരു പുതിയ റോഡ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട നിലവിലുള്ള റോഡുകളുടെ പരിപാലനത്തിനല്ലാതെ, പുതിയ റോഡിന്റെ നിർമ്മാണത്തിന് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധമാണ്.

ഇതിനെ തുടർന്ന് ഓഡിറ്റ് ടീം കടമ്പനാട് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ച് ഭൗതിക പരിശോധന നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ പരാതിക്കാർ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ വസ്തുനിഷ്ഠമാണെന്ന് ബോധ്യപ്പെട്ടു. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള കരിങ്കൽ ഭിത്തികൾ (DR Masonry) ഏത് നിമിഷവും തകർന്ന് വീഴാവുന്ന സ്ഥിതിയിലാണന്ന് കണ്ടു. ഭൗതിക പരിശോധനാ വേളയിൽ സന്നിഹിതരായിരുന്ന റോഡിന്റെ ഗുണഭോക്താക്കളായ സമീപ വാസികൾ വ്യക്തമാക്കിയ മറ്റൊരു പ്രധാന കാര്യം ഈ റോഡിന്റെ ഇടത് വശത്തുള്ള കൽകെട്ട് പൂർണ്ണമായും മുമ്പ് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിരുന്ന സംരക്ഷണ ഭിത്തി പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച കരിങ്കൽ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്നാണ്. എന്നാൽ ഇക്കാര്യം പ്രവൃത്തിയുടെ എസ്റ്റിമേറ്റിലോ, എം.ബുക്കിലോ വ്യക്തമാക്കിയിരുന്നില്ല. സൈറ്റിൽ തന്നെ ലഭ്യമായ കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്തിയ വകയിൽ കരാറുകാരന് ഗണ്യമായ സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിൽ മണ്ണ് ഫില്ലിംഗ് (749.36 ഘ.മീ.) യഥാർത്ഥത്തിൽ നടത്തിയിട്ടില്ലെന്നാണ് പ്രാഥമീക പരിശോധനയിൽ കണ്ടത്. കരിങ്കൽ ഭിത്തിയുടെ ബാക്ക് ഫില്ലിംഗ് പോലും ശരിയായ രീതിയിൽ നടത്തിയിട്ടില്ല. ഭൗതിക പരിശോധനാവേളയിൽ സന്നിഹിതരമായിരുന്ന സ്ഥലവാസികളും, പ്രവൃത്തി നടന്ന സ്ഥലത്തെ മുൻ പഞ്ചായത്ത് അംഗവും ഇക്കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുകയുണ്ടായി.

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ അടിമുടി ക്രമക്കേടും, അഴിമതിയും ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു. നിർമ്മാണത്തിലുണ്ടായിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിന് ജില്ലാപഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-19 കുന്നന്താനം പാലയ്ക്കാത്തകിടി സ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ.</u>

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുന്നന്താനം, പാലയ്ക്കാത്തകിടി സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായെന്ന് പരിശോധനയിൽ വ്യക്തമായി. ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചതുവഴി **₹344346** രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടായി. വിശദാംശം ഭാഗം IIIൽ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## <u>1-20 അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയ ഇനത്തിൽ 450182 രൂപ നിരാകരിക്കുന്നു</u>

നിരണം ഗ്രാമപഞ്ചായത്തിലെ മുണ്ടനാരി കൊറ്റംകുഴി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ കരാറുകാരൻ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തിന് ശേഷം സമർപ്പിക്കപ്പെട്ട റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയതും, അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനം ക്രമീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയതും ക്രമപ്രകാരമല്ല. പി.ഡബ്ല്യു.ഡി. മാന്വലും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും, ഉത്തരവുകളും ഇപ്രകാരം പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിനും, എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനം സാധൂകരിക്കുന്നതിനും അനുവദിക്കുന്നില്ല.

ഈ സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് ചെലവഴിച്ച 450182 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ ഖണ്ഡിക 3-4 ആയി ചേർത്തിട്ടുള്ളത് കാണുക

## 1-21 ജില്ലാ ആയുർവേദ ആശുപത്രി പെയിന്റിംഗ് നടത്തിയതിൽ ഗുരുതരമായ അപാകതകൾ.

ജില്ലാ ആയുർവേദ ആശുപത്രി പെയിന്റിംഗ് നടത്തിയ പ്രവൃത്തിയിൽ അപാകതകളുണ്ടായി. വിശദാംശം ഭാഗം IIIൽ ഖണ്ഡിക 3-5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 എഴുമറ്റൂർ GHSS ൽ ടൈൽ ഇട്ടതിൽ അപാകതകൾ

എഴുമറ്റൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരമുള്ള പ്രവൃത്തിയിൽ റെക്റ്റിഫൈഡ് ഗ്ളേസ്ഡ് സെറാമിക് ടൈൽസിനു (DSR Code 11.39) പകരം സാധാരണ നിലവാരത്തിലുള്ള സെറാമിക് ഗ്ളേസ്ഡ് ടൈൽസ് (DSR Code 11.37) ഉപയോഗിച്ചതുമൂലം അധികച്ചെലവുണ്ടായി. വിശദാംശം ഭാഗം III ഖണ്ഡിക 3-6 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 കുന്നിട വൃദ്ധസദനം ഉപയോഗയോഗ്യമാക്കൽ - പാതി വഴിയിൽ ഉപേക്ഷിച്ച പ്രോജക്ടിലെ ധനവിനിയോഗം വൃഥാവിലായി

11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലാപഞ്ചായത്ത് ഫണ്ടിൽനിന്നും 25 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് നിർമ്മിച്ച ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കുന്നിട വൃദ്ധസദനം പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഉപയോഗപ്പെടുത്താതെ പതിറ്റാണ്ടുകളായി ഒരു നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. ഈ കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്പെടുത്തുന്നതിന് 2017-18-ലെ വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗം വികസന ഫണ്ടിൽനിന്നും 1550000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചു. ദീർഘകാലമായി സംരക്ഷണമില്ലാതെ കിടന്ന കെട്ടിടത്തിന്റെ ജനൽ പാളികളും, കതകുകളും, ഇലക്ട്രിക്കൽ ഫിറ്റിംഗുകളും, സാമൂഹ്യ വിരുദ്ധർ നശിപ്പിച്ച സ്ഥിതിയിലായിരുന്നു. അതു പോലെതന്നെ കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിന് അലൂമിനിയം ഷീറ്റും, ജി.ഐ. പൈപ്പ് ട്രസ്സും ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനും, ഒരു കുഴൽകിണർ നിർമ്മിക്കുന്നതിനുമായിരുന്നു പ്രധാനമായും പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നത്.

ടി പ്രവൃത്തി 2017-18-ൽ ടെണ്ടറും, റീടെണ്ടറും ക്ഷണിച്ചിട്ടും ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 2019-20വർഷം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ രാജു തോമസ് എന്ന കരാറുകാരൻ 10.02.2020-ൽ എഗ്രിമെന്റ് വെച്ച് (നം.211/19-20/AEE/LSGD/PTA) പ്രവൃത്തി ഏറ്റെടുത്തു. എഗ്രിമെന്റ് പ്രകാരം 31.03.2020-നകം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 11.02.2020-ൽ ആരംഭിച്ച പ്രവൃത്തി കരാറുകാരൻ ഭാഗികമായി പൂർത്തിയാക്കി 06.04.2020-ൽ പാർട്ട് ബിൽ സമർപ്പിച്ചു. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 1210213 രൂപയുടെ പ്രവൃത്തി നടത്തി. നികുതികളും, 2.5% റീടെൻഷനും കുറവ് ചെയ്ത് (70238) കരാറുകാരന് 1139975 രൂപ പ്രതിഫലം നൽകി (18.04.20-ൽ).

പാർട്ട് ബിൽ കൈപ്പറ്റിയശേഷം കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടില്ല. എസ്റ്റിമേറ്റിലെ പല

ഇനങ്ങളും ഭാഗീകമായി മാത്രമാണ് കരാറുകാരൻ നടത്തിയിട്ടുള്ളത്. ഉദാഹരണമായി എസ്റ്റിമേറ്റിലെ ഇനം 26പ്രകാരം 240 ച.അടി സീലിംഗ് (False Ceiling With PVC Plain Pannel Board) പ്രവൃത്തി നടത്തേണ്ട സ്ഥാനത്ത് 142.515 ച.അടി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. സീലിംഗ് പ്രവൃത്തി നടത്തുന്നതിനു ശേഖരിച്ച മെറ്റീരിയത്സ് സൈറ്റിൽ ഉപേക്ഷിച്ച നിലയിലാണ്.

കരാറുകാരൻ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച കാരണം കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഉപയോഗ ക്ഷമമാക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കോൺട്രാക്ടർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു നടപടികളും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി. എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കോൺട്രാക്ടർക്ക് ഒരു നോട്ടീസ് പോലും നാളിതുവരെ പഞ്ചായത്തിൽനിന്നും നൽകിയിട്ടില്ല. കരാർ റദ്ദ് ചെയ്ത് മറ്റൊരു ഏജൻസി മുഖാന്തിരം പ്രവൃത്തി പൂർത്തിയാക്കുന്നതിനും, ഈ ഇനത്തിൽ ജില്ലാപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം കരാറുകാരനിൽനിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കാതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്.

ദീർഘവീക്ഷണമില്ലാതെയാണ് വൃദ്ധസദനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. കുന്നിടയിൽ ജില്ലാ പഞ്ചായത്തിന് ദാനം ലഭിച്ച സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിത്. ഉദ്ദേശ്യം 30 ലക്ഷം രൂപയാണ് പദ്ധതിയ്ക്ക് ചെലവഴിച്ചത്. ഇത് കൂടാതെ 25 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് ഇവിടേയ്ക്ക് പഞ്ചായത്ത് കോൺക്രീറ്റ് റോഡും നിർമ്മിച്ചു. പട്ടികജാതി ഫണ്ടിൽനിന്നുമാണ് ഇത്രയും തുക ചെലവഴിച്ചത്. വൃദ്ധ ജനങ്ങൾക്ക് നടന്ന് കയറാൻ കഴിയാത്ത അത്ര കുത്തനേയുള്ള മലഞ്ചെരിവിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടം നോക്കി നടത്താനും, പരിപാലിക്കാനും ആരെയും ചുമതല ഏൽപ്പിച്ചിട്ടില്ല. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും അടഞ്ഞതിനാൽ, ഈ ആസ്തി ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള ശ്രമം ജില്ലാ പഞ്ചായത്ത് നടത്തിയിരുന്നു. എന്നാൽ ഈ ആസ്തി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറായിരുന്നില്ല. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടു കിടന്ന കെട്ടിടം പുനരുദ്ധരിച്ച് ഉപയോഗക്ഷമമമാക്കുന്നതിനാണ് ജില്ലാപഞ്ചായത്ത് ഇപ്രകാരമൊരു പദ്ധതിയുമായി മുന്നോട്ടുവന്നത്.

ഒരിക്കൽ പരാജയപ്പെട്ട ഒരു പദ്ധതിയിൽ വീണ്ടും പണം മുടക്കുമ്പോൾ ഉണ്ടാകേണ്ട ജാഗ്രതയോ, ലക്ഷ്യബോധമോ ഈ പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടില്ല. പദ്ധതി ആവിഷ്കരിച്ച് ഒരു പഞ്ചവത്സര കാലയളവ് പിന്നിട്ടിട്ടും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള യാതൊരു ശ്രമവും, നിർവ്വഹണ ഉദ്യോസ്ഥയായ അസി.എക്സി.എഞ്ചിനീയറുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പട്ടിക ജാതി ഫണ്ടിൽനിന്നും വൃദ്ധർക്കുള്ള പ്രത്യേക പദ്ധതിത്തുകയാണ് ഈ പ്രോജക്ടിന് ചെലവഴിച്ചിട്ടുള്ളത്. ഫീസിബിൾ അല്ലാത്ത പദ്ധതിയ്ക്ക് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള ഫണ്ട് വകയിരുത്തിയതും, ഏറ്റെടുത്ത പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചതും ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പൂർത്തിയാക്കാനാവാത്ത പ്രോജക്ടിലെ ധനവിനിയോഗം യാതൊരു പ്രയോജനവും സൃഷ്ടിക്കാതെ വൃഥാവിലായി.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. മുടങ്ങികിടക്കുന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ എത്രയും വേഗം പൂർത്തിയാക്കണം.
2. തദ്ദേശവാസികളും, സ്ഥലത്തെ പഞ്ചായത്ത് അംഗവും ഉൾപ്പടുന്ന മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് കെട്ടിടത്തിന്റെ മേൽനോട്ടവും സംരക്ഷണവും ഉറപ്പുവരുത്തണം.
3. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.
4. തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.
5. സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ സ്ഥാപനങ്ങളുടെ (ഉദാ: പി.എച്ച്. സബ്സെന്റർ, അങ്കണവാടി, ബഡ്സ് സ്കൂൾ, വിജ്ഞാന വാടി Etc.) ഉപയോഗത്തിന് കെട്ടിടം വിട്ട് നൽകുന്നതിനുള്ള സാധ്യതകൾ

ആരായുക.

6. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.

## 1-24 പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന് ഫൈനൽ ബിൽ തുക നൽകി ബാധ്യതയിൽനിന്നും ഒഴിവാക്കി

ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.565/18 പ്രകാരം 15 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചേരി പനവേലിക്കുഴി മക്കപ്പുഴ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി കരാറുകാരനായ ശ്രീ അബു മുഹമ്മദാലി പാതിവഴിയിൽ ഉപേക്ഷിച്ച് കരാർ ലംഘനം നടത്തി. എന്നാൽ കരാറുകാരനെതിരെ നിയമപ്രകാരം യാതൊരു നടപടികളും സ്വീകരിച്ചില്ലെന്നു മാത്രമല്ല കരാറുകാരന് ഒരു നഷ്ടവും വരാത്ത വിധം പ്രവൃത്തി ക്ലോസ് ചെയ്ത് ചെയ്തിടത്തോളം പ്രവൃത്തികളുടെ ബിൽ തുക കരാറുകാരന് നൽകുകയും ചെയ്തു. പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചതുമൂലം പൊതു ഖജനാവിനുണ്ടായ നഷ്ടം സംബന്ധിച്ച് അവശ്യം വേണ്ട പരിശോധനയോ വിലയിരുത്തലോ ഉണ്ടായിട്ടില്ല. കരാറുകാരന് സഹായകമായ രീതിയിൽ പ്രവൃത്തി ക്ലോസ് ചെയ്ത് ഫൈനൽ ബിൽ തുക നൽകുന്നതിനുവേണ്ടി കമ്മിറ്റി മിനിട്സിൽവരെ ഭേദഗതി വരുത്തി. പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച് കരാർ ലംഘനം നടത്തിയ കരാറുകാരന് ഫൈനൽ ബിൽ തുക നൽകി ബാധ്യതയിൽനിന്നും ഒഴിവാക്കിയതിൽ പൊതു താല്പര്യമില്ല. പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാതെ പ്രവൃത്തിക്ക് ചെലവഴിച്ച തുക ഫലത്തിൽ പാഴാകുകയാണ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച 645280 രൂപ ഉത്തരവാദിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കണം. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ ഖണ്ഡിക 3-7 ആയി ചേർത്തിട്ടുണ്ട്.

## 1-25 കുന്നന്താനം GVLP സ്കൂളിൽ കായിക വികസനത്തിനു നിർമ്മിച്ച കെട്ടിടത്തിന്റെ വാതിലുകളും ജനലുകളും തകർന്ന നിലയിൽ

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 1184/19-20,53/2020-21, 375/2021-22<br>കുന്നന്താനം GVLP സ്കൂളിൽ കായിക വികസനത്തിനു കെട്ടിട നിർമ്മാണം |
| തുക വകയിരുത്തിയത് | വികസന ഫണ്ട് - 1500000 (2019-20)<br>1500000 (2020-21)<br>500000 (2021-22) |
| ചെലവഴിച്ചത് | ₹1000000 (ബിൽ നം.1050/09.02.2021)<br>₹406153 (ബിൽ നം.140/16.11.2021)<br>ആകെ - ₹1406153 |
| മെഷർമെന്റ് ബുക്ക് | 342/17, 95/2019-20 |
| ഗുണഭോക്തൃ സമിതി | ഹെഡ്മിസ്ട്രസ്സ്, കുന്നന്താനം GVLP സ്കൂൾ |

ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള കുന്നന്താനം, ഗവ LVVP സ്കൂളിൽ കായിക വികസനത്തിനായി കെട്ടിട നിർമ്മാണം എന്ന പദ്ധതിക്കായി 2018-19 ൽ പദ്ധതി തയ്യാറാക്കുകയും കെട്ടിട നിർമ്മാണത്തിനായി 15 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു.ഇതിനായി സ്കൂൾ ഹെഡ്മാസ്റ്ററുമായി 27.02.2019 ൽ കരാർ തയ്യാറാക്കിയിരുന്നു.(നം.315/18-19). തുടർന്ന് 14.09.2020 ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. കെട്ടിടത്തിന്റെ നിർമ്മാണം 30.04.2020 ൽ പൂർത്തീകരിച്ചതായി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

23.01.2023 ൽ ഓഡിറ്റ് ടീം സ്കൂളിൽ നടത്തിയ ഭൗതിക പരിശോധനയിൽ നിർമ്മിച്ച കെട്ടിടം

ഉപയോഗിക്കുന്നില്ല എന്നു കണ്ടു. കെട്ടിടത്തിന്റെ വാതിലുകൾ തകർന്ന നിലയിലുമാണുള്ളത്. 27.03.2019 ലെ വൗച്ചർ പ്രകാരം ഹെൽത്ത് ബെനിഫിറ്റ് കെട്ടിടത്തിന്റെ കട്ടിള, ജനൽ എന്നിവയുടെ ഫ്രയിം,ഡോർ ഷട്ടർ, ജനൽ ഷട്ടർ എന്നിവ തടിയുൾപ്പെടെ പണിതു നൽകിയതിനു കൺവീനറിൽ നിന്നും 160000 രൂപ ശ്രീ സന്തോഷ് കുമാർ, തെക്കേവീട്ടിൽ ,കുന്നന്താനം കൈപ്പറ്റിയിട്ടുണ്ട്.



മെഷർമെന്റ് ബുക്ക് പ്രകാരം കെട്ടിടത്തിന്റെ ജനലുകൾക്കും വാതിലുകൾക്കുമായി താഴെ പറയുന്ന നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് | നിരക്ക് |
|---|---|---|---|
| 1 | 50.9.1.1 | 0.7749 M3 | 0.7749 M3 @ 95959.53/m3 =74359 |
| 2 | 14.29 | 250.77 Kg | 250.77@ 83.25/Kg =20876.85 |
| 3 | 50.9.6.1 | 15 M2 | 15 M2@4024.58/m2 =60368.7 |
| 4 | 50.9.1.1 (*) | 0.846 M3 | 0.846 @ 131354.73/m3 =10508.37 |
| | **ആകെ** | | **166113** |

(*ക്രമ നം 1 ഉം 4 ഉം ഒരേ ഇനമായിട്ട് എം ബുക്കിൽ രേഖപ്പെടുത്തിയതെങ്കിലും വ്യത്യസ്ത നിരക്കാണ് നൽകിയിട്ടുള്ളത്.)

ഇപ്രകാരം 14 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാതെയിരിക്കുന്നതിലും കെട്ടിടത്തിന്റെ കതക് , ജനൽ എന്നിവ തകർന്നതു സംബന്ധിച്ചും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/28.01.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിർമ്മിച്ച കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് നിർമ്മാണവും പ്രവർത്തനവും മാതൃകാപരമെങ്കിലും തുടർനടപടികൾ അനിവാര്യം.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് ദിവസേന ആവശ്യമായ 240 മുതൽ 270 വരെ ഓക്സിജൻ സിലിണ്ടറുകൾ പുറത്തു നിന്നും വാങ്ങുകയാണെന്ന് ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാപഞ്ചായത്തിൽ അറിയിച്ചിരുന്നു. കേരള സർക്കാരിന്റെ 18.05.2021 ലെ 1088/2021/(H&FWD) നമ്പർ ഉത്തരവു പ്രകാരം ജില്ലാ ആശുപത്രിയ്ക്ക് 1000 ലിറ്റർ / മിനിറ്റ് ശേഷിയുള്ള ഓക്സിജൻ പ്ലാന്റ് അനുവദിച്ചിരുന്നു. ഇതിനോടൊപ്പം VKL ഗ്രൂപ്പ് എന്ന സ്ഥാപനം 300 ലിറ്റർ / മിനിറ്റ് ഉദ്പാദന ശേഷിയുള്ള പ്ലാന്റ് സംഭാവനയായും നൽകിയിരുന്നു. ഇതിനെത്തുടർന്ന് ജില്ലാ പഞ്ചായത്ത്, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് 2021-22 ൽ തയ്യാറാക്കി.

ജില്ലാ ആശുപത്രിയുടെ A ബ്ലോക്കിനു പിന്നിലുള്ള സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനിച്ചിരുന്നു. തുടർന്ന് ഓക്സിജൻ പ്ലാന്റും ഇലക്ട്രിക്കൽ റൂമും സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ ബിജു മാത്യു എന്ന കരാറുകാരന്റെ 2445841 രൂപയുടെ ടെണ്ടർ 30.07.2021 ൽ ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചിരുന്നു.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെഡിക്കൽ സൂപ്രണ്ട് എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 1.62 കോടി രൂപ 2020-21, 2021-22 വർഷങ്ങളിൽ (₹16200616) ചെലവഴിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതിയുടെ കൂടുതൽ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/01-02-2023) ജില്ലാ ആശുപത്രി സൂപ്രണ്ട് മറുപടി നൽകിയിരുന്നു.

1. **ഓക്സിജൻ പ്ലാന്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയായി**

നേരിട്ട് നടത്തിയ പരിശോധനയിൽ ഓക്സിജൻ പ്ലാന്റിനുള്ള കെട്ടിടം നിർമ്മിച്ചതായും രണ്ട് ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചതായും കണ്ടു. കെട്ടിടനിർമ്മാണത്തിന്റെ ആദ്യ പാർട്ട് ബിൽ തുക 19.20 ലക്ഷം രൂപ 2021-22 ൽ കരാറുകാരനു നൽകിയിട്ടുണ്ട്.



| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 355/21-22, ഓക്സിജൻ പ്ലാന്റും ഇലക്ട്രിക്കൽ റൂമും സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം. |
| തുക വകയിരുത്തിയത് | 2539854 |
| ചെലവഴിച്ചത് | 1920719 (ബിൽ നം.814/18.03.2022) |
| കരാറുകാരൻ | ബിജു മാത്യു. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

2. **70 ലക്ഷം രൂപ മുടക്കി ഹൈടെൻഷൻ ലൈനും ട്രാൻസ്ഫോർമറും സ്ഥാപിച്ചു**

ഹൈടെൻഷൻ ലൈനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിന് PWD യിൽ 70 ലക്ഷം രൂപ അടവാക്കിയിരുന്നു. (പ്രൊജക്ട് നം. 867/20-21) ഇവ സ്ഥാപിച്ചതായി ജില്ലാ ആശുപത്രി സൂപ്രണ്ട് മറുപടി നൽകിയിട്ടുണ്ട്.

3. **ഭൂമിക്കടിയിലൂടെ ഹൈടെൻഷൻ ലൈൻ സ്ഥാപിച്ചു**

ഹൈടെൻഷൻ ലൈൻ ഭൂഗർഭ രീതിയിൽ സ്ഥാപിച്ചതിനു തൻ വർഷം 11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 501/21-22, ജില്ലാ ആശുപത്രിയിലേക്ക് ഭൂഗർഭ |

| | |
|---|---|
| | കേബിൾ സ്ഥാപിക്കൽ. |
| തുക വകയിരുത്തിയത് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 1100000 |
| ചെലവഴിച്ചത് | 1088677 (ബിൽ നം.30 /31.08.2021) |
| നിർവ്വഹണ ഏജൻസി | KSEB,കോഴഞ്ചേരി സെക്ഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് (ജില്ലാ ആശുപത്രി, അലോപ്പതി) |

4. **400 KV ജനറേറ്റർ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 759/21-22, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് ജനറേറ്റർ വാങ്ങൽ. |
| തുക വകയിരുത്തിയത് | വികസന ഫണ്ട് - 5575220 |
| ചെലവഴിച്ചത് | 5575220 (ബിൽ നം.230 /31.12.2021) |
| നിർവ്വഹണ ഏജൻസി | PWD ബിൽഡിംഗ് ഡിവിഷൻ, പത്തനംതിട്ട |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് (ജില്ലാ ആശുപത്രി,അലോപ്പതി) |

400 KV ജനറേറ്റർ സ്ഥാപിക്കുന്നതിനായി 5572220 രൂപ, പൊതുമരാമത്ത് വിഭാഗം (ഇലക്ട്രിക്കൽ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 2021-22 ൽ അടച്ചിട്ടുണ്ട്. ജനറേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നതായി നേരിട്ടു നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതിച്ചെലവിന്റെ ബില്ലും വിനിയോഗ രേഖകളും ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. പണികൾ പൂർത്തീകരിച്ചതിനുശേഷം പൊതു മരാമത്ത് വകുപ്പിൽ ബാലൻസ് തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. **ഓക്സിജൻ പ്ലാന്റിൽ നിന്നുമുള്ള ഓക്സിജൻ വിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിച്ചു.**

ഓക്സിജൻ പ്ലാന്റിലേക്ക് ഓക്സിജൻ വിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 616000 രൂപ അടവാക്കിയിരുന്നു. ഇവ സ്ഥാപിച്ചതായി ജില്ലാ ആശുപത്രി സൂപ്രണ്ട് ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 926/21-22, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റിലേക്ക് ഓക്സിജൻ വിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ. |
| തുക വകയിരുത്തിയത് | വികസന ഫണ്ട് - 800000 |
| ചെലവഴിച്ചത് | 616000 (ബിൽ നം.844 /19.03.2022) |
| നിർവ്വഹണ ഏജൻസി | ബ്ലേസ് സിസ്റ്റംസ് & സർവീസസ് |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് (ജില്ലാ ആശുപത്രി,അലോപ്പതി) |

പദ്ധതിയുടെ പൂർണ്ണ വിജയത്തിനായി താഴെ പറയുന്ന വിഷയങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**(I) രണ്ടു പ്ലാന്റുകളും ഒരേ സമയം പ്രവർത്തിപ്പിക്കേണ്ടി വരുന്നില്ല.**

1000 LPM ന്റെയും 300 LPM ന്റെയും ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജില്ലാ ആശുപത്രിയ്ക്ക് ആവശ്യമുള്ള ഓക്സിജൻ ലഭിക്കുന്നതിന് ഒരു സമയം ഒരു പ്ലാന്റ് മാത്രം പ്രവർത്തിപ്പിച്ചാൽ മതിയാകുമെന്ന് ജില്ലാ ആശുപത്രി സൂപ്രണ്ട് ഓഡിറ്റിനെ അറിയിച്ചിരുന്നു. തുടർച്ചയായി ഒരാഴ്ച 1000 LPM ന്റെയും അടുത്താഴ്ച 300 LPM ന്റെയും പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന രീതിയാണ് ജില്ലാ ആശുപത്രിയിൽ അവലംബിച്ചു വരുന്നത്. ഇതിൽ നിന്നും 300 LPM പ്ലാന്റ് മാത്രം ഉപയോഗിച്ചാലും ജില്ലാ ആശുപത്രിയുടെ ആവശ്യങ്ങൾ നിറവേറും എന്നു വ്യക്തമാണ്. എന്നാൽ സർക്കാർ ലഭ്യമാക്കിയ 1000 LPM പ്ലാന്റ് പ്രവർത്തിപ്പിക്കാതിരുന്നാൽ മെഷീൻ ഉപയോഗശൂന്യമാകാൻ സാധ്യതയുള്ളതിനാൽ ഇടയ്ക്കിടെ പ്രവർത്തിപ്പിക്കാൻ ജില്ലാ ആശുപത്രി അധികൃതർ ബാദ്ധ്യസ്ഥരാകുന്നുണ്ട്. ഇതു മൂലം അമിതമായ വൈദ്യുതി ചാർജ്ജ് ഉണ്ടാകുന്നുണ്ട്. പ്ലാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള പരിശീലനം മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഭാഗത്തു നിന്നും ആശുപത്രി ജീവനക്കാർക്ക് ലഭിച്ചിട്ടില്ല.

**(II) ഉല്പാദിപ്പിക്കപ്പെടുന്ന ഓക്സിജൻ സംഭരിക്കാനോ വിതരണം നടത്താനോ കഴിയുന്നില്ല.**

1300 ലിറ്റർ / മിനിറ്റ് ഉല്പാദിപ്പിക്കുമ്പോൾ ജില്ലാ ആശുപത്രിയിലെ ഉപയോഗത്തിനുശേഷം മിച്ചം വരുന്ന ഓക്സിജൻ ജില്ലയിലെ മറ്റു സർക്കാർ ആശുപത്രികളിലേക്കോ സ്വകാര്യ ആശുപത്രികളിലേക്കോ കൈമാറാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയില്ല. ഉല്പാദിപ്പിക്കപ്പെടുന്ന ഓക്സിജൻ, സിലിണ്ടറുകളിൽ സംഭരിക്കുന്നതിന് സംവിധാനമില്ല. ഓക്സിജൻ, പൈപ്പ് ലൈനിൽത്തന്നെ നിൽക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ആയതിന്മേൽ അന്വേഷണം നടത്തിയതിൽ, സിലിണ്ടറുകളിൽ സംഭരണം നടത്തുന്നതിന് ജനവാസകേന്ദ്രങ്ങളിൽ ലൈസൻസ് ലഭിക്കുകയില്ലായെന്നും അത്തരം പ്ലാന്റുകളുടെ മൂലധനച്ചെലവ് ഉയർന്നതാണെന്നും അറിയാൻ കഴിഞ്ഞു.

**(III) വാർഡുകളിലേക്കും ICU വിലേക്കും പുറത്തു നിന്നുള്ള ഓക്സിജൻ സിലിണ്ടറുകൾ വാങ്ങുന്നു**

ഓക്സിജൻ പ്ലാന്റ് പ്രവർത്തന ക്ഷമമാണെങ്കിലും വാർഡുകളിലേക്കും ICU വിലേക്കും ഷിഫ്റ്റ് ചെയ്യുന്ന രോഗികൾക്ക് ഓക്സിജൻ സിലിണ്ടറുകൾ ആവശ്യമായി വരുന്നതിനാൽ, ടെണ്ടർ നൽകിയിട്ടുള്ള കരിമ്പനയ്ക്കൽ ഏജൻസിയിൽ നിന്നും വാങ്ങേണ്ടി വരുന്നുണ്ടെന്ന് മെഡിക്കൽ സൂപ്രണ്ട് ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ് പ്രവർത്തനക്ഷമമായിരിക്കെ ഇപ്രകാരം പുറത്തു നിന്നും സിലിണ്ടറുകൾ വാങ്ങേണ്ടി വരുന്ന സാഹചര്യം ജില്ലാ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(IV) **ഓക്സിജൻ പ്ലാന്റ് നിർത്താതെ പ്രവർത്തിക്കുന്നതു മൂലം കറണ്ട് ചാർജ് ഇനത്തിൽ ലക്ഷങ്ങൾ ചെലവ്**

ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം പ്രതിമാസം 3 ലക്ഷം രൂപയുടെ അധിക കറണ്ട് ചാർജാണ് ജില്ലാ ആശുപത്രിയ്ക്കുണ്ടാകുന്നത്. ഇപ്രകാരം ജില്ലാ പഞ്ചായത്തിനു പ്രതിവർഷം 36 ലക്ഷം രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നു. 300 LPM ന്റെ ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിച്ചാലും ജില്ലാ ആശുപത്രിയുടെ ആവശ്യങ്ങൾ നടക്കുമെങ്കിൽ ആയതിനുള്ള സാധ്യത ആരായേണ്ടതും കറണ്ട് ചാർജ് ആ വിധത്തിൽ കുറവു ചെയ്യാവുന്നതുമാണ്. 1000 LPM ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനു അധിക കറണ്ട് ചാർജ് ഉണ്ടാകുന്നുണ്ട്. 1000 LPM പ്ലാന്റ് പ്രവർത്തിപ്പിക്കാതിരുന്നാൽ കറണ്ട് ചാർജിൽ വലിയ കുറവുണ്ടാകുമെന്നതിനാൽ ആയതിനുള്ള സാധ്യത മെഡിക്കൽ സർവ്വീസ് കോർപ്പറേഷനോട് ആരായേണ്ടതും അല്ലാത്ത പക്ഷം എനർജി ഓഡിറ്ററിൽ നിന്നും വിദഗ്ധോപദേശം തേടേണ്ടതുമാണ്. പൊതുപ്പണത്തിന്റെ ശരിയായ വിനിയോഗത്തിന് ഇത് ആവശ്യമാണ്.

## 1-27 കൊടുമൺ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന മിനി റൈസ് മിൽ

## വിജയകരമാക്കാൻ തുടർ നടപടികൾ അനിവാര്യം.

2021-22 ൽ കൊടുമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കുന്നതിന പദ്ധതി തയ്യാറാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നേരിട്ട് നടത്തിയ പരിശോധനയിൽ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നതായും കണ്ടു. 2021-22 വർഷം ചെലവു വന്നിട്ടില്ല എങ്കിലും പദ്ധതി മുന്നോട്ടു പോകുന്നതിനാൽ വരും വർഷങ്ങളിൽ ചെലവുണ്ടാകുമെന്നു കാണാം. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 921/2021-22, കൊടുമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കൽ |
| തുക വകയിരുത്തിയത് | വികസന ഫണ്ട് (ജനറൽ) - 100000<br>മറ്റ് ഗ്രാമപഞ്ചായത്ത് - 100000<br>മറ്റ് ബ്ലോക്ക് പഞ്ചായത്ത് - 500000<br>ആകെ - 700000 |
| ചെലവഴിച്ചത് | 0 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) |

**2021-22 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താത്ത പദ്ധതികളിൽ കരാറുകൾ നടത്തി**

ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താതെ കൊടുമൺ റൈസ് മില്ലിനായി ഫയൽ മുഖേന തുടർ കരാറുകൾ നടത്തിയതായി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽനിന്ന് ബോധ്യപ്പെട്ടു. പ്രേജക്ട് നമ്പർ 757/21-22 മുഖേന മെഷീനറികൾ സ്ഥാപിക്കുന്നതിനും, പ്രോജക്ട് നമ്പർ 921/21-22 മുഖേന കെട്ടിടനിർമ്മാണത്തിനുമുള്ള നടപടികളാണ് നടന്നിട്ടുള്ളത്. എന്നാൽ 757/21-22 എന്ന പദ്ധതി 2021-22 ലെ സുലേഖ സോഫ്റ്റ് വെയർ മുഖേനയുള്ള വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

ജില്ലാ പഞ്ചായത്തിലെ വാർഷിക പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം. 757/21-22) കൊടുമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കുന്നതിനായി 65 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. രണ്ട് ടൺ കപ്പാസിറ്റിയുള്ള റൈസ് മിൽ സ്ഥാപിച്ച് നെല്ല് സംസ്കരിക്കുന്നതിനും ഗുണനിലവാരമുള്ള അരി കുറഞ്ഞ വിലയ്ക്ക് വിതരണം നടത്തുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ജില്ലാ പഞ്ചായത്തിനു പുറമേ പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, കൊടുമൺ ഗ്രാമപഞ്ചായത്ത് എന്നിവരുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. കൊടുമൺ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന സ്ഥലത്ത് റൈസ് മിൽ സ്ഥാപിക്കുമെന്നും മില്ലിന്റെ പൂർണ്ണ ഉടമസ്ഥാവകാശം കൊടുമൺ ഗ്രാമപഞ്ചായത്തിനായിരിക്കുമെന്നും ജനറൽ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മില്ലിന്റെ നടത്തിപ്പ് ചുമതല പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സൊസൈറ്റിയ്ക്ക് കൈമാറുന്നതിനും റേറ്റ്, മെയിന്റനൻസ്, ദൈനംദിന ചെലവുകൾ, ലാഭവിഹിതം എന്നിവ സംബന്ധിച്ച് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുന്നതിനുമാണ് പത്തനംതിട്ട ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 23.09.2021 ലെ 1(2) ാം നമ്പർ തീരുമാന പ്രകാരം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 28.02.2022 ലെ 3(5) ാം തീരുമാന പ്രകാരം മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 'Supply, Erection And Commissioning Of Machinery For Kodumon Rice Mill 'എന്ന പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച് നടപടികൾ പുരോഗമിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥനായ പന്തളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. GST ഉൾപ്പെടെ 40,50,000 രൂപയുടെ നിരക്ക് രേഖപ്പെടുത്തിയ ' Veado Machinery Pvt.Ltd, Velloore'എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അന്നേ ദിവസത്തെ ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ച് ടി സ്ഥാപനവുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു.

**A) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ മെഷിനറികൾ സ്ഥാപിക്കുന്നതിനു സപ്ളൈ ഓർഡർ നൽകി.**

താഴെ പറയുന്ന മെഷിനറികൾ വാങ്ങുന്നതിന് മേൽ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിരുന്നു.(No.1/2022-23;28.05.2022). ഇതിനായി 18.05.2022 ൽ സ്ഥാപനത്തിനു സപ്ളൈ ഓർഡർ നൽകിയിരുന്നു. എന്നാൽ 2021-22 ലോ 2022-23 ലോ റൈസ് മില്ലിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു വാർഷിക പദ്ധതി തയ്യാറാക്കുകയോ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഇനം | എണ്ണം | തുക (GST ഒഴികെ) |
|---|---|---|---|
| 1 | Steaming Unit -2 Tonne Capacity | 1 | 1325355 |
| 2 | Grain Drier Unit -2 Tonne Capacity | 1 | 1175155 |
| 3 | Paddy Separator | 1 | 245655 |
| 4 | Rubber Sheller | 1 | 215550 |
| 5 | Rice Whitener/polisher | 1 | 222595 |
| 6 | Elevators/Conveyors | 4 | 75000 |
| 7 | Sortex Machine | 1 | 615555 |
| 8 | Weighing & Packaging Machine. | 1 | 155690 |
| | **Total** | | **4255555** |

സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി 4050000 രൂപയായി തുക നിർണ്ണയിച്ചിരുന്നു. സ്ഥാപനം പിന്നീട് GST നിരക്കിലുള്ള വർദ്ധന കൂടി ഉൾപ്പെടുത്തി 4551429 രൂപയായി ടെണ്ടർ വില പുതുക്കി. കരാർ പ്രകാരം മെഷിനറികൾക്ക് 3 വർഷത്തെ വാറണ്ടി ഉൾപ്പെടുത്തിയിരുന്നു. സപ്ളൈ ഓർഡർ പ്രകാരമുള്ള മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് ഇവ സ്ഥാപിച്ചതെന്നു വിശദമാക്കണമെന്നുമാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.35/28.01.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) ഓഡിറ്റിനു മറുപടി നൽകിയിട്ടില്ല. സ്ഥാപനം ഇൻവോയിസുകൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

**B) വാർഷിക പദ്ധതിയിൽ മതിയായ തുക വകയിരുത്താതെ കെട്ടിട നിർമ്മാണ പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിച്ചു.**

റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റിനു 50 ലക്ഷം രൂപയുടെ ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 370 M2 ഏരിയയിൽ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇതിനായി 07.02.2022 ൽ ഇ-ടെണ്ടർ ചെയ്തിരുന്നു. കൊടുമൺ പഞ്ചായത്തിലെ റൈസ് മില്ലിനു അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പദ്ധതിക്ക് (921/2021-22) ഇ-ടെണ്ടർ ക്ഷണിക്കുകയും GST ഒഴികെ 4145138 രൂപ രേഖപ്പെടുത്തിയ ശ്രീ സതീഷ് ബാബു, തോട്ടത്തിൽ, അറുന്നൂറ്റിമംഗലം, മാവേലിക്കര എന്നയാളുടെ കരാർ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തതായി (28.02.2022ലെ 3(6) ാം തീരുമാനം ) മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 2021-22 ലെ വാർഷിക പദ്ധതിയിൽ ആകെ ഏഴുലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതി സ്പിൽ ഓവറായി 2022-23 ൽ കെട്ടിടനിർമ്മാണം ഉൾപ്പെടുത്തുകയും 59.50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. (പ്രോജക്ട് നം. 567/22-23)



വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ 4.38 ാം തീരുമാനപ്രകാരം റൈസ് മില്ലിന്റെ ഉടമസ്ഥാവകാശം കൊടുമൺ ഗ്രാമപഞ്ചായത്തിനാണെന്നും അംഗീകൃത കർഷക സമിതികൾ മുഖേന നടപ്പാക്കണമെന്നും നടത്തിപ്പ്, അറ്റകുറ്റപ്പണിയടക്കമുള്ള ചെലവ് എന്നിവ റൈസ് മില്ലിന്റെ വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്നുമുള്ള നിബന്ധനയോടെ റൈസ് മിൽ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിരുന്നു.

കൊടുമൺ ഗ്രാമപഞ്ചായത്തിലെ 5 ാം വാർഡിൽ ഒറ്റത്തേക്കിലുള്ള സ്ഥലം ജില്ലാപഞ്ചായത്തിനു കൈമാറിക്കിട്ടുകയും (സർവ്വെ നം.39/1, 38.50 ആർ') നിയമാനുസൃതം കരാറുകാരന് സ്ഥലം കൈമാറുന്നതിന് ജില്ലാപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് 18.06.2022 ൽ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കരാറുകാരനായ ശ്രീ സതീഷ് ബാബുവുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 30.05.2022 ൽ കരാറിൽ (നം.2/2022-23) ഏർപ്പെട്ടിരുന്നു. കെട്ടിട നിർമ്മാണത്തിന്റെ കാലാവധി 31.03.2023 വരെ നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ 02/2023 വരേയും കെട്ടിട നിർമ്മാണം പാതിവഴിയിലാണ്.

**C) ആദ്യ DPR പ്രകാരമുള്ള ടെണ്ടർ ഉപേക്ഷിച്ച ശേഷം പുതുക്കിയ DPR ൽ അധിക ചെലവും ലാഭവിഹിതത്തിൽ കുറവും വന്നു**

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020-21 ൽ തയ്യാറാക്കിയ DPR ഉം 2021-22 ൽ തയ്യാറാക്കിയ DPR ഉം തമ്മിൽ പ്രകടമായ വ്യത്യാസം കണ്ടു.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഡിറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ടിലെ ഒരു വർഷത്തേക്കുള്ള കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് താഴെ പറയുന്നു.

**മുടക്ക് മുതൽ ചെലവ്**

| 2020-21 ലെ DPR പ്രകാരം | 2021-22 ലെ DPR പ്രകാരം |
|---|---|
| മില്ല് സ്ഥാപിക്കൽ - 3200000 | മില്ല് സ്ഥാപിക്കൽ - 4000000 |
| അടിസ്ഥാന സൗകര്യ വികസനം - 3300000 | അടിസ്ഥാന സൗകര്യ വികസനം - 5000000 |
| | ട്രാൻസ്ഫോർമർ/വൈദ്യുതി/ജലവിതരണം - 1000000 |
| | |
| ആകെ - ₹6500000 | ആകെ - ₹10000000 |

**കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്**

| വർഷം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ഇനം | തുക | ഇനം | തുക |
| 2020-21 DPR | വാർഷിക സംസ്കരണം 360 Days X 2000 Kg X ₹10/Kg | 7200000 | വേതനം,കറണ്ട് ചാർജ്, തേയ്മാനം | 2940000 |

| | | | | |
|---|---|---|---|---|
| | ആകെ വരവ് | 7200000 | ആകെ ചേലവ് | 2940000 |
| | പ്രവർത്തന ലാഭം - 7200000-2940000 = 4260000 | | | |
| | | | | |
| 2021-22 DPR | വാർഷിക സംസ്കരണം<br>365 Days X 2000 Kg X ₹4/Kg | 2920000 | വേതനം,കറണ്ട് ചാർജ്, തേയ്മാനം | 1260000 |
| | ആകെ വരവ് | 2920000 | ആകെ ചേലവ് | 1660000 |
| | പ്രവർത്തന ലാഭം - 2920000-1260000 =1660000 | | | |

ആദ്യ DPR പ്രകാരം മുടക്കുമുതൽ 65 ലക്ഷം ഉള്ളപ്പോൾ രണ്ടാമതുള്ള DPR പ്രകാരം മുടക്കുമുതൽ 1 കോടി രൂപയായി ഉയർന്നു. എന്നാൽ പ്രവർത്തന ലാഭം 42.60 ലക്ഷത്തിൽ നിന്നും 16.60 ലക്ഷം രൂപയായി കുറയുകയും ചെയ്തു.

**D) മെഷിനറികൾക്കായുള്ള ആദ്യ ഇ-ടെണ്ടർ ഉപേക്ഷിച്ചു - രണ്ടാമതു നടത്തിയ ഇ-ടെണ്ടറിൽ 13.34 ലക്ഷം രൂപയുടെ അധിക ചെലവ്**

മെഷിനറികൾക്കായി 11.08.2020 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും വെല്ലൂർ , Millgrain Machinery Industries എന്ന സ്ഥാപനം 2716000 രൂപയുടെ ടെണ്ടർ നൽകുകയും ചെയ്തതിനെത്തുടർന്ന് ഈ നിരക്ക് അംഗീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് പന്തളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്തു മുഖേന അഭ്യർത്ഥിച്ചിരുന്നു. (AE(2)200/2020). എന്നാൽ ഈ ഫയൽ പിന്നീട് ഉപേക്ഷിക്കപ്പെടുകയും തുടർനടപടികൾ സ്വീകരിക്കാതെ യിരിക്കുകയും ചെയ്തു. തുടർന്ന് രണ്ടാമത് നടത്തിയ ഇ-ടെണ്ടറിൽ 4050000 രൂപയുടെ മെഷിനറികൾ വാങ്ങുന്നതിനുള്ള ടെണ്ടർ അംഗീകരിക്കപ്പെട്ടു. ഇതു മൂലം ഒരേ ഇനം മെഷിനറിക്ക് 13.34 ലക്ഷം രൂപ അധികമായി കണ്ടെത്തേണ്ടി വന്നു. ആദ്യ ടെണ്ടർ ഉപേക്ഷിക്കപ്പെട്ടതിനു കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**E) ദിനം പ്രതി സംസ്കരിക്കേണ്ട രണ്ടു ടൺ നെല്ലിനുള്ള ഉറവിടം ഉറപ്പാക്കേണ്ടതാണ്**

വാർഷിക സംസ്കരണത്തിനായി കണക്കിലെടുത്ത 730 ടൺ നെല്ല് ലഭിക്കുന്നതിന്റെ ഉറവിടം DPR ൽ രേഖപ്പെടുത്തിയിട്ടില്ല. കേരളത്തിൽ സീസണൽ നെൽകൃഷി നടക്കുമ്പോൾ ദിനം പ്രതി 2 ടൺ നെല്ല് എപ്രകാരം സംസ്കരണത്തിനായി ലഭിക്കുമെന്നത് DPR ൽ വ്യക്തമാക്കിയിട്ടില്ല.

**F) വിശദമായ DPR ജില്ലാ പഞ്ചായത്തിൽ അവതരിപ്പിച്ച് കരാറിൽ ഏർപ്പിട്ടിട്ടില്ല**

പ്രവർത്തന ലാഭത്തിൽ നിന്നും ഒന്നര വർഷം കൊണ്ട് മുടക്കുമുതൽ തിരിച്ചു കിട്ടുന്നതാണെന്നും വർഷം തോറുമുള്ള ലാഭവിഹിതത്തിൽ നിന്നും 25% ജില്ലാപഞ്ചായത്തിനു തിരികെ അടവാക്കേണ്ടതാണെന്നും ആദ്യ DPR ൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമതുള്ള DPR ൽ ലാഭവിഹിതത്തിൽ നിന്നും 10% ജില്ലാപഞ്ചായത്തിനു വർഷം തോറും തിരികെ അടവാക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ DPR അവതരിപ്പിച്ചതായോ അംഗീകരിച്ചതായോ രേഖകളില്ല.

കോടികൾ ചെലവഴിച്ച് കെട്ടിടവും മെഷിനറികളും സ്ഥാപിക്കുന്നതിനു മുമ്പ് മേൽ വിഷയങ്ങളിൽ ഫീസിബിലിറ്റി പഠനം നടത്തേണ്ടത് അനിവാര്യമാണ്. വിശദമായ DPR ജില്ലാ പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്യേണ്ടതും ലാഭ വിഹിതം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കരാറിൽ ഏർപ്പെടുന്നതിനു ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-28 പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ ചവറംപ്ലാവ് കുടിവെള്ളപദ്ധതി കമ്മീഷൻ ചെയ്യാനായില്ല.

2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാപഞ്ചായത്ത്, റാന്നി ബ്ലോക്ക് പഞ്ചായത്ത്, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതിയായി നടപ്പാക്കിത്തുടങ്ങിയതാണ് ചവറംപ്ലാവ് കുടിവെള്ള പദ്ധതി. എന്നാൽ 2023 വരേയും ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. മോട്ടോർ, പൈപ്പ് ഡിസ്ട്രിബ്യൂഷൻ ലൈൻ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലാണ് പദ്ധതി ഇനിയും കമ്മീഷൻ ചെയ്യാനാവാത്തത്. വിവിധ വർഷങ്ങളിലായി 1.25 കോടി രൂപയോളം ചെലവഴിച്ച ഈ പദ്ധതി 700 കുടുംബങ്ങൾക്ക് കടിവെള്ളം ലഭ്യമാക്കാൻ വിഭാവനം ചെയ്തിരിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചതായി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11.10.2022 ലെ PHSN/Ranni/GL/22 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ടാങ്ക് 2017 ൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ ത്രികോമലയിൽ സ്ഥാപിക്കുകയും കിണർ ചിറയ്ക്കൽപടിയിൽ നിർമ്മിക്കുകയും ചെയ്തിരുന്നു. പമ്പ് ഹൗസ് 2019 ലും പമ്പിംഗ് മെയിൻ പൈപ്പ് , മോട്ടോർ എന്നിവ 2021 ലും സ്ഥാപിച്ചിരുന്നു. 15 HP മോട്ടോർ 03/2022 ൽ സ്ഥാപിച്ചെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കാത്തതിനാൽ ട്രയൽ റൺ നടത്തിയിട്ടില്ല എന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ വാട്ടർ അതോറിറ്റിയിൽനിന്ന് അറിയിച്ചിരുന്നു. പമ്പ് ഹൗസിനു ഗ്രാമപഞ്ചായത്തിൽ നിന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാലാണ് വൈദ്യുത കണക്ഷൻ ലഭ്യമാക്കാനാവാത്തത് എന്നും വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു.

1500 മീറ്റർ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള കരാർ ടെണ്ടർ ചെയ്തു നടപ്പാക്കിവരുന്നുണ്ട്. ഇതിനായി ത്രിതല പഞ്ചായത്തുകൾ 64 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**നിർമ്മിച്ച ജലസംഭരണിയുടെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല**

ചവറംപ്ലാവ് കുടിവെള്ള പദ്ധതിയുടെ കിണർ, ജലസംഭരണി, പമ്പ് ഹൗസ് എന്നിവ സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു വിട്ടു കിട്ടിയിട്ടില്ലാത്തതിനാലാണ് നിലവിൽ ഈ പദ്ധതി മുടങ്ങിക്കിടക്കുന്നത്. 25.06.2018 ലെ 222/DA3/2018/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ ആസ്തികൾക്കു മാത്രമേ പദ്ധതിത്തുക വകയിരുത്താവൂ എന്നതിനാൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനു വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (12.05.2022 ലെ 1(2) ാംതീരുമാനം) റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയെ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്തിന്റെ മറുപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.51/01-02-2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

കിണർ, പമ്പ് ഹൗസ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടിയിട്ടുണ്ടെന്നും ജലസംഭരണി സ്ഥിതിചെയ്യുന്ന സ്ഥലം പേരിൽക്കൂട്ടിയിട്ടില്ല എന്നു വ്യക്തമായിട്ടുണ്ട്. ആയതിനാൽ പമ്പ് ഹൗസിനു ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തുന്നതിനും കോടിക്കണക്കിനു രൂപ ചെലവഴിച്ച പദ്ധതി കമ്മീഷൻ ചെയ്ത് ഭരണതലത്തിൽ അടിയന്തിര നടപടികൾക്കായി ശിപാർശ ചെയ്യുന്നു. കൂടാതെ ജലസംഭരണി സ്ഥിതിചെയ്യുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-29 വനിതാ ഘടക പദ്ധതി പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ജില്ലാ പട്ടികജാതി വികസന ഓഫീസർ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾ ഒന്നും തന്നെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായിരുന്നില്ല. കെട്ടിട നിർമ്മാണം, സമാന സ്വഭാവമുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ

വനിതാ ഘടകപദ്ധതിയിൽ അനുവദനീയമല്ലെന്നിരിക്കെ, 351/2022, 352/2022 എന്നീ സ്പിൽ ഓവർ പ്രോജക്ടുകളും, 258/2022 എന്ന പുതിയ പ്രോജക്ടും ആവിഷ്കരിച്ചിട്ടുള്ളത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പഠനമുറി നൽകുന്നതിനാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|
| 351/2022 – പ്രളയത്തിലൊരു കൈത്താങ്ങ് - ജില്ലയിലെ പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി | 211760 | 100000 |
| 352/2022 – പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി | 5669553 | 3500000 |
| 258/2022 - പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി 2021-22 | 8000000 | 0 |

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു സംബന്ധിച്ച് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.) നം.11/2018തസ്വഭവ തീയതി 29.01.2018, ഖണ്ഡിക നം.6.3] പ്രതിപാദിച്ചിട്ടുള്ളതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടകപദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. കെട്ടിട നിർമ്മാണം, സമാന സ്വഭാവമുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ വനിതാ ഘടകപദ്ധതിയിൽ അനുവദനീയമല്ല. കൂടാതെ, വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (നം.32തീയതി 28.01.2023) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 സംഘകൃഷിക്കുവേണ്ടിയുള്ള പ്രോജക്ട് നടപ്പിലാക്കിയത് കുടുംബശ്രീ മിഷൻ

സംഘകൃഷി നടപ്പിലാക്കിയത് കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ. കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്നത് കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയാണ്. തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പതിമൂന്നാം പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം അതത് മേഖലയിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മുഖേനയാവണം പദ്ധതി നിർവ്വഹണം. ഇതിനു വിരുദ്ധമായിട്ടാണ് കുടുംബശ്രീ മുഖേന പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ നടപ്പിലാക്കിയ കുടുംബശ്രീ സംഘകൃഷി - ഗ്രൂപ്പുകൾ വഴി ജൈവകൃഷി വ്യാപനം (നം.922/2022) എന്ന പ്രോജക്ട് പ്രകാരം കാർഷിക ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നതിന് 3239300രൂപ ചെലവഴിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പുകൾ സ്വന്തം നിലയ്ക്ക് നടീൽ വസ്തുക്കളും വളവും വാങ്ങി, സംഘമായി കൃഷി ചെയ്തിട്ടുള്ളതായി ഫയലിലെ രേഖകൾ വ്യക്തമാക്കുന്നു. ഇതിന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുണ്ട്.

പ്രോജക്ടിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല. അതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് വ്യക്തതയില്ല. കാർഷിക മേഖലയിലെ പ്രോജക്ടുകൾ കൃഷി വകുപ്പ് മുഖേനയായിരിക്കണം നിർവ്വഹണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ആസൂത്രണത്തിന്റെ അഭാവം - റോഡ് മെയിന്റനൻസിനായി അംഗീകാരം വാങ്ങിയ പദ്ധതികൾ പിന്നീട് ഒഴിവാക്കുന്നു.

ജില്ലാപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ നിന്നും 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് മെയിന്റനൻസിന് അംഗീകാരം വാങ്ങിയ പദ്ധതികൾ അതത്

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ റിപ്പോർട്ടുകളെത്തുടർന്ന് ഒഴിവാക്കിയതായി കണ്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ /പേര് | ഒഴിവാക്കിയതിനുള്ള കാരണം |
|---|---|---|
| 1 | 72/22, വട്ടമലപ്പടി കോൺക്രീറ്റിംഗ് വാൾ, സീതത്തോട് ഗ്രാമപഞ്ചായത്ത് | റോഡിനു 4.5 M മാത്രമേ വീതിയുള്ളൂ. |
| 2 | 85/22, ബഥനി ആശുപത്രി റോഡ് ,പെരുനാട് ഗ്രാമപഞ്ചായത്ത്. | ടി റോഡ് CMLRRP പദ്ധതിയിൽ ഉൾപ്പെട്ടു. |
| 3 | 11/2022, പതാക്ക് പടി-കാഞ്ഞിക്കുളത്ത് റോഡ് സൈഡ് കെട്ട്, കോന്നി ഗ്രാമപഞ്ചായത്ത് | റോഡിനു 3.5 M മാത്രമേ വീതിയുള്ളൂ. |
| 4 | 705/22, മാമുക്ക് ഭഗവതിക്കുന്ന് അമ്പലം പടി ഐത്തല റോഡ് പുനരുദ്ധാരണം, റാന്നി പഴവങ്ങാടി | റോഡിനു 4.5 M മാത്രമേ വീതിയുള്ളൂ. |
| 5 | 635/22, തട്ടേക്കാട് വളയത്ത് റോഡ് റീടാറിംഗ്,റാന്നി ഗ്രാമപഞ്ചായത്ത് | അപ്രകാരമൊരു റോഡ് നിലവിലില്ല. |
| 6 | 625/22, SVHS നാറാണത്തുമുരുപ്പ് റോഡ് പുനരുദ്ധാരണം, പന്തളം തെക്കേക്കര | റോഡിനു 4 M മാത്രമേ വീതിയുള്ളൂ. |
| 7 | 860/21, പാമല എസ്റ്റേറ്റ് പുളിമൂട്ടിൽപ്പടി റോഡ് മെയിന്റനൻസ്, കുന്നന്താനം | റോഡിനു 6 M വീതിയില്ല.(ഇ-ടെണ്ടർ, സെലക്ഷൻ നോട്ടീസ് എന്നിവ നൽകിയിരുന്നു. കരാറുകാരൻ.ശ്രീ അജു. കെ എ) |
| 8 | 592/22, ചിറക്കൽപ്പടി ഡക്ക് ഫാം റോഡ് ,നിരണം | റോഡിനു 6M വീതിയില്ല. |
| 9 | 590/22, പത്തിനേരിപ്പടി മന്നത്ത് പടി റോഡ്, കടപ്ര | റോഡിനു 6M വീതിയില്ല. |
| 10 | 597/22, ഉര്യേത്ത് പടി | റോഡിനു 6M വീതിയില്ല. |

| | | | |
|---|---|---|---|
| | ആലുംമ്മൂട് ജംഗ്ഷൻ റോഡ്, കടപ്ര | | |

പദ്ധതി നിർവ്വഹണത്തിനു 8 മാസം മാത്രം അവശേഷിക്കവെയാണ് അംഗീകാരം ലഭിച്ച ഇത്രയും പ്രവർത്തികൾ ഒഴിവാക്കേണ്ടി വന്നത്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് , ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാതെയും ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡാണോ എന്നു പരിശോധിക്കാതെയും പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാലാണ് ഇത്തരം അപാകതകൾ ഉണ്ടായത്. മേൽ അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/30.01.2023) എക്സിക്യൂട്ടീവ് എഞ്ചിനീയറോ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോ മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകം ഒഴിവാക്കി വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-32 2020-21ൽ കരാർ നൽകിയ പ്രവൃത്തി നാളിതുവരെയും ആരംഭിച്ചില്ല

പ്രോജക്റ്റ് നം. 896/20–21, 513/21-22

തടത്തിൽ പെണ്ണുക്കര – ഞെട്ടിക്കൽ പട്ടികജാതി കോളനിയിൽ മണ്ണ് സംരക്ഷണത്തിനായി 2020-21ൽ 896/21-ാം നമ്പരായി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. ടെണ്ടർ നടപടികളിലൂടെ ശ്രീ ബിൻസു ഡാനിയൽ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. (5% ടെണ്ടർ കുറവ്) . കരാർ ഉടമ്പടി നം. 06/2020-21 തിയതി 17.02.2021പ്രകാരം എഗ്രിമെന്റ് വച്ച പ്രവൃത്തിയുടെ സ്ഥലം, കരാറുകാരൻ ഏറ്റെടുത്തത് 23.09.2021ൽ ആയിരുന്നു. കരാർ വ്യവസ്ഥ പ്രകാരം രണ്ട് മാസം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കാഞ്ഞതിനാൽ ആയത് മൂന്ന് മാസത്തേക്കു കൂടി നീട്ടി നൽകിക്കൊണ്ട് സപ്ലിമെന്ററി കരാർ 11.01.2022ൽ വച്ചിട്ടുണ്ട്. ( കരാർ നം.01/21-22). ഇതനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 10.04.22 ൽ അവസാനിച്ചിരുന്നു. എന്നാൽ
പദ്ധതി 2022-23 ലും നടപ്പിലാക്കിയിട്ടില്ല എന്ന് പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 20.06.2022 ലെ എസ് സി.(4)545/2020 നമ്പർ കത്തിൽനിന്ന് വ്യക്തമാകുന്നു.

മുപ്പത്തിമൂന്ന് എസ് സി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കേണ്ട പദ്ധതി മൂന്ന് വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടില്ല. കരാറുകാരനെതിരെ പിഡബ്ല്യുഡി മാന്വൽ പ്രകാരമുള്ള നടപടി സ്വീകരിച്ച് കരാർ റദ്ദ് ചെയ്യേണ്ടതും, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പാക്കേണ്ടതുമാണ്.

## 1-33 നിർമ്മാണം പൂർത്തിയാക്കിയതിന് പിന്നാലെ റോഡ് തകർന്നു; നിർമ്മാണത്തിലെ വൈകല്യം പരിഹരിക്കാതെ ജാമ്യനിക്ഷേപം മടക്കി നൽകി

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് നം.521/18 പ്രകാരം നടപ്പിലാക്കിയ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ പാറയ്ക്കൽ ആലുവിളപ്പടി റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയിലെ അപാകതകൾ ഭാഗം IIIൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-34 ജാമ്യനിക്ഷേപം (Performance Guarantee) കെട്ടിവയ്ക്കാത്ത കരാറുകാരെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിച്ചു

2021-22 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് കരാർ വെച്ചിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിശ്ചിത ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ്/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി എന്നിവ ഈടാക്കിയിട്ടില്ലെന്ന് സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | കരാർ തുക | സെക്യൂരിറ്റി/ എ.പി.ജി. | കരാർ നമ്പർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തീയതി |
| 1 | 22 | ഇഞ്ചപ്പാറ - കാരിഞ്ചക്കുഴി റോഡ് റീടാറിംഗ്, ഐറിഷ് – കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | ശ്രീ. ഷിബു ഇ. സാമുവൽ | 1664781 | 83500 | 216/2021-22 15.02.22 |
| 2 | 37 | കരിമ്പനയ്ക്കൽ-മേലേഭാഗം റോഡ് പുനരുദ്ധാരണം (ഇലന്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് - 5) | ശ്രീ. ബിജു ഡാനിയൽ | 0 | 63800 1100 | 225/2021-22 24.02.22 |
| 3 | 179 | ഇരമ്പുംകുഴി-വെളാളായിൽ റോഡ് റീ ടാറിംഗ് ഐറീഷ് ഡ്രെയിൻ (എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്- വാർഡ് 5) | ശ്രീ. ബിജു മാത്യു | 1227143 | 36900 | 73/2021-22 08.10.21 |
| 4 | 186 | മേലുകര - തുണ്ടിയിൽക്കടവ് റോഡ് മെയിന്റനൻസ് (കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഡ് - 2) | ശ്രീ. സി.ആർ. വിജയൻ | 841962 | 25300 | 47/**2021-22** 30.09.21 |
| 5 | 374 | മന്ദമരുതി വലിയക്കാവ് റോഡ് - വാട്ടർക്കായം പാലം മുതൽ ഞട്ടുതോട്ടിൽപ്പടി വരെ റീടാറിംഗ്- അങ്ങാടി ഗ്രാമ പഞ്ചായത്ത് വാർഡ് 4 | ശ്രീ രഞ്ജു പി. ജെയിംസ് | 877868 | 26500 | 17/2021-22 18.06.21 |
| 6 | 378 | മണിയാർ - കട്ടച്ചിറ കുടപ്പന റോഡ് പുനരുദ്ധാരണം- ചിറ്റാർ ഗ്രാമപഞ്ചായത്ത് | ശ്രീമതി വിജയ റ്റി. | 1781322 | 53500 | 13/2021-22 16.06.21 |
| 7 | 386 | ബംഗ്ലാവ്പടി - ശവക്കോട്ടപടി-ഇടമുറിപാലം - റബർബോർഡ് റോഡ് പുനരുദ്ധാരണം - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | ശ്രീ. നിതിൻ ജോസഫ് | 873379 | 26500 | 19/2021-22 21.06.21 |
| 8 | 425 | കൈതക്കര കുളത്തിങ്കൽ റോഡ് റീ ടാറിംഗ് ഐറിഷ് - കോന്നി ഗ്രാമപഞ്ചായത്ത് | ശ്രീ. ബിപിൻ റ്റി. വിജയൻ | 1338274 | 40150 | 14/2021-22 16.06.21 |
| 9 | 431 | ചെങ്ങറ പോസ്റ്റോഫീസ് പടി റോഡ് പുനരുദ്ധാരണം | ശ്രീ. മുഹമ്മദ് അനീസ് | 788197 | 23650 | 27/2021-22 30.06.21 |
| 10 | 435 | ഏഴാംതല ആറ്റുവശം റോഡ് സംരക്ഷണഭിത്തി നിർമ്മാണം - തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | ശ്രീ ബെന്നി പി.ജെ. | 727030 | 22000 | 36/2021-22 11.08.21 |
| 11 | 530 | മലമേക്കര - തൈവിള കനാൽ റോഡ് പുനരുദ്ധാരണം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | ശ്രീ. രഞ്ജി പി. രാജു | 891588 | 26750 | 32/2021-22 23.07.21 |

| | | | | | | |
|---|---|---|---|---|---|---|
| 12 | 606 | കടവത്ര വെള്ളൂർ റോഡ് പുനരുദ്ധാരണം - നെടുമ്പ്രം ഗ്രാമപഞ്ചായത്ത് | ശ്രീ.ജോർജ്ജ് പി. മാത്യൂ | 1310084 | 66000 | 241/2021-22 03.03.22 |
| 13 | 787 | കോങ്കുളഞ്ഞി - കുറുന്താർ റോഡ് പുനരുദ്ധാരണം - രണ്ടാം ഘട്ടം - ആറന്മുള ഗ്രാമ പഞ്ചായത്ത് | ശ്രീ. അനിൽകുമാർ എൻ.സി. | 860989 | 43050 | 230/2021-22 25.02.22 |
| 14 | 106 | കല്ലുംപുറം - നമ്പൂലം ഏലാ റോഡ് പുനരുദ്ധാരണം കടമ്പനാട് ഗ്രാമ പഞ്ചായത്ത് | ശ്രീ. എം.ബിജു | 926408 | 27800<br>37500 | 343/2021-22 31.03.22 |
| 15 | 156 | കൈച്ചിറ-കല്ലൂർകുളം-ആനയാർ-പ്രയാറ്റുകടവ് റോഡ് പുനരുദ്ധാരണം (കുറ്റൂർ ഗ്രാപ വാർഡ് 5) - | ശ്രീ. പി.എ. മാത്യൂ | 810000 | 40500<br>460 | 347/2021-22 31.03.22 |
| 16 | 269 | ചാങ്കുർ വലിയപച്ച റോഡ് പുനരുദ്ധാരണം ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് | ശ്രീ. മനു ജി. | 1620530 | 82000<br>165000 | 232/2021-22 28.02.22 |
| 17 | 329 | അടൂർ ഗവ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ ഷീ ടോയ്ലെറ്റ് നിർമ്മാണം | ശ്രീ. രാജേഷ് കെ. | 674740 | 34000 | 215/2021-22 14.02.22 |
| 18 | 396 | ഗവ.എച്ച്.എസ്സ്. തുമ്പമൺ നോർത്ത് – ഷീ ടോയ്ലറ്റ് & ഫെസിലിറ്റേഷൻ സെൻറർ നിർമ്മാണം | ശ്രീ. രഘുനാഥൻ നായർ | 577911 | 18001 | 3/2021-22 26.05.21 |
| 19 | 411 | കുളനട ഗവ.എച്ച്.എസ്.എസ് - ഷീ ടോയ് ലറ്റ് നിർമ്മാണം - കുളനട ഗ്രാമപഞ്ചായത്ത് | ശ്രീ. രഘുനാഥൻ നായർ | 63693 | 2000 | 5/2021-22 26.05.21 |
| 20 | 427 | തുമ്പാക്കുളം ചന്ദ്രാകടവ് പാലം താഴെ പൂച്ചക്കുളം റോഡിൽപാലേലി മണ്ണിൽപടി റോഡ്സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 3 തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് | ശ്രീ. സജികുമാർ പി.എസ്. | 713884 | 21500 | 37/2021-22 18.08.21 |
| 21 | 434 | കുട്ടവെട്ടിക്കൽ വൈ എം സി എ കിടങ്ങന്നൂർ റോഡ് പുനരുദ്ധാരണം - മെഴുവേലി ഗ്രാമ പഞ്ചായത്ത് | ശ്രീ. അനൂപ് ജി. | 510221 | 15400 | 23/2021-22 24.06.21 |
| 22 | 466 | അയിരൂർ ഗവ. എച്ച്.എസ്.എസ്. - ഷീ | ശ്രീ. രഘുനാഥൻ | 78586 | 2400 | 4/2021-22 26.05.21 |

| | | | | | | |
|---|---|---|---|---|---|---|
| | | ടോയ്‌ലറ്റ് - അയിരൂർ ഗ്രാമപഞ്ചായത്ത് | നായർ | | | |
| 23 | 484 | കാഞ്ഞിരത്തോലിൽ മുള്ളൻവാരം ഈട്ടി നിൽക്കുന്നതിൽപ്പടി കലുങ്ക് നിർമ്മാണം സൈഡ് കെട്ട്- നാരങ്ങാനം ഗ്രാപ | ശ്രീ. ബിൻസു ഡാനിയൽ | 1165063 | 40200 | 20/2021-22 21.06.21 |
| 24 | 687 | കുരീക്കാട്ടിൽപടി ഞാലിപ്പറമ്പിൽപ്പടി റോഡ് പുനരുദ്ധാരണം നാരങ്ങാനം ഗ്രാമ പഞ്ചായത്ത് | ശ്രീ. ബിജു മാത്യൂ | 1308477 | 65500 | 238/2021-22 03.03.22 |
| 25 | 747 | നെടുമ്പ്രം ജി എച്ച് എസിൽ ആർട്ട് റൂം നിർമ്മാണം- ആർ എംഎസ് എ ഫണ്ട് | ശ്രീ. ബിജു മാത്യൂ | 1518358 | 45560 | 24/2021-22 25.06.21 |
| 26 | 863 | മാങ്കോട് ഗവഹയർ സെക്കൻഡറിസ്കൂൾ ചുറ്റുമതിൽ പുനരുദ്ധാരണം | ശ്രീ. ജോസ് എ. | 395642 | 20000 12000 | 283/2021-22 16.03.22 |
| 27 | 872 | പ്രളയത്തിൽ ബലക്ഷയം സംഭവിച്ച മല്ലൻകുഴ പുതുവൽറോഡിലെ കഞ്ചോട് പാലം പുനരുദ്ധാരണം അപ്രോച്ച് റോഡ് നിർമ്മാണം-കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | ശ്രീ. ജോസ് എ. | 695199 | 20900 109300 | 342/2021-22 31.03.22 |

ആര് സമർപ്പിച്ച ടെണ്ടറാണോ അംഗീകരിച്ചത് അയാൾ കരാർ തുകയുടെ 5% ജാമ്യനിക്ഷേപമായി കെട്ടിവെക്കേണ്ടതും, കരാർ പത്രം ഒപ്പിട്ട് നൽകേണ്ടതുമാണ് (പൊതുമരാമത്ത് ചട്ടം 10(15)). സെക്യൂരിറ്റി ഡെപ്പോസിറ്റ്, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്റെ രൂപത്തിലോ, ബാങ്ക് ഗ്യാരന്റിയായോ ഹാജരാക്കിയെങ്കിൽ മാത്രമേ കരാറുകാരെ കരാറിലേർപ്പെടാൻ അനുവദിക്കാൻ പാടുള്ളൂ. എഗ്രിമെന്റ് സമയത്ത് കരാറുകാരൻ നൽകുന്ന ജാമ്യനിക്ഷേപം ഡിഫെക്ട് ലയബിലിറ്റി പീരിയേഡിന് ശേഷം മാത്രമേ തിരികെ നൽകാനാവൂ. കരാർ ലംഘനം മൂലമോ, പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്ന തകരാറുകൾ കാരണമോ സ്ഥാപനത്തിനുണ്ടാകാവുന്ന നഷ്ടം കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ പരിഹരിക്കുന്നതിന് ജാമ്യ നിക്ഷേപം ഈടാക്കേണ്ടത് അനിവാര്യമാണ്.

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ കരാറുകാരിൽനിന്നും PWD മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ്/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി ഈടാക്കിയതിന്റെ വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/30.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജാമ്യ നിക്ഷേപം കെട്ടിവെയ്ക്കാതെ കരാറുകാരെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഇതുമൂലം സ്ഥാപനത്തിനുണ്ടാകാൻ സാധ്യതയുള്ള നഷ്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവാദിയായിരിക്കുന്നതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 കരാർ ലംഘനം നടത്തിയ കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്

## കണ്ട്കെട്ടാതെ മടക്കി നൽകി

മുൻ വർഷങ്ങളിൽ ജില്ലാപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ കരാറെടുത്തിരുന്ന നിരവധി കരാറുകാർ പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയിട്ടുള്ളതാണ്. കരാർ ലംഘനം ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കരാർ ഉടമ്പടിയിലും, പി.ഡബ്ല്യു.ഡി. മാന്വലിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കരാറുകാർ പ്രവൃത്തി ഉപേക്ഷിക്കുന്ന സംഗതിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട്കെട്ടി പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം നടപ്പിലാക്കേണ്ടതും, അതുമൂലം പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവെച്ച് കരാറെടുത്ത കോൺട്രാക്ടർമാർ പ്രവൃത്തി ഉപേക്ഷിച്ചെങ്കിലും ഇവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനോ, സെക്യൂരിറ്റി കണ്ട്കെട്ടി മറ്റൊരു ഏജൻസി മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കുന്നതിനോ നിർവ്വഹണാധികാരി നടപടി സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല ജാമ്യനിക്ഷേപമായി ഇവർ ഹാജരാക്കിയിരുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ മടക്കി നൽകുകയും ചെയ്തു. സെക്യൂരിറ്റി രജിസ്റ്ററിന്റെ വിശദമായ പരിശോധനയിലാണ് അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇപ്രകാരം കരാറുകാർ പ്രവൃത്തി നടത്താതെ ഉപേക്ഷിച്ചതും ക്രമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകിയിട്ടുള്ളതുമായവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര്, കരാർ നം.,തീ. | കരാറുകാരൻ | സെക്യൂരിറ്റി തുക | സെക്യൂരിറ്റി രജിസ്റ്ററിലെ റഫറൻസ് നമ്പർ | സെക്യൂരിറ്റി മടക്കി നൽകിയ തീയതി |
|---|---|---|---|---|---|---|
| 1 | 210 | പാറപ്പുഴ ക്രോസ് റോഡ് ഡ്രൈൻ,& ഐറിഷ് ഡ്രൈയിൻ, തോട്ടപ്പുഴശ്ശേരി ജിപി<br>21/18-19, Dtd. 01.09.18 | ശ്രീ അനീഷ് സക്കറിയ, കടക്കാട്ട് വീട്, റാന്നി | 24600 | 45/18-19 | 26.02.21 |
| 2 | 247 | തുപ്പാറ മൂഴിക്കൽപടി- കുറ്റിയിൽ പടി - മുകള്പറമ്പിൽ ലക്ഷം വീട്കോളനി റോഡ് പുനരുദ്ധാരണം (വള്ളിക്കോട് ഗ്രാമപഞ്ചായത്)<br>98/18-19, Dtd. 26.09.18 | ശ്രീ ജിജി വർഗ്ഗീസ്, ചെമ്പലാത്ത് വീട്, ഊന്നുകൽ, | 57000 | 104/18-19 | 01.10.20 |
| 3 | 250 | കൈപ്പട്ടൂർ ഗവ. ഹൈസ്കൂൾ അറ്റകുറ്റപ്പണി, ഇലക്ട്രിഫിക്കേഷൻ (വള്ളിക്കോട് ഗ്രാമപഞ്ചായത്)<br>27/18-19, Dtd. 27.09.18 | ശ്രീ സജി മാത്യു, കുളങ്ങര, പ്രക്കാനം | 75000 | 130/18-19 | 18.09.20 |
| 4 | 294 | മുല്ലമ്പൂർ കോളനി പഞ്ചായത്ത് കുളം റോഡ് മെയിന്റനൻസ് ഏനാദിമംഗലം ജി പി<br>177/18-19, Dtd. 24.11.18 | ശ്രീ രാജേഷ് കെ., അനിതാ വിലാസം, പുതുമല | 30000 | 157/18-19 | 07.10.20 |
| 5 | 442 | സെന്റമേരീസ് -ചർച്ച് - മുത്തൂറ്റ് പള്ളം റോഡ് മെയിന്റനൻസ് കടപ്ര ജി പി<br>212/18-19, Dtd. 15.12.18 | ശ്രീ അനിൽ വർഗ്ഗീസ്, വലിയപറമ്പിൽ, ചാത്തൻകരി പി.ഒ. | 75000 | 197/18-19 | 22.05.20 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 36 | അമ്പലം മുക്ക് - ഓർത്തഡോക്സ് പള്ളി റോഡ് മെയിന്റനൻസ് ഏഴംകുളം ഗ്രാമപഞ്ചായത്ത്<br>67/17-18, Dtd. 15.11.17 | ശ്രീ രാജേഷ് കെ., അനിതാ വിലാസം, പുതുമല | 28000 | 59/17-18 | 07.10.20 |
| 7 | 750 | മൂന്നാംപറ-കാരുമുറി ഏലാ റോഡ് സംരക്ഷണഭിത്തി നിർമ്മാണം - കടമ്പനാട് പഞ്ചായത്ത്<br>323/17-18, Dtd. 24.03.18 | ശ്രീ ജേക്കബ് തോമസ്, ഇമ്മാനുവേൽ ഹൗസ്, കളക്കട | 45200 | 277/17-18 | 01.10.20 |
| 8 | 632 | ആശാരിമുക്ക് - മഹാണിമല റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ - നാരങ്ങാനം ഗ്രാമപഞ്ചായത്ത്<br>38/17-18, Dtd. 02.11.17 | ശ്രീ ജിജി വർഗ്ഗീസ്, ചെമ്പലാത്ത് വീട്, ഊന്നുകൽ, | 25000 | 38/17-18 | 09.10.20 |
| 9 | 752 | കലമാൻകുഴി പുരയ്ക്കൽ പടി കലുങ്ക് അറ്റകുറ്റപ്പണികൾ - നാറാണമൂഴി<br>107/17-18, Dtd. 19.12.17 | ശ്രീ മോൻ ജോസഫ്, ഓത്തുങ്കൽ വീട്, നെല്ലിക്കാമൺ | 82800 | 97/17-18 | 19.07.22 |
| 10 | 852 | നേടിയുഴത്തിൽ പടി കൊട്ടവാതുക്കൽ റോഡ് - കുളനട പഞ്ചായത്ത്<br>150/17-18, Dtd. 04.01.18 | ശ്രീ ബിജു ഡാനിയൽ അരീക്കത്തറയിൽ, വാഴമുട്ടം | 50000 | 138/17-18 | 08.08.19 |
| 11 | 552 | അങ്കണവാടി നം. 77 പുതിയ കെട്ടിടം കലഞ്ഞൂർ | ശ്രീ വിനായക് വി., വിനായക് ഭവൻ, മുറിഞ്ഞകൽ | 122500 | 304/17-18 | 06.10.22 |
| 12 | 739 | കടപുഴ മണ്ണാറത്തറ കുളകുറ്റി റോഡ് റിടാറിംഗ്<br>242/18-19, Dtd. 18.01.19 | ശ്രീ അബ്ദുൾ സമദ്, മേപ്രത്ത് വീട്, അങ്ങാടി, റാന്നി | 102000 | 207/18-19 | 19.12.19 |
| 13 | 1005 | കോഴഞ്ചേരി ജില്ലാ ആശുപത്രിക്ക് പാലിയേറ്റീവ് കെയർ കെട്ടിടം<br>226/18-19, Dtd. 04.01.19 | ശ്രീ എ.കെ. സന്തോഷ് കുമാർ, ആലുവിളയിൽ, മേലൂട്, അടൂർ | 75000 | 210/18-19 | 15.10.20 |
| 14 | 1093 | കുരച്ചാൽ-ഇമ്മാനുവേൽ പള്ളിപ്പടി റോഡ് പുനരുദ്ധാരണം കലുങ്ക് നിർമ്മാണം പെരിങ്ങര പഞ്ചായത്ത്<br>211/18-19, Dtd. 15.12.18 | ശ്രീ അനിൽ വർഗ്ഗീസ്, വലിയപറമ്പിൽ, ചാത്തൻകരി പി.ഒ.(ഈ പ്രോജക്ട് നിലവിൽ സ്പിൽ ഓവർ ആണ്.) | 77000 | 184/18-19 | 20.05.20 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, ഈ പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം സ്പിൽ ഓവറിൽ

ഉൾപ്പെടുത്തേണ്ടതില്ലെന്ന് 11.06.2019-ൽ കൂടിയ ജില്ലാപഞ്ചായത്ത് കമ്മിറ്റി യോഗം തീരുമാനിച്ചതിനാലാണ് (തീരുമാനം നം.1(4)) സെക്യൂരിറ്റി മടക്കി നൽകിയതെന്ന് വിശദീകരിച്ചു. എന്നാൽ പ്രസ്തുത തീരുമാനത്തിൽ പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനോ, സെക്യൂരിറ്റി മടക്കി നൽകുന്നതിനോ അസി.എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടില്ല. മറിച്ച് കരാറുകാർ എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ സ്പിൽ ഓവർ പ്രോജക്ടുകളുടെ കൂട്ടത്തിൽനിന്നും ഒഴിവാക്കുന്നതിനും, കരാറുകാർ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ തുക നൽകുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് കണ്ടു. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി ആരംഭിക്കാതെ കരാർ ലംഘനം നടത്തിയിട്ടുള്ള സാഹചര്യത്തിലാണ് പ്രസ്തുത പ്രവൃത്തികൾ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ടതെന്ന് സ്പഷ്ടമാണ്.

കരാർ ലംഘനമുണ്ടാകുകയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് കരാറുകാർ തുടർന്ന് പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കാതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സെക്യൂരിറ്റി തുക കണ്ടുകെട്ടി, പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതായിരുന്നു. ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ചമൂലം സെക്യൂരിറ്റി തുകയും അതിന്മേലുള്ള പലിശയും ഉൾപ്പടെ ഗണ്യമായ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായി. ഈ നഷ്ടത്തിന് നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എക്സി.എഞ്ചിനീയർ ഉത്തരവാദിയാണ്.

അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര നിർണ്ണയ ലബോറട്ടറി നാളിതുവരെ സ്ഥാപിച്ചിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണപരിശോധനാ ടെസ്റ്റുകളുടെ റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണെന്ന് കേരള പൊതുമരാമത്ത് മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ട്. മാനുവലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3-Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ജി.ഒ(ആർ.റ്റി) 469/2013/PWD/30.3.2013 -ാം നമ്പർ ഉത്തരവ് പ്രകാരം ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലാപഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2,97,000 രൂപ ചെലവഴിച്ച് Sieve Shaker 200/300 Mm (1 എണ്ണം), Brass Test Sieves 200 Mm (37 എണ്ണം), Core Cutter (1 എണ്ണം), Automatic Levelling Instrument (1 എണ്ണം), Concrete Cube Moulds (12 എണ്ണം), Electronic Weighing Balance (2 എണ്ണം) , Digital Thermometer (1 എണ്ണം) എന്നിവ വാങ്ങിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.11.19-ലെ ഇ7/11805/19/CE/LSGD നമ്പർ ഉത്തരവ് പ്രകാരം കോയിപ്രം ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത ലാബ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി ലാബ് സ്ഥാപിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർ ഈ വിഷയത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിഷയത്തിൽ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-37 കരാർ വെച്ചതിനുശേഷം പ്രവൃത്തികൾ ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല

മുൻ വാർഷിക പദ്ധതികളുടെ ഭാഗമായി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച വിവിധ മരാമത്ത് പ്രവൃത്തികൾ കരാറെടുത്ത വ്യക്തികൾ പ്രവൃത്തി നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഈ പ്രവൃത്തികൾ സ്പിൽ ഓവറായി നിലനിർത്തിയിട്ടില്ല. 5.89 കോടി രൂപ അടങ്കലുണ്ടായിരുന്ന 52 മരാമത്ത് പ്രവൃത്തികളാണ് ഇപ്രകാരം എഗ്രിമെന്റ് വെച്ചതിനുശേഷം കരാറുകാർ പ്രവൃത്തി നടത്താതെ

ഉപേക്ഷിച്ചതായി കണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോ. നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|---|
| 1. | 2017-2018 | 552 | അങ്കണവാടി നം. 77 പുതിയ കെട്ടിടം കലഞ്ഞൂർ | 2500000 |
| 2. | 2019-2020 | 1307 | അടൂർ ഗവ.ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ ആഡിറ്റോറിയം നവീകരണം | 200000 |
| 3. | 2018-2019 | 219 | അതിരുങ്കൽ പടപ്പാറ ക്ഷേത്രം കോളനി റോഡ് സൈഡ് കെട്ട് ( കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്) | 1050000 |
| 4. | 2019-2020 | 205 | അത്തിക്കയം ഗുരുമന്ദിരം കടുമീൻചിറ അമ്പലംപടി റോഡ് റീടാറിങ് ആൻഡ് ഐറിഷ് നാറാണംമൂഴി ജിപി | 500000 |
| 5. | 2017-2018 | 841 | അപ്പൂപ്പൻ തോട് എസ്.എൻ.ഡി.പി.ജംഗ്ഷൻ റോഡ് സംരക്ഷണഭിത്തി നിർമ്മാണം അരുവാപ്പുലം പഞ്ചായത്ത് | 1375000 |
| 6. | 2017-2018 | 36 | അമ്പലം മുക്ക് - ഓർത്തഡോക്സ് പള്ളി റോഡ് മെയിന്റെനൻസ്- ഏഴംകുളം ഗ്രാമപഞ്ചായത്ത് | 565000 |
| 7. | 2018-2019 | 178 | അയിരൂർ ഗവ. എച്ച്.എസ്.എസ്. - ഷീ ടോയ്‌ലറ്റ് - അയിരൂർ ഗ്രാമപഞ്ചായത്ത് | 1500000 |
| 8. | 2017-2018 | 773 | ആഞ്ഞിലികുന്ന് വില്ലേജ് ഓഫീസ് വടക്കുപുറം റോഡ് റീടാറിംഗ്- കോന്നി ഗ്രാമപഞ്ചായത്ത് | 1500000 |
| 9. | 2020-2021 | 810 | ആറന്മുള ജി.വി.എച്ച്.എസ്.എസ്.-ൽ ലാബ്, ആർട്ട് റൂം, കമ്പ്യൂട്ടർ റൂം, ലൈബ്രറി നിർമ്മാണം - ആർ.എം.എസ്.എ. ഫണ്ട് | 2310000 |
| 10. | 2019-2020 | 185 | ഇടമുറി ജി.എച്ച്.എസ്. കവാടം നിർമ്മാണം | 500000 |
| 11. | 2017-2018 | 846 | ഇടയത്ത്പടി മീനുട്ടിപടി ഇടക്കണ്ണം റോഡ് റീടാറിംഗ് ഐറിഷ് സംരക്ഷണഭിത്തി നിർമ്മാണം -തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | 1500000 |
| 12. | 2019-2020 | 485 | എലിമുള്ളും പ്ളാക്കൽ ഹയർസെക്കൻററി സ്കൂൾ-ഗ്രൌണ്ട് നിർണം, ചുറ്റുമതിൽ, ഗേറ്റ് | 1000000 |
| 13. | 2018-2019 | 482 | എലിമുള്ളുംപ്ലാക്കൽ - ഗവ. ഹയർ സെക്കണ്ടറി സ്കൂൾ 2 ക്ലാസ്സ് റൂമുകളിൽ പെയിന്റിംഗ്, ടൈൽ ഇടീൽ | 140000 |
| 14. | 2018-2019 | 1087 | എലിമുള്ളുംപ്ലാക്കൽ ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ എസ്സ്.എസ്സ്.എ. ഫണ്ട് ഉപയോഗിച്ച് അഡീഷണൽ ക്ലാസ്സ് മുറി നിർമ്മാണം | 2000000 |
| 15. | 2019-2020 | 374 | എലിമുള്ളുംപ്ലാക്കൽ ജി.എച്ച്.എസ്.എസിൽ ആർട്ട് റൂം, ലൈബ്രറി നിർമ്മാണം- ആർ.എം.എസ്.എ ഫണ്ട് | 700000 |
| 16. | 2017-2018 | 535 | എസ്.സി. കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മാണം പ്രാരംഭ നടപടികൾ | 2000000 |
| 17. | 2018-2019 | 246 | ഏലായിൽ പടി - മായക്കോട് റോഡ് സൈഡ് വോൾ - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 1000000 |
| 18. | 2018-2019 | 26 | കടുമീൻഞ്ചിറ ഗവ.ഹൈസ്കൂൾ പുതിയകെട്ടിട നിർമ്മാണം | 1500000 |
| 19. | 2017-2018 | 752 | കലമാൻകുഴി പുരയ്ക്കൽ പടി കലുങ്ക് അറ്റകുറ്റപ്പണികൾ നാറാണമൂഴി | 1660000 |

| | | | | |
|---|---|---|---|---|
| 20. | 2017-2018 | 31 | കല്യാണിക്കൽ - കരിഞ്ചേറ്റിൽ റോഡ് മെയിന്റെനൻസ് ഏഴംകുളം ഗ്രാമപഞ്ചായത്ത് | 1800000 |
| 21. | 2020-2021 | 956 | കല്യാണിക്കൽ - കരിഞ്ചേറ്റിൽ റോഡ് മെയിന്റെനൻസ് ഏഴംകുളം ഗ്രാമപഞ്ചായത്ത് | 590000 |
| 22. | 2018-2019 | 477 | കാട്ടാത്തി - എസ്.റ്റി ഗിരിജൻ കോളനി റോഡ് സംരക്ഷനഭിത്തി നിർമാണം ( അരുവാപ്പുലം പഞ്ചായത്ത്) | 800000 |
| 23. | 2019-2020 | 346 | കിസ്സിമം ജി എച്ച് എസ് ൽ ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി നിർമ്മാണം- ആർ എം എസ് എ ഫണ്ട്. | 2310000 |
| 24. | 2021-2022 | 507 | കുപ്പക്കര - വട്ടമൺ റോഡ് പുനരുദ്ധാരണം വാർഡ് 9 കോന്നി പഞ്ചായത്ത് | 1500000 |
| 25. | 2018-2019 | 1093 | കുരച്ചാൽ-ഇമ്മാനുവേൽ പള്ളിപ്പടി റോഡ് പുനരുദ്ധാരണം കലുങ്ക് നിർമ്മാണം പെരിങ്ങര പഞ്ചായത്ത് | 1535000 |
| 26. | 2017-2018 | 959 | കെ.എൻ.എം.എച്ച്.എസ്സ് കവിയൂർ ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ അധിക വിഹിതം | 130000 |
| 27. | 2018-2019 | 250 | കൈപ്പട്ടൂർ ഗവ. ഹൈസ്കൂൾ അറ്റകുറ്റപണി, ഇലക്ട്രിഫിക്കേഷന് (വള്ളിക്കോട് ഗ്രാമപഞ്ചായത്) | 1976215 |
| 28. | 2019-2020 | 397 | കൊക്കാത്തോട് ജി എച്ച് എസിൽ ആർട്ട് റൂം നിർമ്മാണം- ആർ.എം.എസ്.എ. ഫണ്ട് | 500000 |
| 29. | 2018-2019 | 1005 | കോഴഞ്ചേരി ജില്ലാ ആശുപത്രിക്ക് പാലിയേറ്റീവ് കെയർ കെട്ടിടം | 1500000 |
| 30. | 2019-2020 | 1370 | കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ പെയിൻറിംഗ് അറ്റകുറ്റപണി | 1000000 |
| 31. | 2019-2020 | 66 | ഗവ ഹൈസ്കൂൾ കോയിപ്രം കാലവർഷക്കെടുതിയിൽ നശിച്ച ചുറ്റുമതിൽ നിർമാണം | 100000 |
| 32. | 2018-2019 | 359 | ഗവ. എച്ച്.എസ്.എസ്. ഓമല്ലൂർ ക്ലാസ്സ് റൂം നിർമ്മാണം | 2500000 |
| 33. | 2018-2019 | 1065 | ഗവ.എൽ.പി.എസ്സ് മഞ്ചാടിപ്പടി റോഡ് പുനരുദ്ധാരണം കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | 500000 |
| 34. | 2019-2020 | 1162 | ഗവ.എൽ.പി.എസ്സ് മഞ്ഞനിക്കര-ആർച്ച്, നെയിം ബോർഡ്, പെയിൻറിംഗ് അനുബന്ധ സൗകര്യങ്ങൾ - ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 300000 |
| 35. | 2017-2018 | 962 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ തുമ്പമൺ നോർത്ത് കുടിവെള്ള സൌകര്യം വർദ്ധിപ്പിക്കൽ ആർ.എം.എസ്സ്.എ. അധിക വിഹിതം | 50000 |
| 36. | 2017-2018 | 816 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ തെങ്ങമം ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ അധിക വിഹിതം | 630000 |
| 37. | 2017-2018 | 804 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ തെങ്ങമം മേജർ റിപ്പയർ ആർ.എം.എസ്സ്.എ. അധിക വിഹിതം | 297000 |
| 38. | 2017-2018 | 907 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ വെച്ചൂച്ചിറ കോളനി ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ. അധിക വിഹിതം | 700000 |
| 39. | 2017-2018 | 875 | ഗവ.ഹയർസെക്കൻഡറി സ്കൂൾ സംരക്ഷണഭിത്തി നിർമ്മാണം തേക്കുതോട് | 1500000 |

| | | | | |
|---|---|---|---|---|
| 40. | 2018-2019 | 1158 | ഗവ.ഹൈസ്കൂൾ കോഴഞ്ചേരി ലാബ്, ആർട്ട് റൂം നിർമ്മാണം ആർ.എം.എസ്സ്.എ വിഹിതം | 1110000 |
| 41. | 2017-2018 | 821 | ഗവ.ഹൈസ്കൂൾ പെരിങ്ങര ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ അധിക വിഹിതം | 451000 |
| 42. | 2017-2018 | 800 | ഗവ.ഹൈസ്കൂൾ പെരിങ്ങര മേജർ റിപ്പയർ ആർ.എം.എസ്സ്.എ അധിക വിഹിതം | 1050000 |
| 43. | 2017-2018 | 1069 | ചക്രശാലനകടവ് പനച്ചമൂട്ടിൽ കടവ് റോഡ് മെയിന്റനൻസ് ബാലൻസ് പ്രവർത്തി, കുറ്റൂർ | 680000 |
| 44. | 2018-2019 | 1211 | ചന്ദനകുന്ന് ഗവ.യു.പി. സ്കൂൾ പഴയ കെട്ടിടം നവീകരണം-മെഴുവേലി ഗ്രാമപഞ്ചായത്ത് | 300000 |
| 45. | 2018-2019 | 1098 | ജില്ലാ വെറ്റിനറി കേന്ദ്രം അടിസ്ഥാന സൌകര്യവികസനം | 500000 |
| 46. | 2017-2018 | 854 | ഞാവലിക്കോട്ടു നെടുംപോയ്ക റോഡ് സൈഡ് കെട്ട്- ആറൻമുള ഗ്രാമപഞ്ചായത്ത് | 600000 |
| 47. | 2018-2019 | 265 | തെങ്ങമം എച്ച്.എസ്.എസ്. സ്കൂൾ മെയിൻന്റനൻസ് -പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 1200000 |
| 48. | 2017-2018 | 852 | നേടിയുഴത്തിൽ പടി കോട്ടവാതുക്കൽ റോഡ്- കുളനട ഗ്രാമപഞ്ചായത്ത് | 1000000 |
| 49. | 2017-2018 | 755 | പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് വാർഡ് 6 പെരുവയൽ അംഗനവാടി കെട്ടിടം | 1500000 |
| 50. | 2017-2018 | 922 | പാലയ്ക്കൽത്തകിടി സ്കൂൾ ജം. പൂവത്താനം അഫ്രിക്കപ്പുമടി റോഡ് കുന്നന്താനം പഞ്ചായത്ത് | 3000000 |
| 51. | 2017-2018 | 672 | പെരിങ്ങനാട് TMGHSS മെയിന്റെനന്സ് പള്ളിക്കൽ | 1200000 |
| 52. | 2018-2019 | 167 | പാകിസ്ഥാൻമുക്ക്- പാണ്ടി മലപ്പുറം റോഡ് റീടാറിംഗ്, സൈഡ് കെട്ടു, ഐറീഷ് ഡ്രൈയിൻ - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2600000 |

എഗ്രിമെന്റ് വെച്ച പ്രവൃത്തികളുടെ സംഗതിയിൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലോഷർ എഗ്രിമെന്റ് വെച്ച് വേണം കരാർ ഉടമ്പടി അവസാനിപ്പിക്കാൻ. എന്നാൽ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ, ക്ലോഷർ എഗ്രിമെന്റ് വെച്ച് കരാർ നിയമാനുസൃതം അവസാനിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. കരാറുകാർ യഥാസമയം പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ സാഹചര്യത്തിലാണ് ഈ പ്രവൃത്തികൾ സ്പിൽഓവറായി നിലനിർത്താതെ ഒഴിവാക്കപ്പെട്ടതെന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും, ഇവരുടെ നിരത ദ്രവ്യം/ജാമ്യ നിക്ഷേപം/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി തുകകൾ എന്നിവ കണ്ടുകെട്ടിയിട്ടുണ്ടോയെന്നും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/19.01.2023) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റ് നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

**(1) ചെറിയ അടങ്കലുള്ള പ്രോജക്റ്റുകളുടെ അധിക്യം**

വാർഷിക പദ്ധതിയിൽ 60 ശതമാനം തുകയും പശ്ചാത്തല വികസന മേഖലയിലേയും, ഉൽപാദന മേഖലയിലേയും, സേവന മേഖലയിലേയും, മരാമത്ത് വേലകൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. പശ്ചാത്തല സൗകര്യങ്ങളുടെ വികസനം സമൂഹത്തിന്റെ മൊത്തം വികസനത്തിന്റെ ഭാഗമാണെന്നും,

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ലക്ഷ്യം സാമ്പത്തിക-സാമൂഹിക വികസനത്തെ സഹായിക്കയാണെന്നുമുള്ള കാഴ്ചപ്പാട് ജില്ലാപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ വേണ്ടത്രയില്ല. നിർമ്മാണ പ്രവൃത്തികളുടെ ഓരോന്നിന്റെയും സാമൂഹ്യമായ വികസന നേട്ടങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലല്ല പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നത്. കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ സമഗ്രതയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് ജില്ലാ പഞ്ചായത്തുകൾ മുൻതൂക്കം നൽകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും 15 ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയായിരുന്നു. ജില്ലാപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുപകരം ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണ് കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നത്.

മറ്റ് മേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിലെന്നപോലെ അടിസ്ഥാന സൗകര്യ വികസന മേഖലയിലേയും പ്രോജക്ടുകൾ ഏറ്റെടുത്തത് ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളും, സാദ്ധ്യതകളും പഠിച്ച് ശാസ്ത്രീയമായ രീതിയിലായിരുന്നില്ല. ജനങ്ങളുടെ ആവശ്യങ്ങളോ, ആ പ്രദേശത്തിന്റെ മൊത്തം വികസനത്തിൽ ആ പ്രോജക്ടിനുള്ള പ്രാധാന്യമോ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ വേണ്ടത്ര നടത്തുന്നില്ല. പൊതു വികസനത്തിന് ഉതകുന്നവിധം, വിഭവ ലഭ്യതയ്ക്കനുസരിച്ച് മുൻഗണന നിശ്ചയിക്കുന്നതിനും ശ്രദ്ധിക്കുന്നില്ല. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

**(2) പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച**

വാർഷിക പദ്ധതിയുടെ ഭാഗമായ മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. ഓഡിറ്റ് വർഷം 283 പുതിയ പ്രോജക്ടുകളും, 210 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 493 പ്രോജക്ടുകളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 60 ശതമാനം പ്രോജക്ടുകളും തൻവർഷം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല.

| പ്രോജക്ടുകളുടെ എണ്ണം | | | ആകെ വകയിരുത്തിയ തുക | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| 283 | 210 | 493 | 604977569 | 100 | 95 | 195 | 196728574 | 32.52 |

283 പുതിയ പ്രോജക്ടുകളിൽ 183 എണ്ണവും, 210 സ്പിൽഓവർ പ്രജക്ടുകളിൽ 115 എണ്ണവും തൻവർഷം പൂർത്തിയാക്കിയിട്ടില്ല. സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആകുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ചില സ്പിൽഓവർ പ്രോജക്ടുകൾ 2018-19 മുതൽ സ്പിൽ ഓവറായി തുടരുന്നവയാണെന്നു കണ്ടു. നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിനായി കൃത്യമായ ഒരു പ്രവർത്തനക്രമവും സമയ വിവരപട്ടികയും ഇല്ലാത്തതിന്റെ ഫലമായി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാര്യമായ ശ്രദ്ധയുണ്ടാകുന്നില്ല. അതിന്റെ ഫലമായുണ്ടാകുന്ന ചോർച്ചയും, വീഴ്ചയും തടയുന്നതിനുള്ള സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കരാർ എടുത്തതിനുശേഷം യഥാസമയം പ്രവൃത്തി ആരംഭിക്കാത്തതോ, പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിക്കുന്നതോ ആയ കരാറുകാർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വലിയ അലംഭാവമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ആറ് മാസം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ച് ജില്ലാ പഞ്ചായത്ത് ആവിഷ്കരിക്കുന്ന ഒരു മരാമത്ത് പ്രവൃത്തി സാധാരണഗതിയിൽ കരാറുകാർ പൂർത്തിയാക്കുന്നതിന് മൂന്ന് വർഷം വരെ സമയമെടുക്കുന്ന ദുസ്ഥിതിയുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിന് കരാറുകാർ വരുത്തുന്ന അസാധാരണമായ കാലതാമസം പരമാവധി 3% പിഴ ഈടാക്കി ക്രമപ്പെടുത്തുകയാണ് അധികൃതർ ചെയ്യുന്നത്.

പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം ഒരു പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന പൂർത്തീകരണ കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ അനുവദിക്കാവുന്ന ഒറ്റത്തവണ വർധന പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പടില്ല. ഒരു പ്രവൃത്തിക്ക് ഇത്തരത്തിൽ പരമാവധി അനുവദിക്കാവുന്ന വർധന ആകെ പൂർത്തീകരണ സമയത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല. ഉദാഹരണമായി ആറ് മാസം പൂർത്തീകരണ കാലയളവുള്ള ഒരു പ്രവൃത്തിക്ക് മൂന്ന് മാസം കൂടി പരമാവധി നീട്ടി നൽകാവുന്നതാണ്. ഇപ്രകാരം നീട്ടി നൽകുന്ന കാലയളവിനുള്ളിലും പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ തുടർന്ന് കാലതാമസം വരുത്തുന്ന ഒരോ ആഴ്ചയും കരാർ തുകയുടെ 0.1% നിരക്കിൽ പരാമവധി 10% വരെ ലികിഡേറ്റഡ് ഡാമേജ് കരാറുകാരനിൽനിന്നും ഈടാക്കണം. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി ലഭിക്കുന്നതിന് കരാറുകാർ യഥാസമയം അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് സമയം ദീർഘിപ്പിച്ചു നല്കുകയോ ചെയ്യുന്നില്ല. കരാർ പൂർത്തീകരണത്തിനുള്ള സമയപരിധി നീട്ടി ലഭിക്കാൻ അപേക്ഷിക്കാതിരിക്കുന്ന സംഗതിയിൽ കരാർ ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും അയാളെ അഞ്ചുവർഷത്തേക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽനിന്നും വിലക്കുകയും വേണം. എന്നാൽ വീഴ്ച വരുത്തുന്ന കാരാറുകാർക്കെതിരെ മേൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ കരാറുകാരെ യഥേഷ്ടം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിക്കുന്നു. ഫൈനൽ ബിൽ സമർപ്പിക്കുന്ന വേളയിൽ മാത്രം എത്ര കാലതാമസം വരുത്തിയിട്ടുണ്ടോ അത്രയും സമയം ക്രമീകരിക്കുന്നതിനുള്ള ഒന്നിലേറെ അപേക്ഷകളും, മുദ്രപത്രത്തിലുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളും ഒരുമിച്ച് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നു. ഇപ്രകാരം പതിനൊന്ന് സമയദീർഘീകരണംവരെ (Time Extension) ഒറ്റയടിക്ക് അനുവദിച്ച് പ്രവൃത്തി ക്രമീകരിച്ച് നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് [ഉദാ.565/18-പ്ലാച്ചേരി പനവേലിക്കുഴി മക്കപ്പുഴ റോഡ് പുനരുദ്ധാരണം (പഴവങ്ങാടി ജി.പി)]. കരാർ ലംഘനം നടത്തുന്ന കരാറുകാരെ കർശനമായി നേരിടാതെ വഴിവിട്ട് സഹായിക്കുന്ന സമീപനം എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്ത് പ്രകടമാണ്.

പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കാലാവസ്ഥ, പ്രവൃത്തിയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് യാഥാർത്ഥ്യബോധത്തോടെ ആവശ്യമായ പൂർത്തീകരണ സമയം അനുവദിക്കേണ്ടതും, ആയതിൽ കൂടുതൽ പൂർത്തീകരണ സമയം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ നിയമനുസൃതമായി മാത്രം ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്.

**(3) ചട്ടവിരുദ്ധമായി എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നു**

പ്രവൃത്തികൾ ടെണ്ടർ ചെയ്തതിനുശേഷമോ, അല്ലെങ്കിൽ പ്രവൃത്തി ഭാഗികമായി/പരിപൂർണ്ണമായി പൂർത്തിയാക്കിയതിനു ശേഷമോ, സർക്കാരിൽനിന്നുള്ള വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് വ്യാപകമായി റിവൈസ് ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 50 ശതമാനത്തോളം പ്രവൃത്തികളും ഇപ്രകാരം റിവൈസ് ചെയ്യപ്പെട്ടതായാണ് കണ്ടത്.

അസി.എഞ്ചിനീയർമാർ ഓവർസീയർമാരുടെ സഹായത്തോടെ സ്ഥലപരിശോധന നടത്തി പ്രവൃത്തിക്ക് അനുയോജ്യമായ രീതിയിൽ ഏറ്റവും കൃത്യതയോടെ മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചും നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചും ആകണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ശരിയായ അന്വേഷണമോ സൈറ്റ് പരിശോധനയോ ഇല്ലാതെ തിടുക്കത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, വേണ്ടത്ര പരിശോധന കൂടാതെ സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നതാണ് എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നതിന് ഇടയാക്കുന്നതെന്നാണ് വ്യക്തമാകുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ അംഗീകരിക്കാവുന്നതല്ല.

പ്രവൃത്തി പൂർത്തിയാക്കിയ ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാല്ലെന്ന് പദ്ധതി നിർവ്വഹണ

മാർഗ്ഗരേഖയിലും (പാര 3.8.2(9)(vi)), PWD മാന്വലിലും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രത്യേകിച്ചും Visible അല്ലാത്ത ഇനങ്ങൾ/അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഇവയ്ക്ക് എന്ത് കാരണവശാലും പ്രവൃത്തി ചെയ്തശേഷം അനുമതി നൽകാൻ പാടില്ല. എന്നാൽ നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും കാറ്റിൽ പറത്തികൊണ്ടാണ് റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകുന്നതെന്നാണ് പരിശോധനയിൽ വ്യക്തമായത്.

തീർത്തും ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാത്രം കാര്യകാരണ സഹിതമുള്ള വ്യക്തവും, കൃത്യവുമായ റിപ്പോർട്ട്ടോടുകൂടി ഭരണസമിതിയുടെയും, സാങ്കേതികാനുമതി ലഭ്യമാക്കിയ ഉദ്യോഗസ്ഥന്റെയും മുൻകൂർ അനുമതിയോടുകൂടിയും മാത്രം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

**(4) റോഡ് ആസ്തികളുടെ കൃത്യമായ വിവരം ഇല്ല; റോഡ് മെയിന്റനൻസ് ഗ്രാന്റ് വില്ലേജ് റോഡുകളുടെ പരിപാലനത്തിനായി വകമാറ്റുന്നു**

ഭരണഘടനയുടെ 73, 74 ഭേദഗതികളെ തുടർന്ന് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പല അധികാരങ്ങളും ചുമതലകളും സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. റോഡുകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന പാതകളും മേജർ ജില്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള മറ്റ് ജില്ലാ റോഡുകളും (ODR) വില്ലേജ് റോഡുകളും (Village Roads) ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുമുള്ള നയതീരുമാനം ജനകീയാസൂത്രണം ആരംഭിച്ചപ്പോൾ തന്നെ എടുത്തിരുന്നതാണ്. ഈ തീരുമാനം കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 1999-ൽ വരുത്തിയ ഭേദഗതിയിലൂടെ നിയമമാക്കുകയും ചെയ്തു. എന്നാൽ ഇത് നടപ്പാക്കിയില്ല. അതായത് ഒരോ ജില്ലാപഞ്ചായത്തിനും ഏതൊക്കെ റോഡുകൾ കൈമാറുന്നുവെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയോ, കൈമാറുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്തില്ലെന്നാണ് മനസ്സിലാകുന്നത്. ഇക്കാരണത്താൽ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ കൃത്യമായ വിവരം ഇല്ല. ജില്ലാ പഞ്ചായത്തിൽ റോഡ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി പരിപാലിക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ ചുമതലയുള്ള എല്ലാ റോഡുകളും പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയതിനുശേഷം മാത്രമേ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്തവീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതിയുള്ളു. അതുപോലെ തന്നെ അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായാണ് ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ സിംഹഭാഗവും വില്ലേജ് റോഡുകൾ മെച്ചപ്പെടുത്തുന്നതിന് വകമാറ്റുന്നത്. ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾക്കുവേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്ന നിബന്ധനയും പാലിക്കുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ റോഡ് ആസ്തികളുടെ രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് പ്രസ്തുത റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പരിപാലനത്തിന് മാത്രം ഉപയോഗിക്കേണ്ടതാണ്.

**(5) പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഇല്ല**

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനും, നിശ്ചത ഗുണനിലവാരവും പുലർത്തിയാണ് നടപ്പിലാക്കുന്നതെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടില്ല.

പുതുക്കിയ PWD മാനുവലിലെ Clause 2401, 2406 എന്നിവ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ ത്രിതല ഗുണനിലവാര നിരീക്ഷണ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്.

കേരള പി.ഡബ്ല്യൂ.ഡി. QC മാന്വൽ Clause 10.1 അനുസരിച്ച്, ഒരു പ്രവൃത്തിയുടെ ഓരോ ഇനത്തിലും ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. പിഡബ്ല്യൂഡി മാന്വലിലെ ക്ലോസ് 2401.1 പ്രകാരം ഒരു നിർമ്മാണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ, പ്രസ്തുത നിർമ്മിതി സ്വന്തം ചെലവിൽ പൊളിച്ച് മാറ്റി, ഗുണനിലവാരത്തോടെ പുനർനിർമ്മിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. കരാറുകാരൻ ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ഇവ നീക്കം ചെയ്യേണ്ടതും, ഇതുമൂലം ഉണ്ടാകുന്ന ചെലവ് കരാറുകാരന്റെ ബില്ലിൽ നിന്ന് നികത്തേണ്ടതുമാണ്.

സംസ്ഥാനത്തെ എല്ലാ ജില്ലാപഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവിട്ടിരുന്നു. ഇതനുസരിച്ച് 23.11.17-ൽ 297000 രൂപ ചെലവഴിച്ച് ലാബ് സജ്ജീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിരുന്നു. ജില്ലാ പഞ്ചായത്തിൽ ലാബ് സജ്ജീകരിക്കുന്നതിന് സ്ഥല സൗകര്യം ഇല്ലാത്തതതിനാൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത ലാബ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി ലാബ് സ്ഥാപിക്കുന്നതിനാണ് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നത് (28.11.19-ലെ ഇ7/11805/19/CE/LSGD നമ്പർ ഉത്തരവ്). എന്നാൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിച്ച് ലാബ് സജ്ജീകരിക്കുന്നതിനുള്ള യാതൊരു തുടർ നടപടികളും ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. ഇക്കാലയളവിൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ അനിവാര്യമായ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. ഗുണനിലവാര പരിശോധന സർക്കാർ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഗുണനിലവാര പരിശോധന കൂടാതെ നിർവ്വഹിച്ച് കരാറുകാർക്ക് പണം നൽകുകയാണ് ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് എക്സി.എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 ബിറ്റുമിന്റെ വിലയായി സിഡ്കോയ്ക്ക് നൽകിയ തുക തിരികെ ലഭിച്ചില്ല

മരാമത്തുപ്രവൃത്തികൾക്ക് ബിറ്റുമിൻ സപ്ലൈ ചെയ്യുന്നതിനായി 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സിഡ്കോയ്ക്ക് നൽകിയ തുകയിൽ 1,66,916 രൂപ സിഡ്കോയിൽ അവശേഷിക്കുന്നതിനായി ബിറ്റുമിൻ അക്കൗണ്ട് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുക തിരികെ ലഭിക്കാനുള്ള വിവരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന്, ആകെ ലഭിക്കാനുണ്ടായിരുന്ന 92,78,704 രൂപയിൽ 91,11,791 രൂപ ലഭിക്കുകയുണ്ടായി. 30-03-2021 ലാണ് അവസാനം തുക തിരികെ ലഭിച്ചിട്ടുള്ളത് (രൂ. 16,11,788). അവശേഷിക്കുന്ന തുക സിഡ്കോയിൽ നിന്ന് തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-40 ജില്ലാ ആയുർവേദാശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് -പദ്ധതി യാഥാർത്ഥ്യമായില്ല

അയിരൂർ ജില്ലാ ആയുർവേദാശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ജില്ലാ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി രണ്ട് പ്രോജക്ടുകളിലായി (പ്രോജക്ട് നം-339/21-22, 944/21-22) 77,70,000 രൂപ പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ട് ഹെഡ്ഡിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. 18-03-2022-ൽ 50,00,000 രൂപയും 31-03-2022-ൽ 27,70,000 രൂപയും ഉൾപ്പെടെ 77,70,000 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തത്. ജില്ലാ ആയുർവേദാശുപത്രിക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പത്തനംതിട്ട പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള (കെട്ടിട വിഭാഗം) 03-03-2022-ലെ D6-3715/2022-ാം നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. നിർവ്വഹണ ഉദ്യോഗസ്ഥനും തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനവും തമ്മിൽ കരാർ ചമച്ചിട്ടില്ല.

തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-5/12-01-2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചില്ല എന്നാണ് അറിയിച്ചത്. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-41 അപര്യാപ്തകളുടെ നടുവിൽ ജില്ലാ ഹോമിയോ ആശുപത്രി

ജില്ലാ ആസ്ഥാനത്തു നിന്നും നാൽപ്പത് കിലോമീറ്ററോളം അകലെയായി കൊറ്റനാടുള്ള വെള്ളയിൽ എന്ന സ്ഥലത്താണ് ജില്ലാ ഹോമിയോ ആശുപത്രി സ്ഥിതി ചെയ്യുന്നത്. ജില്ലാപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ( സർവ്വെ നമ്പർ - 183/1) രണ്ടര ഏക്കർ ഭൂമിയാണ് ആശുപത്രിയുടെ ആസ്തിയായി കാണിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ആശുപത്രിക്ക് സ്വന്തമായി അൻപത് സെന്റ് ഭൂമി മാത്രമാണുള്ളതെന്നാണ് മനസ്സിലായിട്ടുള്ളത്. ശിവരാമപണിക്കർ, രാമവിലാസത്ത്, വലിയകുന്നം, പെരുമ്പെട്ടി എന്നയാൾ വർഷങ്ങൾക്കു മുൻപ് ജില്ലാപഞ്ചായത്തിന് ഇഷ്ടദാനമായി നൽകിയതാണ് ആശുപത്രിക്ക് സ്വന്തമായുള്ള അൻപത് സെന്റ് ഭൂമി. പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്ത് ജില്ലാപഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം അടവാക്കുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല. നിലവിലും പ്രസ്തുത ഭൂമിയുടെ കരം അടവാക്കുന്നത് വസ്തുവിന്റെ മുൻ ഉടമയായ ശിവരാമപണിക്കർ എന്നയാൾ തന്നെയാണ്. 2021-22 വർഷം ഹോമിയോ ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് ഉണ്ടായിരുന്നെങ്കിലും വസ്തുവിന്റെ അതിരുകൾ കൃത്യമായി നിർണ്ണയിച്ച് രേഖപ്പെടുത്താത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. നിലവിൽ വസ്തുവിന്റെ അതിരുകൾ നിർണ്ണയിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

2017-18, 2018-19 വർഷങ്ങളിലായി വനിതാവാർഡ് നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം രണ്ട് നിലകളിലായി രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് കെട്ടിടം നിർമ്മിച്ചിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ രോഗികളുടെ കിടത്തി ചികിൽസ പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടില്ല. നിലവിൽ പത്ത് രോഗികളുടെ കിടത്തി ചികിൽസാ സൗകര്യം മാത്രമാണ് ജില്ലാ ആശുപത്രിയിലുള്ളത്.

2021-22 വർഷം ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 600000 രൂപ ഹോംകോയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഇത് പ്രകാരം 464225 രൂപയുടെ മരുന്നുകളാണ് ലഭിച്ചത്. 135775 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. സ്ഥാപനത്തിൽ മരുന്നുകളുടെ അപര്യാപ്തതയുണ്ട്. കൂടാതെ റാമ്പ്,ലിഫ്റ്റ് സൗകര്യങ്ങൾ ഇല്ല.

സ്ഥാപനത്തിൽ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ജീവനക്കാർക്ക് താമസിക്കാൻ കഴിയുന്നില്ല. ആകെയുള്ള അൻപത് സെന്റ് ഭൂമിയിൽ ഇരുപത് സെന്റ് ഭൂമിയിലാണ് ആശുപത്രി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്. കെട്ടിടത്തിന് പുറകിലായി ബാക്കിയുള്ള മുപ്പത് സെന്റ് ഭൂമി തുക്കായ പ്രദേശമാണ്. വഴിസൗകര്യം ഇല്ലാത്തതിനാൽ പ്രസ്തുത ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണ്.

ഹോമിയോ വിഭാഗത്തിന്റെ ജില്ലാ ആശുപത്രിയാണെങ്കിലും സൗകര്യങ്ങളുടെ അപര്യാപ്തത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ആയത് ഉപയോഗപ്രദമാക്കിയിട്ടില്ല. കൂടാതെ ആശുപത്രി വക ഭൂമി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 ജില്ലാപഞ്ചായത്തിൽ വെർച്വൽ ക്ലാസ്സ് റൂം- ലക്ഷങ്ങൾ മുടക്കിയിട്ടും പദ്ധതി യാഥാർത്ഥ്യമായില്ല

പത്തനംതിട്ട ജില്ലാപഞ്ചായത്തിൽ 2017-18 പദ്ധതി വർഷത്തിൽ വികസന ഫണ്ടിനത്തിൽ 20,00,000 രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച പ്രവൃത്തിയാണ് ജില്ലാപഞ്ചായത്തിൽ വെർച്വൽ ക്ലാസ്സ് റൂം നിർമ്മാണം (952/18). 19,63,811 രൂപയായിരുന്നു കരാർ തുക. സജികുമാർ, പുത്തൻവീട്ടിൽ, തേക്കുതോട് എന്നയാളായിരുന്നു കരാറുകാരൻ. 300/17-18/AEE/LSGD/PTA Dtd 06-03-2018 കരാർ ഉടമ്പടി പ്രകാരം

പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 3 മാസമായിരുന്നു. പ്രവൃത്തി 2018-19, 2019-20, 2010-21 വർഷങ്ങളിൽ സ്പിൽ ഓവറാക്കിയിരുന്നു (പ്രോജക്ട് നം- 735/19). എന്നാൽ കരാർ കാലാവധിക്കുള്ളിൽ കരാറുകാരൻ നിർമ്മാണം പൂർത്തീകരിച്ചില്ല.

ജില്ലാപഞ്ചായത്തിന്റെ മുകളിലത്തെ നിലയിൽ സ്റ്റോറിനായുള്ള താൽക്കാലിക ഷെഡ്ഡ്, നിലവിലുള്ള 16 പില്ലറുകൾ എന്നിവ പൊളിച്ച് മാറ്റുക, 23 പില്ലറുകൾ RCC 1: 1 ½ :3 അനുപാതത്തിലും റൂഫ് ബീം RCC 1: 1 ½ :3 അനുപാതത്തിലും നിർമ്മിക്കുക, Concrete Solid Block കൊണ്ട് ഭിത്തികൾ നിർമ്മിക്കുക, ആഞ്ഞിലിത്തടിയിൽ വാതിലും ജനലുകളും നിർമ്മിക്കുക, ഭിത്തിയുടെയും മേൽക്കൂരയുടെയും പ്ലാസ്റ്ററിംഗ് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ച് Column എല്ലാം കോൺക്രീറ്റ് ചെയ്ത ശേഷം റൂഫ് ബീം, റൂഫ് സ്ലാബ് എന്നിവക്കായി തട്ടുകൾ സ്ഥാപിച്ച ശേഷം പ്രവൃത്തി ഉപേക്ഷിച്ച് പോവുകയുമാണ് ചെയ്തത്. 09-05-2018-ന് ശേഷം ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല എന്ന് സൂചിപ്പിച്ചും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടും 15-05-2018, 28-07-2018 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകി.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും മറ്റ് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും 29-04-2019-ലെ ജില്ലാപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. പ്രവൃത്തി ചെയ്ത കരാറുകാരന് 12-12-2019-ൽ 9,19,276 രൂപയും (BRN.19050252024500942261 Dtd 12-12-2019-ആകെ ബിൽ തുക-രൂ. 9,83,184), 30-03-2021-ൽ 7,67,649 രൂപയും ( BRN.20050252024501440783 Dtd 31-03-2021- ആകെ ബിൽ തുക- 8,20,090) നൽകി.

06-09-2018-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി രണ്ട് വർഷത്തിന് ശേഷം 08-09-2020-ൽ മാത്രമായിരുന്നു പൂർത്തീകരിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 18,03,274 രൂപയായിരുന്നു. പ്രവൃത്തി രണ്ടുവർഷത്തിലധികം സമയമെടുത്ത് പൂർത്തീകരിച്ചുവെങ്കിലും കരാറുകാരനിൽ നിന്നും 1% തുക മാത്രമാണ് ഫൈൻ ഇനത്തിൽ ഈടാക്കിയത്. കമ്മിറ്റി തീരുമാനപ്രകാരം കരാറുകാരനെതിരെ യാതൊരുവിധ നിയമനടപടികളും സ്വീകരിക്കുകയോ ഫൈൻ ഇനത്തിൽ കൃത്യമായ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രിഫിക്കേഷന് എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി നടത്തിയില്ല.

വെർച്വൽ ക്ലാസ്സ് റൂം സജ്ജമാക്കുന്നതിനായി ഏറ്റെടുത്ത പ്രവൃത്തി രണ്ടുവർഷത്തിലധികം എടുത്ത് പൂർത്തീകരിച്ചുവെങ്കിലും ആയത് നിലവിൽ ജില്ലാപഞ്ചായത്തിന്റെ റെക്കോർഡ് റൂം ആയി ഉപയോഗിച്ച് വരികയാണ്. വെർച്വൽ ക്ലാസ്സ് റൂമിന് ആവശ്യമായ യാതൊരുവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്താതെ കെട്ടിടഭാഗം പൂർത്തീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അടിസ്ഥാനപരമായ വൈദ്യുതീകരണ പ്രവൃത്തികൾ പോലും നടത്തിയില്ല. ഓൺലൈൻ മീറ്റിംഗുകൾക്കും ക്ലാസ്സുകൾക്കും ഏറ്റവുമധികം പ്രയോജനപ്പെടുന്ന വെർച്വൽ ക്ലാസ്സ് റൂം ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവയാണ് ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. എന്നാൽ ടി ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകുന്ന പദ്ധതിയും നൊമാഡിക്ക് മലമ്പണ്ടാര വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സായാഹ്ന പഠന ക്ലാസ്സ് എന്ന പദ്ധതിയും മാത്രമാണ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയത്. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകകരമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഓഡിറ്റ് വർഷം മൂന്ന് പദ്ധതികൾ (510/22, 162/22, 511/22) നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്

ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് നം. 511/22 പ്രകാരം {സ്പിൽ ഓവർ, 20-21 സാമ്പത്തിക വർഷം ആരംഭിച്ചത്} 1,50,000 രൂപ സബ്സിഡി കൈപ്പറ്റിയ വിജി, ഗിരിജൻ കോളനി, ആവണിപ്പാറ എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ല.
2. പ്രോജക്ട് നം. 162/22 പ്രകാരം {തൻവർഷം വർഷം ആരംഭിച്ചത്} 1,50,000 രൂപ സബ്സിഡി കൈപ്പറ്റിയ ആശ, പാലമൂട്ടിൽ, അടിച്ചിപ്പുഴ എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ല.
3. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല അവസാന ഗഡു തുക അനുവദിച്ച് നൽകുന്നത്.
4. വിവിധ ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനങ്ങൾ പ്രകാരം ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട ഊരുകൂട്ടങ്ങൾ വഴിയാണോ ടി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്ന് വ്യക്തമാകുന്ന രേഖകൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.01.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം രേഖാമൂലം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-44 സ്കൂളുകൾക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ് ടോപ്പ് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്കൂളുകളിലേക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ മുതലായവ വാങ്ങുന്നതിന് 20,00,000 രൂപ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ച് (പ്രോജക്ട് നം. 251/22) സെൻട്രലൈസ്ഡ് പ്രൊക്യൂർമന്റ് സംവിധാനത്തിലൂടെ 20 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 10 ലാപ് ടോപ്പുകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പ് എന്നിവ വിതരണം ചെയ്യേണ്ട സ്കൂളുകളുടെ വിവരം ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടില്ല.
2. വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 31.03.2022-ലെ C5/12543/21 നമ്പർ നടപടിക്രമം അനുസരിച്ച് കെൽട്രോണിന് നൽകിയ പർച്ചേസ് ഉത്തരവ് പ്രകാരം 16 സ്കൂളുകളിലേക്കാണ് 20 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നത്. എന്നാൽ 29.06.22-ലെ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച്, 16 സ്കൂളുകൾക്ക് പകരം 20 സ്കൂളുകളിലേക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. പർച്ചേസ് ഉത്തരവ് നൽകുന്നതിന് മുൻപ് ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യേണ്ടതെന്ന് വ്യക്തത വരുത്തിയിരുന്നില്ല.
3. കെൽട്രോണിൽ നിന്ന് ലഭ്യമായ ലാപ് ടോപ്പുകളും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വിതരണ ചെയ്തത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.01.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം രേഖാമൂലം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-45 രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) ഫണ്ട് - പദ്ധതികൾ വൈകുന്നു; 1.66 കോടി രൂപ ചെലവഴിക്കാതെ കെട്ടികിടക്കുന്നു

സെക്കണ്ടറി വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും, സ്കൂളുകൾക്ക് അഡീഷണൽ ക്ലാസ്റൂം, ലബോറട്ടറി, ലൈബ്രറി, ആർട്ട് & ക്രാഫ്റ്റ്സ് റൂം, ടോയ്ലറ്റ് സൗകര്യങ്ങൾ, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 2017-18 വർഷം ലഭിച്ച ഫണ്ടിൽ 1. 66 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ലഭിച്ച തുകയുടെ 60ശതമാനത്തിൽ താഴെയാണ് പദ്ധതി ചെലവ്.

ആർ.എം.എസ്.എ പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ലഭിച്ച ഫണ്ടും അവയുടെ വിനിയോഗ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 29869100 | 227454 | 30096554 | -- | |
| 2018-19 | 46035 | 1178460 | 1224495 | 1760645 | |
| 2019-20 | -- | 1143616 | 1143616 | 6625969 | |
| 2020-21 | -- | 1029068 | 1029068 | 4534943 | |
| 2021-22 | -- | 606327 | 606327 | 4568743 | |
| **ആകെ** | **29915135** | **4184925** | **34100060** | **17490300** | **16609760** |

2021-22 സാമ്പത്തിക വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പദ്ധതിയുടെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 397/22 | കൂടൽ ജി.എച്ച്.എസ്.എസ്-ൽ ആർട്ട് റൂം, ലൈബ്രറി നിർമ്മാണം. | 806844 |
| 2 | 362/22 | ചിറ്റാർ ജി.എച്ച്.എസ്-ൽ ആർട്ട് റൂം നിർമ്മാണം. | 443917 |
| 3 | 417/22 | മലയാലപ്പുഴ ജെ.എം.പി.എച്ച്.എസ്.എസ് -ൽ ലാബ്, ആർട്ട് റൂം, ലൈബ്രറി നിർമ്മാണം. | 1619612 |
| 4 | 474/22 | ഗവ. ഹയർ സെക്കൻഡറി സ്കൂൾ എഴുമറ്റൂർ ലാബ്, ആർട്ട്റൂം ലൈബ്രറി നിർമ്മാണം. | 1698370 |
| | | | **4568743** |

പദ്ധതിപ്പണം വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/21-22 തീയതി: 21-01-2023) മറുപടി ലഭ്യമാക്കിയില്ല. ലഭിച്ച ഫണ്ട് നഷ്ടപ്പെടുത്താതെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-46 ഭൂമി വാങ്ങി: പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങിയെങ്കിലും നാളിതുവരെ ഹോസ്റ്റൽ നിർമ്മിച്ചില്ല. 2009-10ൽ 10/2010-ാം നമ്പർ പ്രോജക്ട് ആവിഷ്കരിച്ച് പന്തളം കുന്നിക്കുഴി മാർക്കറ്റിനു സമീപം വാങ്ങിയ 51.5സെന്റ് സ്ഥലമാണ് ഉപയോഗപ്പെടുത്താതിരിക്കുന്നത്. അതിരുകൾ നിർണ്ണയിച്ച് മതിലുകെട്ടി സംരക്ഷിക്കാത്തതിനാൽ പ്രസ്തുത ഭൂമിയുടെ ചില ഭാഗങ്ങൾ പ്രദേശവാസികൾ കൈയേറിയിട്ടുണ്ട്.



27.01.2011ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന് ഒപ്പുവച്ച കരാർ പ്രകാരം പട്ടികജാതി വികസന വകുപ്പിനു കൈമാറിയിട്ടുള്ളതാണീ ഭൂമി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം ഉപേക്ഷിക്കപ്പെട്ടതിനാൽ, ഉപയോഗശൂന്യമായിക്കിടക്കുന്ന ടി സ്ഥലം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാനം നം.V/25-11.07.2019) പിന്നീട് ഇതു സംബന്ധിച്ച് തുടർ നടപടി ഉണ്ടായില്ല.

ജില്ലാ പഞ്ചായത്തുവക ഭൂമിയുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി ഓഡിറ്റ് ടീം ഭൗതിക പരിശോധന നടത്തി. പകുതിയോളം ഭാഗത്ത് റബ്ബർ മരങ്ങളുണ്ടെങ്കിലും ടാപ്പ് ചെയ്യുന്നില്ല. രണ്ടു വശങ്ങൾ അതിർത്തി കെട്ടിത്തിരിച്ചിട്ടില്ലാത്തതിനാൽ സമീപത്തുള്ള വസ്തുവിനോട് ചേർന്നാണ് കിടക്കുന്നത്. സമീപവാസികൾ ഈ സ്ഥലത്ത് കപ്പ, വാഴ മുതലായ വിളകൾ കൃഷി ചെയ്തിരിക്കുന്നതായും തങ്ങളുടെ മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടു.



ഭൂമി പോക്കുവരവ് ചെയ്ത് കരം അടച്ച്, ജില്ലാ പഞ്ചായത്ത് വക സ്ഥലം ഫലപ്രദമായി ഉപയോഗിക്കുന്നതിന് നിലവിൽ പ്രോജക്ടുകൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. അതിരുകെട്ടി സംരക്ഷിക്കുന്നതിനും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉപകാരപ്പെടുന്ന തരത്തിൽ പ്രോജക്ട് ആവിഷ്കരിച്ച്, പ്രസ്തുത സ്ഥലം ഉപയോഗയോഗ്യ മാക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-47 ജലാശയങ്ങളിലും റിസർവോയറുകളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ - പദ്ധതി പ്രായോഗിക ക്ഷമമല്ല

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ജലാശയങ്ങളിലും റിസർവോയറുകളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ (പ്രോജക്ട് നം 881/22). പദ്ധതി പ്രകാരം പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ട് ഇനത്തിൽ 4,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക സാമൂഹിക

പശ്ചാത്തല വികസനം ലക്ഷ്യമാക്കി ജില്ലയിലെ ജല സംഭരണികളിലും പൊതു ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും വളർച്ചയെത്തുമ്പോൾ അംഗീകൃത മത്സ്യബന്ധന മാർഗ്ഗം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കക്കി, മണിയാർ ജലസംഭരണികളിൽ ഉൾപ്പെടുന്ന പെരുന്തേനരുവി, കാരിക്കയം എന്നിവിടങ്ങളിൽ കാർപ്പ്, കരിമീൻ ഇനങ്ങളിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. മത്സ്യക്കുഞ്ഞുങ്ങളുടെ വില, അനുബന്ധ ചെലവുകൾ എന്നീ ഇനങ്ങളിലാണ് പദ്ധതിച്ചെലവ്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാരണം പദ്ധതി പ്രായോഗികക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1) റിസർവോയറുകളിലും 5 മുതൽ 10 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള പൊതുജലാശയങ്ങളിലും മത്സ്യ വിത്തുകൾ നിക്ഷേപിക്കുന്ന പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം. SC/ST മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യബന്ധനം നടത്തുന്ന റിസർവോയറുകളിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി മത്സ്യവിത്തുകൾ നിക്ഷേപിച്ച പ്രദേശങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ സ്ഥിരമായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണെന്ന് ഉറപ്പാക്കിയിട്ടില്ല. ഇതിനുള്ള സാധ്യതകൾ മാത്രമാണ് പട്ടിക വർഗ്ഗ വികസന വകുപ്പ് മുന്നോട്ടുവയ്ക്കുന്നത്.

2) ജില്ലയിൽ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ലായെന്നും ഉള്ളവർ വനവിഭവങ്ങൾ ശേഖരിച്ചാണ് ഉപജിവനം നടത്തുന്നതെന്നും ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട് (11.02.22-ലെ ഡി-73/21 നമ്പർ കത്ത്). ഈ സാഹചര്യത്തിൽ മേൽ പദ്ധതിയുടെ നിർവ്വഹണം പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക സാമൂഹിക പശ്ചാത്തല വികസനം എങ്ങനെ സാധ്യമാക്കും എന്ന് വ്യക്തമല്ല.

3) പദ്ധതിയുടെ നിർവ്വഹണത്തിലൂടെ മത്സ്യോൽപ്പാദനം വർദ്ധിക്കുന്നതിന് അനുസരിച്ച് വിപണന സാധ്യതയും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട വരുമാനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

4. പദ്ധതിയുടെ പ്രായോഗിക ക്ഷമതയും ടി പദ്ധതിയുടെ ഗുണഭോക്താക്കൾ പൂർണ്ണമായും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആണെന്നും പട്ടിക വർഗ്ഗ വികസന വകുപ്പിന് ഉറപ്പുവരുത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ട് പൂർണ്ണമായി വകയിരുത്തി ചെലവഴിച്ചത് ക്രമപ്രകാരമല്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല.

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-48 റിവോൾവ് ചെയ്യാത്ത റിവോൾവിംഗ് ഫണ്ട്

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ " ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ " (പ്രോജക്ട് നം 253/22) പദ്ധതി പ്രകാരം പൊതുവിഭാഗം വികസന ഫണ്ട് ഇനത്തിൽ 64,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയ 32 ക്ഷീര സഹകരണ സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതമാണ് റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം, ഓരോ സംഘത്തിനും അനുവദിക്കുന്ന 2 ലക്ഷം രൂപയിൽ നിന്ന് 40,000 രൂപ വീതം, മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ആ സംഘത്തിലെ ഏറ്റവും അനുയോജ്യരായ 5 ക്ഷീര കർഷകർക്ക് കറവപ്പശുവിനെ വാങ്ങുന്നതിനായി പലിശരഹിത വായ്പയായി നൽകുന്നതും ടി തുക നൽകുന്ന തീയതി മുതൽ ഗുണഭോക്താക്കളിൽ നിന്ന് ഓരോ മാസവും 2000 രൂപ വീതം പാൽ വിലയിൽ നിന്ന് കുറവ് ചെയ്യുകയോ ക്യാഷായി തിരികെ ഈടാക്കുകയോ ചെയ്യുന്നതുമാണ്. ക്ഷീര സഹകരണ സംഘത്തിന്റേയും ബന്ധപ്പെട്ട ക്ഷീര വികസന ഓഫീസറുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്കാണ് തുക തിരികെ ഒടുക്കേണ്ടത്. ഇത്തരത്തിൽ തിരിച്ചടയ്ക്കുന്ന തുകയിൽ നിന്ന് 40,000

രൂപ വീതം സംഘത്തിലെ മറ്റ് ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ വീണ്ടും അനുവദിക്കണമെന്നും ടി പ്രക്രിയ തുടരണമെന്നുമാണ് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് അനുവദിച്ച വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് ഗുണഭോക്താക്കളുടെ അപേക്ഷകൾ, വിതരണ രജിസ്റ്ററുകൾ, വായ്പാത്തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചത് അനുസരിച്ച്, ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ടി വായ്പാത്തുക തിരഞ്ഞെടുക്കപ്പെട്ട ക്ഷീര കർഷകർക്ക് സമയബന്ധിതമായി കൈമാറുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് സാധിച്ചിട്ടില്ല. ആയതിനാൽ തിരിച്ചടവ് തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായി. 2023 ജനുവരി മാസം വരെ 3 സംഘങ്ങൾ മാത്രമാണ് തിരിച്ചടവ് തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടുള്ളത്.
2. പുതിയ ഗുണഭോക്താവിന് വായ്പയായി അനുവദിക്കേണ്ട തുക 40,000 രൂപയാണ്. ടി തുകയിൽ അധികമായി തിരിച്ചടവ് നടന്ന 11 സംഘങ്ങൾ പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ച് നൽകിയിട്ടില്ല.
3. വായ്പാ തിരിച്ചടവ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങളുടെ അക്കൗണ്ട് പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഉതിമൂട്, വയ്യാറ്റുപുഴ സംഘങ്ങൾ മാത്രമാണ് അക്കൗണ്ട് പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഇതിലെ രേഖപ്പെടുത്തലുകൾ ആധികാരികമല്ല.
4. വായ്പാത്തുകയുടെ യഥാസമയമുള്ള വിതരണം, തിരിച്ചടവ്, തിരിച്ചടവ് തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കൽ എന്നിവയടക്കം പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ തലത്തിൽ സംവിധാനങ്ങളൊന്നും നിലവിലില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കാണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സംഘത്തിന്റെ പേര് | അനുവദിച്ച തുക | തിരികെ ലഭിച്ച തുക | അപാകത |
|---|---|---|---|---|
| 1 | കോട്ട | 200000 | ലഭ്യമല്ല | ആദ്യ ഘട്ടത്തിൽ വായ്പ ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകൾ, വിതരണ രജിസ്റ്ററുകൾ, വായ്പാത്തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 2 | വള്ളംകുളം | 200000 | ലഭ്യമല്ല | |
| 3 | നെല്ലിക്കമൺ | 200000 | ലഭ്യമല്ല | |
| 4 | ചാത്തങ്കേരി | 200000 | ലഭ്യമല്ല | |
| 5 | കീരുകുഴി | 200000 | 66000 07/22 മുതൽ | വായ്പാ തിരിച്ചടവ് ഇനത്തിൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടില്ല. |
| 6 | കോട്ടൂർ | 200000 | 70000 07/22 മുതൽ | |
| 7 | വള്ളമല | 200000 | 61061 07/22 മുതൽ | |

| | | | | |
|---|---|---|---|---|
| 8 | ചാത്തൻചിറ | 200000 | 65000<br>06/22<br>മുതൽ | |
| 9 | മന്ദമരുതി | 200000 | 75000<br>08/22<br>മുതൽ | |
| 10 | കുറിയാനപ്പള്ളി | 200000 | 64000<br>07/22<br>മുതൽ | |
| 11 | ചാലാപ്പള്ളി | 200000 | 30000<br>10/22<br>മുതൽ | തിരിച്ചടവ് തുടങ്ങുവാൻ താമസിച്ചതിനാൽ പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക ലഭിച്ചിട്ടില്ല. |
| 12 | ഉതിമൂട് | 200000 | 12000<br>12/22<br>മുതൽ | |
| 13 | വയ്യാറ്റുപുഴ | 200000 | 106000<br>05/22<br>മുതൽ | തിരികെ ലഭിച്ച തുക ഉപയോഗിച്ച് പുതിയ ഒരു ഗുണഭോക്താവിന് മാത്രമാണ് വായ്പ അനുവദിച്ചത്. |
| 14 | മുണ്ടപ്പള്ളി | 200000 | ലഭ്യമല്ല | ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വായ്പാത്തുകയുടെ തിരിച്ചടവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 15 | പൂതങ്കര | 200000 | ലഭ്യമല്ല | |
| 16 | മേലൂട് | 200000 | ലഭ്യമല്ല | |
| 17 | നിരത്തുപാറ | 200000 | ലഭ്യമല്ല | |
| 18 | തുവയൂർ | 200000 | ലഭ്യമല്ല | |
| 19 | കടിക | 200000 | ലഭ്യമല്ല | |
| 20 | ഇളമണ്ണൂർ | 200000 | ലഭ്യമല്ല | |
| 21 | നെടുംപ്രയാർ | 200000 | ലഭ്യമല്ല | |
| 22 | തെള്ളിയൂർ | 200000 | ലഭ്യമല്ല | |
| 23 | നെടുമ്പ്രം | 200000 | ലഭ്യമല്ല | |
| 24 | ചെറുതോട്ടുവഴി | 200000 | -- | തിരിച്ചടവ് തുടങ്ങിയിട്ടില്ല. |
| 25 | അട്ടച്ചാക്കൽ | 200000 | 6000<br>01/23<br>മുതൽ | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ പ്രകാരം 3 പേർക്ക് മാത്രമാണ് വായ്പ അനുവദിച്ചിട്ടുള്ളത്. |
| 26 | ഐമാലി | 200000 | 90000<br>04/22<br>മുതൽ | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. വായ്പാ തിരിച്ചടവ് ഇനത്തിൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടില്ല. |
| 27 | കീക്കൊഴൂർ | 200000 | 90000<br>05/22<br>മുതൽ | |
| 28 | പ്രമാടം | 200000 | 55000<br>08/22<br>മുതൽ | |
| 29 | കോഴഞ്ചേരി | 200000 | 10000<br>01/23 | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. തിരിച്ചടവ് തുടങ്ങുവാൻ താമസിച്ചതിനാൽ പുതിയ |

| | | | | |
|---|---|---|---|---|
| | | | മുതൽ | ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിന് ആവശ്യമായ തുക ലഭിച്ചിട്ടില്ല. |
| 30 | പരിയാരം | 200000 | 88200 05/22 മുതൽ | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. വായ്പാ തിരിച്ചടവ് ഇനത്തിൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടില്ല. |
| 31 | ഐരവൺ | 200000 | 56000 05/22 മുതൽ | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. കൃത്യമായ ഗഡുക്കളായി തിരിച്ചടയ്ക്കുന്നില്ല. വായ്പാ തിരിച്ചടവ് ഇനത്തിൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടില്ല. |
| 32 | തണ്ണിത്തോട് | 200000 | 38000 09/22 മുതൽ | അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. വായ്പ ലഭിച്ച ഒരു ഗുണഭോക്താവ് നാളിതുവരെ തുക തിരികെ ഒടുക്കി തുടങ്ങിയിട്ടില്ല. |

റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ ധനസഹായമോ അല്ല. അത് തിരിച്ചടയ്ക്കേണ്ടതും ഗ്രൂപ്പിൽ റിവോൾവ് ചെയ്യേണ്ടതുമാണ്. തിരിച്ചടവ് തുക റിവോൾവ് ചെയ്ത് പുതിയ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ അടിസ്ഥാന തത്ത്വം. എന്നാൽ ഇത് കൃത്യമായും സമയബന്ധിതമായും നടപ്പാക്കുന്നതിൽ ക്ഷീര സഹകരണ സംഘങ്ങൾ പരാജയപ്പെട്ടു. പദ്ധതി നിർവ്വഹണം കൃത്യമായ മോണിട്ടറിംഗിന് വിധേയമാക്കാത്തതാണ് ഈ അവസ്ഥയ്ക്ക് കാരണമായത്. പദ്ധതിയുടെ പുരോഗതി പരിശോധിച്ചതിൽ, പദ്ധതിയാക്കായി ഫണ്ട് അനുവദിച്ച് ഏകദേശം ഒരു വർഷം പൂർത്തിയാകുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-49 സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സമ്പൂർണ്ണ ശുചിത്വം- സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി (911/22) |
| വകയിരുത്തൽ | 10172551/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 10172551/-<br>ബിൽ നം. 898/22.3.2022 |

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സമ്പൂർണ്ണ ശുചിത്വം- സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി- അധിക വിഹിതം (912/22) |
| വകയിരുത്തൽ | 4827449/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 4827449/-<br>ബിൽ നം. 902/22.3.2022 – 2419449/-<br>ബിൽ നം. 1041/27.3.2022 – 2408000/- |

ജില്ലയിലെ മാലിന്യ സംസ്കരണത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ ആവിഷ്കരിച്ച സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി ജില്ലാ പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും തമ്മിലുള്ള സംയുക്ത സംരഭമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനായി കുന്നന്താനം കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ ക്ലീൻ കേരള കമ്പനിയ്ക്ക് ഒരു ഏക്കർ ഭൂമി ലീസ് വ്യവസ്ഥയിൽ നൽകാൻ തീരുമാനിച്ചു. ജില്ലാതല സോർട്ടിംഗ് ആന്റ് സെഗ്രഗേഷൻ ഫെസിലിറ്റിയും സംയോജിത പ്ലാസ്റ്റിക് പാഴ്വസ്തു സംസ്കരണകേന്ദ്രവും സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്തും ക്ലീൻകേരള കമ്പനി ലിമിറ്റഡും തമ്മിൽ 18.3.2022-ൽ കരാറിലേർപ്പെട്ടു.

5.3.2022-ലെ സ.ഉ(സാധാ.)526/2022/തസ്വഭവ ഉത്തരവ് പ്രകാരം 4.56 കോടി രൂപയുടെ പദ്ധതിയ്ക്ക് പെർമിസിവ് സാങ്ക്ഷൻ ലഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതിയ്ക്ക് രണ്ട് തവണകളായി 2 കോടി രൂപ നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷം 1.5 കോടി രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചതിൽ 1.01 കോടി രൂപ ഭൂമിയുടെ ലീസിന്റെ വിലയാണ്.

പദ്ധതിയുടെ കാര്യക്ഷമമവും സുതാര്യവുമായ നിർവ്വഹണത്തിനും ജന പങ്കാളിത്തം ഉറപ്പാക്കുന്നതുമായി ഒരു പദ്ധതി നിർവ്വഹണ സമിതി രൂപീകരിക്കണമെന്നാണ് കരാറിലെ വ്യവസ്ഥ. എന്നാൽ അപ്രകാരമൊരു സമിതി രൂപീകരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനം സാദ്ധ്യമാക്കി, പ്രസ്തുത സ്ഥാപനങ്ങൾ ശേഖരിക്കുന്ന വിവിധ ഇനം പാഴ്‌വസ്തുക്കൾ ജില്ലാതല സംവിധാനത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടില്ല. സോർട്ടിംഗ് ആന്റ് സെഗ്രഗേഷൻ ഫെസിലിറ്റിയും സംയോജിത പ്ലാസ്റ്റിക് പാഴ്‌വസ്തു സംസ്കരണകേന്ദ്രവും സ്ഥാപിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തി സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പുവരുത്തിയിട്ടില്ല.

സോർട്ടിംഗ് ആന്റ് സെഗ്രഗേഷൻ ഫെസിലിറ്റിയും സംയോജിത പ്ലാസ്റ്റിക് പാഴ്‌വസ്തു സംസ്കരണകേന്ദ്രവും നിർമ്മിക്കുന്നതിനായി കിൻഫ്ര പാർക്കിൽ അനുവദിച്ചിട്ടുള്ള ഭൂമി ലീസ് പ്രീമിയം നൽകി ഏറ്റെടുക്കേണ്ടത് കരാറിലെ വ്യവസ്ഥകൾ പ്രകാരം ക്ലീൻ കേരള കമ്പനിയുടെ ചുമതലയാണെരിക്കെ ഇതിനുള്ള തുക ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതായി കണ്ടു. മാലിന്യ സംസ്കരണത്തിന്റെ ഒരു ഉത്തമ മാതൃകയായി പ്രസ്തുത സംരംഭം മാറാൻ സാദ്ധ്യതയുള്ളപ്പോഴും ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ പദ്ധതിയുടെ തുടർ നിർവ്വഹണത്തിൽ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-50 സംയുക്ത പദ്ധതികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ സംയുക്ത പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിവിഹിതം കൈമാറിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം നൽകിയതിൽ, താഴെച്ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സ്ഥാപനങ്ങൾ | അനുവദിച്ച തുക |
|---|---|---|---|
| 1 | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ്, SO 98/22 | കടപ്ര ഗ്രാമപഞ്ചായത്ത് | 16,49,172 |
| 2 | ഇടവിളക്കൃഷി വികസനം, SO 99/22 | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | 2,00,000 |
| | | റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | 6,00,000 |
| 3 | ഇടവിളക്കൃഷി വികസനം, SO 795/22 | ഏറത്ത് ഗ്രാമപഞ്ചായത്ത് | 7,00,000 |
| | | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | 25,00,000 |
| 4 | ഇടവിളക്കൃഷി വികസനം, SO 100/22 | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | 4,94,800 |
| | | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 10,00,000 |

ടി സ്ഥാപനങ്ങളിൽ നിന്ന് ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ലഭ്യമാക്കേണ്ടതാണ്.

## 1-51 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയിൽ 33469188/- രൂപ തിരികെ ലഭിച്ചത് കാനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ചുവടെ പറയുന്ന പ്രവൃത്തികൾക്ക് നിക്ഷേപിച്ച തുകയാണ് തിരികെ ലഭിച്ചിട്ടുള്ളത്-

| ക്രമ നം. | പ്രോജക്ടിന്റെ പേര് |
|---|---|
| 1 | ജില്ലാ പഞ്ചായത്തിന്റെ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (11/20) |
| 2 | ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) (760/17) |
| 3 | ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (71/18) |
| 4 | ഏനാത്ത് ഡിവിഷനിലെ എസ് സി കോളനികളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (534/18) |
| 5 | ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി) (761/17) |
| 6 | ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (366/21) |
| 7 | ജില്ലാ പഞ്ചായത്തിൻറെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ് സി) (127/18) |
| 8 | ജില്ലാ പഞ്ചായത്തിൻറെ ഡിവിഷനുകളുലിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (64/19) |
| 9 | ജില്ലാ പഞ്ചായത്തിൻറെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ് സി) (506/19) |
| 10 | ജില്ലാ പഞ്ചായത്തിൻറെ ഡിവിഷനുകളുലിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( എസ് സി) (118/19) |
| 12 | പ്രമാടം ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ (954/16) |
| 14 | ജില്ലാ പഞ്ചായത്തിൻറെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ് സി) (127/18) |
| 19 | ജില്ലാ പഞ്ചായത്തിൻറെ ഡിവിഷനുകളുലിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (എസ് സി) (118/19) |
| 20 | ആനിക്കാട് ഡിവിഷനിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ( എസ് സി) (513/18) |
| 21 | കോട്ടാങ്ങൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (982/21) |
| 22 | ജില്ലാ പഞ്ചായത്തിന്റെ ഡിവിഷനുകളുലിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (11/20) |

വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയിൽ തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്ക് വരുത്താൻ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-52 നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മലം ജില്ല- സമ്പൂർണ്ണ ശുചിത്വ പദ്ധതി - ജില്ലാ പഞ്ചായത്ത് തുക നൽകിയില്ല

നിർമ്മല ഗ്രാമം എന്ന പദ്ധതി ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി തുക സംയുക്തമായി ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചാത്ത് നിർവ്വഹിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡുകളിലും പത്ത് വീതം വീടുകൾക്ക് ദ്രവ മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് സോക്പിറ്റ് നിർമ്മിച്ച് നൽകലായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഒരു സോക്പിറ്റ് യൂണിറ്റിന് 5000/- രൂപ എന്ന നിരക്കിൽ ജില്ലയിലെ ആകെ 788 ഗ്രാമപഞ്ചായത്ത് വാർഡുകളിലെ 7880 യൂണിറ്റുകൾ

നിർമ്മിക്കുന്നതിന് ആകെ 39400000 രൂപയുടെ ഒരു ബൃഹത് പദ്ധതിയുടെ പ്രൊപ്പോസലാണ് 10.5.2021-ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിളിച്ച ചേർത്ത യോഗത്തിന്റെ നിർദ്ദേശമായി ഉത്ഭവിച്ചത്. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഇതിനായി 1000000/- രൂപ വകയിരുത്തിയെങ്കിലും ഒരു രൂപ പോലും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി നൽകിയില്ല. വിഷയത്തിന്മേൽ ഭരണസമിതി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-53 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ജില്ലാപഞ്ചായത്ത് ഓഡിറ്റ് വർഷം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചതിൽ വിനിയോഗ വിവരം ലഭിക്കാത്ത പ്രവൃത്തികളുടെ പേര് ചുവടെ ചേർക്കുന്നു-

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | ജില്ലാ പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ (287/22) | KWA | 12153000/- |
| 2 | ജലജീവൻ മിഷൻ - പൊതു കുടിവെള്ള പരിപാടി (86/22) | KWA | 477000/- |
| 3 | കുടിവെള്ള പദ്ധതിയ്ക്ക് വിഹിതം നൽകൽ - കൊറ്റനാട് ഗ്രാമപഞ്ചായത്ത് (772/22) | KWA | 1100000/- |
| 4 | ജില്ലാ പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (959/22) | KWA | 2504900/- |
| 5 | ഉറുമ്പുമല – മുടിമല കുടിവെള്ള പദ്ധതി - ആറന്മുള ഗ്രാമപഞ്ചായത്ത് (333/22) | KWA | 2320000/- |
| 6 | ചക്രപാണിത്തടം കുടിവെള്ള പദ്ധതി - കിണർ നിർമ്മാണം, മോട്ടോർ വാങ്ങൽ - റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (313/22) | KWA | 1580000/- |
| 7 | കോഴഞ്ചേരി എ.വി.ജി റാന്നി റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ (308/22) | KWA | 1500000/- |
| 8 | കന്നിമല ഒഴിവുപാറ കുനൻപാലവിള കുടിവെള്ള പദ്ധതി - കടമ്പനാട് ഗ്രാമ പഞ്ചായത്ത് (337/22) | KWA | 1171000/- |
| 9 | മലയാലപ്പുഴ ശുദ്ധജല വിതരണ പദ്ധതി - പൈപ്പ് മാറ്റി സ്ഥാപിക്കൽ (296/22) | KWA | 1985000/- |
| 10 | ഓമല്ലൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിന് മോട്ടോർ വാങ്ങൽ (920/22) | KWA | 2300000/- |
| 11 | പന്നിക്കണ്ടം നെല്ലിടംപാറ കുടിവെള്ള പദ്ധതി (918/22) | KWA | 500000/- |
| 12 | ജില്ലയിലെ വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (940/22) | KSEB | 3440943/- |
| 13 | വിവിധ ഡിവിഷനുകളിലെ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (961/22) | KSEB | 1235032/- |
| 14 | കൊടുമൺ ഡിവിഷനിലെ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (960/22) | KSEB | 1600504/- |
| | | **ആകെ** | **33867379/-** |

പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചോ വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ചോ വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/22.12.2022) നൽകിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന്

സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ത്വരിതപ്പെടുത്താൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-54 പഠനം തീർന്നാലും പണിതീരാത്ത പഠനമുറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ആവിഷ്കരിച്ച പ്രോജക്ടുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയായില്ല. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ പഠന കാലയളവിൽ പൂർത്തീകരിച്ചിരുന്നെങ്കിൽ പ്രയോജനം ചെയ്യുമായിരുന്ന പ്രോജക്ടുകൾ ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമാകുന്നില്ല. പഠനമുറിക്കായി ആരംഭിച്ച നിർമ്മാണം ശയനമുറിയായി പൂർത്തീകരിക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. മുൻ വർഷങ്ങളിൽ ആവിഷ്കരിച്ച്, സ്പിൽ ഓവറായി വന്നതുൾപ്പെടെ അഞ്ച് പ്രോജക്ടുകളാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ട് ആവിഷ്കരിച്ച വർഷം | ആകെ ഗുണഭോക്താക്കൾ | പണി പൂർത്തിയാക്കിയത് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 349/2022 (SO) | 2019 | 44 | 41 | 3 |
| 351/2022 (SO) | 2019 | 32 | 30 | 2 |
| 352/2022 (SO) | 2020 | 52 | 50 | 2 |
| 353/2022 (SO) | 2020 | 32 | 31 | 1 |
| 580/2022 (New) | 2022 | 58 | 39 | 19 |

2018-19 ലും 2019-20ലും നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരമുള്ള ഭൂരിഭാഗം നിർമ്മാണവും പൂർത്തീകരിച്ചത് 2021-22ലാണ്. പഠനമുറിക്കായി എല്ലാ വർഷവും പ്രോജക്ടുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും നിർമ്മാണത്തിന്റെ പുരോഗതി ജില്ലാപഞ്ചായത്ത് നിരീക്ഷിക്കുന്നില്ല. ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് പ്രതിഫലം നൽകിയത് ക്രമവിരുദ്ധം; അധികം നൽകിയ തുക നിരാകരിക്കുന്നു

| | |
|---|---|
| കരാറുകാരൻ | ശ്രീ ബെന്നി സാം, പുത്തൻപറമ്പിൽ, തേക്കുംങ്കൽ, ആയിരൂർ |
| അടങ്കൽ | 3100000 |
| സാങ്കേതികാനുമതി നമ്പർ | 80686/2017-18, തീ. 25.10.20217 |
| ചെലവ് | ₹2702666 |
| ഫൈനൽ ബിൽ തുക | ₹181115 |
| ചെലവിന്റെ വിവരം - ചെക്ക് നം. | 6827309/21.01.2022 |
| എം.ബുക്ക് നം | 239/19-20, 395/17-18 |

ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കവിയൂർ ഗ്രാമപഞ്ചായത്തിലെ തിരുവാനപുരം കാണിക്കമണ്ഡപം - തൃക്കവിയൂർ മഹാദേവ ക്ഷേത്രം കാട്ടാമുറ്റത്ത്പടി റോഡ് എന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്റ്റ് നം.894/18). 19.01.2018-ൽ എഗ്രിമെന്റ് വച്ച് (നം.207/2017-18/EE/LSGD/PTA) ശ്രീ ബെന്നി സാം, പുത്തൻപറമ്പിൽ, തേക്കുംങ്കൽ, ആയിരൂർ എന്ന കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു. റോഡ് മെയിന്റൻസ് ഗ്രാന്റിൽനിന്നും 20 ലക്ഷം രൂപയും, കവിയൂർ ഗ്രാമപഞ്ചായത്ത് വിഹിതം 11 ലക്ഷം രൂപയും ഉൾപ്പടെ ആകെ 31 ലക്ഷം രൂപയായിരുന്നു പ്രവൃത്തിക്ക് അടങ്കൽ വകയിരുത്തിയിരുന്നത്. ആയത് പ്രകാരം 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 25.10.2017-ൽ സാങ്കേതികാനുമതി ലഭ്യമായി (TS No.80686/2017-18). 800 മീറ്റർ നീളത്തിൽ ടാറിംഗ് ചെയ്യുന്നതിനും, 1 കി.മീറ്റർ നീളത്തിൽ ഐറിഷ് കോൺക്രീറ്റിംഗ് നടത്തുന്നതിനും, 100 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തി 20.01.2018-ൽ ആരംഭിച്ച് 02.04.2019-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമായിരുന്നു. ആയത് പ്രകാരം പ്രവൃത്തി 19.04.2018-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരന്റെ അപേക്ഷ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് നാല് തവണകളായി 20.03.2019-വരെ നീട്ടി നൽകുകയുണ്ടായി. പ്രവൃത്തി 30.03.2019-ൽ കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ട് കവിയൂർ എൽ.എസ്.ജി.ഡി. സെക്ഷൻ അസി.എഞ്ചിനീയർ ശ്രീ ഷിഹാബുദ്ദീൻ കെ., 05.04.2019 തീയതി വെച്ച് കയ്യൊപ്പിട്ട് മല്ലപ്പള്ളി സബ്ഡിവിഷൻ അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എം.ബുക്ക് (നം.395/17-18) പരിശോധിച്ചതിൽ പ്രവൃത്തിയുടെ അവസാന അളവ് 30.03.19-ൽ അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. 05.04.2019 ൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി അസി.എഞ്ചിനീയർ കൈയ്യൊപ്പിട്ടിട്ടുള്ളതും അസി.എക്സി.എഞ്ചിനീയർ ആയത് പരിശോധിച്ച് അംഗീകരിച്ചതായും കണ്ടു. കൂടാതെ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ സമ്മതിച്ചുകൊണ്ട് കരാറുകാരൻ കൈയ്യൊപ്പിട്ടിട്ടുമുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 2519294 രൂപയുടെ പ്രവൃത്തി ചെയ്തു. 31.10.2019 ൽ മെയിന്റനൻസ് ഗ്രാന്റിൽനിന്നും 20 ലക്ഷം രൂപയും, പഞ്ചായത്ത് ഫണ്ട് 513582രൂപയും അനുവദിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് അസി.എക്സി. എഞ്ചിനീയർ ജില്ലാ പഞ്ചായത്തിൽ റിക്വിസിഷൻ നൽകുകയും, 11.11.2019-ൽ പഞ്ചായത്ത് ഫണ്ട് അലോട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ് (ഉത്തരവ് നം.B2-210/19, ചെക്ക് നം.2565866/14.11.19 -513582/- Sub Treasury, Pathanamthitta).

തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണച്ചുമതലയുണ്ടായിരുന്ന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് ബോധ്യമായ സാഹചര്യത്തിൽ മുമ്പ് നൽകിയ ഫണ്ട് റിക്വിസിഷൻ ക്യാൻസൽ ചെയ്ത് തിരികെ നൽകണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ

പഞ്ചായത്ത് സെക്രട്ടറിക്ക് 19.11.2019 ൽ കത്ത് നൽകി. തുടർന്ന് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ചില ഐറ്റങ്ങൾ എഗ്രിമെന്റ് അളവിനേക്കാൾ അധികരിച്ചുവന്നതിനാൽ ആകെ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് ഭേദഗതി വേണമെന്ന് ബന്ധപ്പെട്ട അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണാനുമതി നൽകി (തീരുമാനം നം.IV(1)/10.06.2020). മേൽ പറഞ്ഞ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 25.06.2020-ൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചു.

പ്രവൃത്തിയുടെ എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 05.04.19-ൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കിയതിനുശേഷം ഒറിജിനൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത ചില എക്സ്ട്രാ ഇനം പ്രവൃത്തികളുടെ അളവുകൾ ഫൈനൽ ബിൽ രേഖപ്പെടുത്തിയ അതേ എം.ബുക്കിലെ തുടർന്നുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. ഈ അളവുകളുടെ മെഷർമെന്റ് തീയതി കാണിച്ചിരിക്കുന്നത് 28.02.2020, 02.03.2020, 09.03.2020 എന്നിങ്ങനെയാണ്. തുടർന്ന് 13.03.20-ൽ എഗ്രിമെന്റ് അളവിനേക്കാൾ അധികരിച്ചുവന്ന അളവുകൾ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി അംഗീകരിച്ചു. ഇത് പ്രകാരം കരാറുകാരൻ നടത്തിയ പ്രവൃത്തികളുടെ മൂല്യം 2519294 രൂപയിൽനിന്നും 2702666 രൂപയായി വർദ്ധിച്ചു. പ്രവൃത്തി മൂല്യത്തിൽ 183372 രൂപയുടെ വർദ്ധനവാണ് ഇതുമൂലം ഉണ്ടായത്.

അംഗീകൃത എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് കരാറുകാരൻ നടത്തിയ പ്രവൃത്തികൾ ക്രമവൽക്കരിച്ച് അനർഹമായി അധികം പ്രതിഫലം കണക്കാക്കി നൽകുകയാണുണ്ടായത്. 05.04.19 തീയതി വെച്ച് ഫൈനൽ ബിൽ തയ്യാറാക്കി അംഗീകരിച്ച ശേഷം അതിനുമുമ്പുള്ള തീയതിയിൽ ചെയ്ത പ്രവൃത്തികൾ അതേ എം.ബുക്കിലെ തുടർന്നുള്ള പേജുകളിൽ രേഖപ്പെടുത്തിയത് അംഗീകരിക്കാനാവില്ല. പ്രവൃത്തി പൂർത്തിയാക്കി മാസങ്ങൾക്ക് ശേഷം എഗ്രിമെന്റ് ഇനങ്ങളിലും, അളവുകളിലുമുണ്ടായിട്ടുള്ള വ്യതിചലനം ക്രമീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങി കരാറുകാരന് പ്രതിഫലം നൽകിയത് ക്രമവിരുദ്ധമാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം31/27.01.2023) ബന്ധപ്പെട്ടവർ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് അധികം ചെലവഴിച്ച തുക 183372-2257=181115 രൂപ (അവസാന ബിൽ തുകയിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസമായി 2257രൂപ കറവ് ചെയ്തിട്ടുണ്ട്) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-2 ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് 2.10 ലക്ഷം രൂപ പ്രതിഫലം നൽകി

| | |
|---|---|
| കരാറുകാരൻ | ശ്രീ ബിജു എം., താജ് ഭവൻ, പഴകുളം |
| അടങ്കൽ | 2600000 |
| സാങ്കേതികാനുമതി നമ്പർ | TS No. - 285/19-20/AEE/LSGD/PTA, Dtd. 18.03.2020 |
| ചെലവ് | ₹2142343 |
| | Ist Part Bill - ₹1138753 (Bill No. 20050252024501104281/18.02.21) |
| | Final Bill - ₹1003590 (Bill No. 21050252024500444858/23.09.21) |
| എം.ബുക്ക് നം | 400/19-20 |

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 1445/20 പ്രകാരം കടമ്പനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5-ൽ കല്ലേലിപ്പടി - പാണ്ടിമലപ്പുറം റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തി ഏറ്റെടുത്തിരുന്നു. 18.03.2020-ൽ എഗ്രിമെന്റ് വച്ച് (നം.285/2019-20/AEE/LSGD/PTA) ശ്രീ ബിജു എം., താജ് ഭവൻ, പഴകുളം, അടൂർ എന്ന കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു. പട്ടികജാതി വിഭാഗം വികസന ഫണ്ടിൽനിന്നും 26 ലക്ഷം രൂപയായിരുന്ന പ്രവൃത്തിക്ക്

അടങ്കൽ വകയിരുത്തിയിരുന്നത്. ആയത് പ്രകാരം 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 08.02.2020-ൽ സാങ്കേതികാനുമതി ലഭ്യമായി (TS No.111831/2019-20). 250 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനും, 250 മീറ്റർ നീളത്തിലും 1.85 മീറ്റർ ഉയരത്തിലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി 18.03.2020-ൽ ആരംഭിച്ച് 03.04.2021-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 2142343 രൂപയുടെ പ്രവൃത്തി നടത്തി. പ്രവൃത്തിയുടെ പാർട്ട് ബിൽ (1138753) 18.02.2021-ലും, ഫൈനൽ ബിൽ (1003590) 23.09.2021-ലും നൽകി. ഫയൽ പരിശോധിച്ചതു പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ ഫൈനൽ ബിൽ, എം.ബുക്ക് (നം.400/19-20) എന്നിവ പരിശോധിച്ചതിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന രണ്ട് എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്ന് കണ്ടു. 883.663 ഘനമീറ്റർ മണ്ണ് ഫില്ലിംഗ് നടത്തിയത് 678.531 ഘനമീറ്ററിൽ നിജപ്പെടുത്തി 260.65/ഘ.മീ. നിരക്കിൽ 176859 രൂപയും, 44.80 ഘനമീറ്റർ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് 745.66/ഘ.മീ. നിരക്കിൽ 33405.57 രൂപയും കരാറുകാരന് അനുവദിച്ചു. ടി എക്സ്ട്രാ ഇനങ്ങളുടെ അളവുകൾ യഥാക്രമം 20.01.2021-ലും, 05.02.2021-ലുമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ അവസാന അളവുകൾ 03.04.2021-ൽ രേഖപ്പെടുത്തുകയും, 05.05.2021-ൽ എം.ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കി അവസാന അളവും രേഖപ്പെടുത്തി ഒന്നര മാസത്തിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളത്.

റിവൈസ്ഡ് എസ്റ്റിമേറ്റ് ടി.എസിന് സമർപ്പിച്ച തീയതി, എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് ടി.എസ്. നൽകിയ തീയതി, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ട യഥാർത്ഥ തീയതി എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 03.05.2021-ൽ സമർപ്പിക്കപ്പെട്ട റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽനിന്നും പ്രിന്റ് എടുത്തിരിക്കുന്നത് 28.04.2021 ലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ഒബ്സേർവ്ഡ് ഡാറ്റ (എക്സ്ട്രാ ഇനങ്ങളായ മണ്ണ് ഫില്ലിംഗ്, ക്വാറി മക്ക് ഫില്ലിംഗ് എന്നിവയുടെ) പ്രിന്റ് എടുത്തിരിക്കുന്നത് 18.05.2021-ലാണ്. ഇതിൽനിന്നും 18.05.2021 ലോ, അതിനുശേഷമുള്ള ഏതെങ്കിലും തീയതിയിലോ ആണ് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിന് സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ എക്സി.എഞ്ചിനീയർ 18.02.2021 തീയതി വെച്ചാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഒറിജിനൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി വാങ്ങേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഖ.3.8.2(9)(vi)]. കൂടാതെ എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.ഡിബി1/10690/2020/സിഇ/എൽ.ഐ.ഡി.&ഇ.ഡബ്ല്യു, തീ.26.03.2021). റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കഴിവതും ഒബ്സേർവ്ഡ് ഡാറ്റകൾ കൂടാതെ ആയിരിക്കണമെന്നും, പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് ഉചിതമല്ലെന്നും, പ്രത്യേകിച്ചും Visible അല്ലാത്ത ഇനങ്ങൾ/അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഇവയ്ക്ക് എന്ത് കാരണത്താലും പ്രവൃത്തി ചെയ്ത ശേഷം അനുമതി നൽകാൻ പാടില്ലെന്നും മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ അവഗണിച്ചാണ് ഓബ്സേർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ Visible അല്ലാത്ത എക്സ്ട്രാ ഇനം പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കൂടാതെ മൺപണിയുടെ അളവ് 500 ഘ.മീറ്ററിൽ കൂടുതൽ വരികയാണെങ്കിൽ പണി ആരംഭിക്കുന്നതിനുമുമ്പ് ഇനിഷ്യൽ ലവൽ (Initial Levels) എടുക്കണം. പണി ആരംഭിക്കുന്നതിനുമുമ്പ് ഇനിഷ്യൽ ലവൽസ് വരച്ച് മൺപണിയുടെ കണക്കുകൾ തയ്യാറാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകിയ അധികാരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഒപ്പം ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് (CTE) റിപ്പോർട്ട് ചെയ്ത് ഏഴ ദിവസത്തിനുശേഷം മാത്രമേ മൺപണി ആരംഭിക്കാൻ പാടുള്ളൂ. എന്നാൽ ഈ പ്രവൃത്തിയുടെ ഭാഗമായി 883.66 ഘ.മീറ്റർ മൺപണി നടത്തിയത് ഈ വക നടപടി ക്രമങ്ങൾ പാലിക്കാതെയാണ്. മൺപണിയുടെ ഇനിഷ്യൽ ലവൽസ് ടി.എസ്. അധികാരിയായ എക്സി.എഞ്ചിനീയർ അംഗീകരിക്കുകയോ, CTE-യ്ക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. 500 ഘനമീറ്ററിനുമുകളിലുള്ള മൺപണി CTE-യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/24.01.2023) തൃപ്തികരമായ വിശദീകരണം ലഭ്യമായിട്ടില്ല.

ഇതിനെ തുടർന്ന് ഓഡിറ്റ് ടീം കടമ്പനാട് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ച് ഭൗതിക പരിശോധന നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ റിവൈസ്സ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനം പ്രവൃത്തിയായ മണ്ണ് നിറയ്ക്കൽ പ്രവൃത്തി എം. ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ നടത്തിയിട്ടില്ലെന്ന് വ്യക്തമായി. സൈറ്റിൽ ലഭ്യമായ മണ്ണ് മാത്രമാണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുള്ളതെന്നും പുറത്തുനിന്ന് മണ്ണ്കൊണ്ട് വന്ന് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ലെന്നും, ക്വാറി മക്ക് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്നും റോഡിന്റെ ഗുണഭോക്താക്കളായ സമീപവാസികൾ ഭൗതിക പരിശോധനാ വേളയിൽ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ പ്രവൃത്തിയുടെ എം.ബുക്കിൽ സംരക്ഷണ ഭിത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥ അളവുകളുമായി പൊരുത്തപ്പെടുന്നില്ലെന്നും കണ്ടു. അതുപോലെതന്നെ ഡ്രൈ റബിൾ മേസൺറി പ്രവൃത്തി ഗുണനിലവാരം പുലർത്തിയല്ല നടത്തിയിട്ടുള്ളതെന്നും, കൽകെട്ടിന്റെ ഉറപ്പിനെ ബാധിക്കുന്ന തരത്തിൽ അനുവദനീയമായതിലധികം വിടവ് (Voids) ഇട്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും കണ്ടു.

ചുരുക്കത്തിൽ യഥാർത്ഥത്തിൽ ചെയ്യാത്ത ഇനം പ്രവൃത്തികൾ ചെയ്തതായി കൃത്രിമ രേഖകൾ ചമച്ച് കരാറുകാരന് പ്രതിഫലം നൽകിയതായാണ് വ്യക്തമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഒറിജനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധികമായി ചെയ്ത പ്രവൃത്തികൾക്ക് ചെലവഴിച്ച 176859+33405.57=210265 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണച്ചുമതല വഹിച്ച അസി.എക്സി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മേൽവിവരിച്ച ഗൗരവതരമായ ക്രമക്കേടുകൾ വകുപ്പ് തലത്തിൽ അന്വേഷണ വിധേയമാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 കുന്നന്താനം പാലയ്ക്കാത്തകിടി സ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 1459/19-20,303/20-21, 384/2021-22, കുന്നന്താനം പാലയ്ക്കാത്തകിടി സ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ്. |
| തുക വകയിരുത്തിയത് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 2000000 (2019-20),1500000 (2020-21) 769073 (2021-22) |
| ചെലവഴിച്ചത് | ₹730927 (ബിൽ നം.1549/28.03.2021) |

| | |
|---|---|
| | ₹ 569831 (ബിൽ നം. 632/28.02.2022)<br>ആകെ - ₹1300758 |
| മെഷർമെന്റ് ബുക്ക് | 369/2019-20 |
| കരാറുകാരൻ | A.K സന്തോഷ് കുമാർ, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുന്നന്താനം, പാലയ്ക്കാത്തകിടി സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ട് മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 19.03.2020 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സന്തോഷ് കുമാർ A.K എന്ന കരാറുകാരന്റെ ടെണ്ടർ ജില്ലാപഞ്ചായത്ത് കമ്മിറ്റി 19.06.2020 ൽ അംഗീകരിച്ചിരുന്നു.ഇതനുസരിച്ച് 03.07.2020 ൽ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നു.(നം.14/20-21/AEE)

നിർമ്മാണത്തിൽ തുടർന്ന് മാറ്റങ്ങൾ ആവശ്യമാണെന്നുള്ള ഡിവിഷൻ മെമ്പറുടെ 21.08.2020 ലെ കത്തിനെത്തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 27.08.2020 ലെ IV(9) ാം നമ്പർ തീരുമാനത്തെത്തുടർന്ന് 6 മാസത്തിനു ശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം 05.03.2021 ൽ നൽകുകയും ചെയ്തു.

നിർവ്വഹണം നടത്തിയതിന്റെ ആദ്യ പാർട്ട് ബിൽ 30.03.2021 ലും ഫൈനൽ ബിൽ 02.03.2022 ലും നൽകിയിരുന്നു. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് ടീം 23.01.2023 ൽ സ്കൂളിൽ ഭൗതിക പരിശോധന നടത്തി. ആയതു പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മെഷർമെന്റ് ബുക്ക് ഇനം 16 പ്രകാരം അലുമിനിയം ഉപയോഗിച്ച് ഡോർ, ജനലുകൾ , ഗ്ലാസ്സ് പാർട്ടീഷൻ എന്നിവ നിർവ്വഹിച്ചതിനു 1.63 ലക്ഷം രൂപയും അധിക ഇനം 6 ആയി എമൽഷൻ പെയിന്റ് ഉപയോഗിച്ചതിന് 1.64 ലക്ഷം രൂപയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ അലുമിനിയം ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും നടത്തിയതായി കണ്ടില്ല. അതു പോലെ എമൽഷൻ പെയിന്റ് ഉപയോഗിച്ചിട്ടുമില്ല. സ്കൂൾ കെട്ടിടത്തിൽ മുമ്പുണ്ടായിരുന്ന വൈറ്റ് വാഷ് മാത്രമാണ് ഇപ്പോഴുമുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് | നിരക്ക് |
|---|---|---|---|
| 1 | 21.1.1.1<br>Providing And Fixing Aluminium Work For Doors, Windows, Ventilators And Partitions With Extruded Built Up Standard Tubular Sections- | 197 Kg<br>139.88Kg | 197@487<br>= 95939<br>139.88 @ 485.10<br>= 67857 |
| 2 | 14.43 Removing White Wash | 1378.16 M2 | 1378.16@11.48/m2<br>=15821.27 |
| 3 | 13.60.1<br>Wall Painting With Acrylic Emulsion Paint | 1419.71 M2 | 1419.71 @ 116.03/m2<br>= 164729 |
| | ആകെ | | 344346 |



മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അപാകതയിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/28.01.2023) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഗുരുതരമായ ക്രമക്കേടായതിനാൽ **നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് നൽകിയ തുക ₹344346 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് വഴിവിട്ട് ക്രമീകരിച്ച് കരാറുകാരന് തുക നൽകി

| | |
|---|---|
| കരാറുകാരൻ | ശ്രീ മനോജ് ജോസഫ് |
| അടങ്കൽ | ₹3300000 |
| സാങ്കേതികാനുമതി നമ്പർ | 76347/18-19, Dtd. 23.07.08 |
| കരാർ നം. | 183/18-19/AEE/LSGD/PTA, Dtd. 27.11.2018 |
| എം.ബുക്ക് നം. | 1149/18-19 |
| പ്രവൃത്തി മൂല്യം | ₹2717240 |
| ഫൈനൽ ബിൽ തുക | ₹1326801 |
| ബിൽ നം., തീയതി | 21050252024501120903<br>14.02.2022 |

നിരണം ഗ്രാമപഞ്ചായത്തിലെ മുണ്ടനാരി കൊറ്റംകുഴി റോഡ് പുനരുദ്ധാരണം (പ്രോ.നം.345/18-19) എന്ന പ്രവൃത്തി 2018-19 ലെ പദ്ധതി പ്രകാരം ശ്രീ മനോജ് ജോസഫ്, വേടൻപറമ്പിൽ, അമിച്ചകരി എന്ന കരാറുകാരൻ 27.11.2018 ൽ എഗ്രിമെന്റ് വച്ച് ഏറ്റെടുത്തു. (എഗ്രിമെന്റ് നം.183/18-19/EE/LSGD/PTA). പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് 23.07.18-ൽ സാങ്കേതികാനുമതി ലഭിച്ചിരുന്നു. (നം.76734/2018-19). കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. എന്നാൽ എഗ്രിമെന്റ് കാലയളവിനുള്ളിൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിരുന്നില്ല. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 20.03.2020-ലാണ് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എഗ്രിമെന്റ് കാലയളവ് ദീർഘിപ്പിച്ച് ലഭിക്കുന്നതിന് വ്യക്തമായ കാരണം കാണിച്ച് കരാറുകാരൻ അപേക്ഷ നൽകുകയോ, പ്രവൃത്തിയുടെ മേൽനോട്ടച്ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനിയർ/അസി.എക്സി.എഞ്ചിനീയറുടെ ശുപാർശയോടെ സമയം ദീർഘിപ്പ് നൽകുകയോ ചെയ്തിട്ടില്ല. അതുപോലെതന്നെ പഞ്ചായത്തിന്റെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുകയും ഉണ്ടായില്ല. സമയ ദീർഘീകരണത്തിനുള്ള അപേക്ഷകളും, സപ്ലിമെന്ററി എഗ്രിമെന്റും, അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റും പ്രവൃത്തിയുടെ ഫൈനൽ ബില്ലിനൊപ്പമാണ് സമർപ്പിച്ചിട്ടുള്ളത്.

പ്രവൃത്തിയുടെ പൂർത്തീകരണം 26.05.2019 മുതൽ 17.03.2020 വരെ മൂന്ന് പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റുകൾ ചമച്ചതാകട്ടെ 21.12.2021 ലും. അതായത് 17.03.2020-ൽ നിർവ്വഹണം പൂർത്തിയാക്കിയെന്നു പറയുന്ന പ്രവൃത്തിയ്ക്ക് സമയം ദീർഘിപ്പിച്ച് അനുവദിക്കുന്നതിന് വീണ്ടും 21 മാസം കാലയളവ് എടുത്തിട്ടുള്ളതായാണ് കണ്ടത്. പ്രവൃത്തി പൂർത്തീകരിച്ച തീയതി സംബന്ധിച്ച് എം.ബുക്കിൽ നടത്തിയ രേഖപ്പെടുത്തൽ സുതാര്യമല്ലെന്ന് വ്യക്തമാണ്.

ഈ പ്രവൃത്തിയുടെ ബിൽ തുക രണ്ട് തവണകളായാണ് അനുവദിച്ചത്. ആദ്യ പാർട്ട് ബിൽ സമർപ്പിച്ചിരിക്കുന്നത് 27.09.2019-ലാണ്. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 1390439 രൂപയുടെ പ്രവൃത്തി നടത്തി. തുടർന്ന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന നിരണം ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ ഭരണസമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. 29.10.2019-ൽ കൂടിയ ജില്ലാപഞ്ചായത്ത് ഭരണ സമിതി യോഗം വിഷയം ചർച്ച ചെയ്യുകയും, ഈ പ്രവൃത്തി സംബന്ധിച്ച് എക്സി.എഞ്ചിനീയറോട് വിശദമായ റിപ്പോർട്ട് വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു (തീരുമാനം നം.IV(1)). എന്നാൽ ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള വിശദമായ റിപ്പോർട്ട് യഥാസമയം സമർപ്പിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി സമ്പാദിക്കാതെ 17.03.2020-ൽ പ്രവൃത്തി പൂർത്തിയാക്കി 16.04.2021-ൽ ഫൈനൽ ബിൽ സമർപ്പിക്കുകയാണുണ്ടായത്. ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി 25.03.2021-ൽ വീണ്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അപേക്ഷ എക്സി.എഞ്ചനീയർ ജില്ലാപഞ്ചായത്ത് അധികൃതർക്കുമുമ്പാകെ വയ്ക്കുകയുണ്ടായി (ഡി.4/ജനറൽ/ഇഇ/എൽ.എസ്.ജി.ഡി. നമ്പർ കത്ത്). എന്നാൽ ഇതിന് മറുപടിയായി സെക്രട്ടറി എക്സി.എഞ്ചിനീയർക്ക് നൽകിയ കത്തിൽ ജില്ലാ പഞ്ചായത്തിന്റെ 29.10.2019-ലെ യോഗത്തിലെ തീരുമാന പ്രകാരമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഭേദഗതികൾ അംഗീകരിച്ച് തീരുമാനിച്ചിട്ടില്ലെന്നും, പൂർത്തീകരിച്ച പ്രവൃത്തിക്ക് ഇത്രയും വൈകി (ഒരു വർഷം) എസ്റ്റിമേറ്റ് ഭേദഗതിക്കുള്ള കത്ത് നൽകിയതിനുള്ള കാരണം വിശദമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

ടി കത്തിന് 10.08.2021-ൽ എക്സി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയത് അനുസരിച്ച് അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ (നിരണം ഗ്രാമപഞ്ചായത്ത്) സംയുക്തമായി സൈറ്റ് സന്ദർശിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും (ഇതേ ഉദ്യോഗസ്ഥർതന്നെയാണ് പ്രവൃത്തിയുടെ നിർവ്വഹണ മേൽനോട്ടം വഹിച്ചിട്ടുള്ളത്), ജില്ലാ പഞ്ചായത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുവേണ്ടി സാധാരണയായി ഡിവിഷൻ മെമ്പർ നേരിട്ട് കത്ത് നൽകുകയോ, ജില്ലാ പഞ്ചായത്ത് വഴി ആയതിന്റെ കോപ്പി നൽകുകയോ ചെയ്യാറുണ്ടെന്നും, ഇത്തരത്തിലുള്ള ഒരറിയിപ്പും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, കൂടാതെ 17.03.2020-ൽ പൂർത്തിയാക്കിയ ടി വർക്കിന്റെ ഫൈനൽ ബിൽ മേയ് മാസത്തിലാണ് (റിവൈസ്ഡ് എസ്റ്റിമേറ്റ് ഉൾപ്പടെ) എക്സി.എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചതെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തി വൈകിയതിനും, എസ്റ്റിമേറ്റിലെ ഭേദഗതികൾക്കും 2018-ലെ പ്രളയമാണ് കാരണമായി പറയുന്നത്. ഇത് അംഗീകരിക്കാവുന്നതല്ല. 2018 ആഗസ്റ്റ് മാസമാണ് പ്രളയം ഉണ്ടായിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് 27.11.2018-ലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 23.07.2018-ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്രളയം നിമിത്തം എന്തെങ്കിലും ഭേദഗതി ആവശ്യമായിരുന്നെങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതിന് അവസരമുണ്ടായിരുന്നു. ഈ പ്രവൃത്തിക്ക് റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ, അഥവാ പ്രവൃത്തിയുടെ നിർവ്വഹണമദ്ധ്യേ എഞ്ചിനീയറുടെ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയോടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തി നടത്തുന്നതിനോ സാധിക്കുമായിരുന്നു. എന്നാൽ എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തികൊണ്ടാണ് അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും തേടിയിട്ടുള്ളത്. ഇപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽപോലും അസാധാരണമായ കാലതാമസമാണ് ഉണ്ടിയിട്ടുള്ളത്.

പി.ഡബ്ല്യു.ഡി. മാനവൽ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ സർക്കുലർ എന്നിവ പ്രകാരം ഒരു പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ (Advanced Stage Of Completion) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. കൂടാതെ, ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന്

ഭരണാനുമതി നൽകിക്കൊണ്ടുള്ള 11.11.2021-ലെ 05(1)(1) തീരുമാനവും ശ്രദ്ധേയമാണ്. പൊതുമരാമത്ത് ചട്ടങ്ങൾക്കും നിബന്ധനകൾക്കും നിലവിലെ നിയമങ്ങൾക്കും വിധേയമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയാണ് ഭരണസമിതി തീരുമാനം കൈകൊണ്ടിട്ടുള്ളത്. ഈ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തിന് ശേഷം സമർപ്പിക്കപ്പെട്ട റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയതും, അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനം ക്രമീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയതും ക്രമപ്രകാരമല്ല. പി.ഡബ്ല്യു.ഡി. മാന്വലും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും, ഉത്തരവുകളും ഇപ്രകാരം പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിനും, എസ്റ്റിമേറ്റിൽനിന്നുള്ള വ്യതിചലനം സാധൂകരിക്കുന്നതിനും അനുവദിക്കുന്നില്ല.

ഈ സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തികൾക്ക് ചെലവഴിച്ച 450182 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ഐറ്റം നമ്പർ | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം | | | അളവ് പുസ്തക പ്രകാരം ചെയ്ത അളവ്, നിരക്ക്, തുക | | | അധിക അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക | | |
| 3 | 60.7.1: DRY RUBBLE MASONRY | 683.54 M3 | 2672.74 | 1826924.63 | 808.90 M3 | 2672.74 | 2161979.31 | 125.36 | 335054.67 |
| | Extra Item | | | | | | | | |
| E1 | Dismantling Existing Damaged Masonry | | | | 45.00 M3 | 1434.90 | 64570.50 | 45.00 | 64570.50 |
| E2 | DR Masonry Using Dept.rubble | | | | 33.07 M3 | 1037.91 | 34323.68 | 33.07 | 34323.68 |
| E3 | 60.64.01 ; Coconut Pile – Supply And Stacking Coconut Post.... | | | | 21.00 No. | 135.67 | 2849.07 | 21.00 No. | 2849.07 |
| E4 | 60.64.4 : Coconut Pile – Driving Down Coconut Pile .... | | | | 17.50 | 764.78 | 13383.65 | 17.50 | 13383.65 |
| | ആകെ | | | | | | | | 450181.58 |

മേൽ പറഞ്ഞ പ്രകാരം നിരാകരിച്ച 450182 രൂപ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-5 ജില്ലാ ആയുർവേദ ആശുപത്രി പെയിന്റിംഗ് നടത്തിയതിൽ ഗുരുതരമായ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 322/2020-21, SO 480/2021-22, ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണികൾ. |

| | |
|---|---|
| തുക വകയിരുത്തിയത് | മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) -2637210 (2020-21)<br>മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) -1572792 (2021-22) |
| ചെലവഴിച്ചത് | ₹1064418 (Bill No.1731/31.03.2021)<br>₹1542223 (162/29.11.2021)<br>**ആകെ - ₹2606641** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പദ്ധതിയ്ക്കായി 2020-21 ൽ ₹2637210 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 23.01.2021 ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു.റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 2330382 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. (തീരുമാനം നം.24.02.2021 ലെ 2(2)(3)). നാലു നിലകൾ ഉള്ളതാണ് ആയുർവേദ ആശുപത്രി. കെട്ടിടത്തിന്റെ അകത്തും പുറത്തുമായി എല്ലാ നിലകളിലും പെയിന്റ് അടിയ്ക്കുന്നതിനും Scaffolding System ഉപയോഗിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി.

**A) ടെണ്ടർ ചെയ്ത എസ്റ്റിമേറ്റിൽ Scaffolding System തയ്യാറാക്കുന്നതിന് 10.84 ലക്ഷം രൂപയുടെ അധിക ഇനം ഉൾപ്പെടുത്തി**

പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റിലെ രണ്ടാം ഇനം പ്രകാരം പഴയ പെയിന്റ് ഉരച്ച് മാറ്റുന്നതിനുള്ള ആകെ ഏരിയ 5421.60 M2 ആണ്. ഇതിൽ നിന്നും ഡോർ, വെന്റിലേറ്റർ ,ജനലുകൾ എന്നിവയുടെ ഏരിയ 511.86 M2 ആയി കണക്കാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഏരിയ 4909.80 M2 ആയും കണക്കാക്കിയിട്ടുണ്ട്.

ഇതേ ഏരിയയിൽ പെയിന്റ് ചെയ്യുന്നതിന് തൊഴിലാളികൾക്കു നിൽക്കുന്നതിനുള്ള തൂണുകളും മറ്റും തയ്യാറാക്കുന്നതിനായി **(Scaffolding System)** ഇനം 5 ആയി 10.84 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കെട്ടിടത്തിന്റെ പുറത്തെ ഭാഗത്തിനു മാത്രമേ Scaffolding ആവശ്യമായിരുന്നുള്ളൂ. എന്നാൽ കെട്ടിടത്തിന്റെ ഉൾവശങ്ങളും മുറികളും ഉൾപ്പെടുന്ന ഏരിയ കൂടി ഇതിനായി കണക്കിലെടുത്താണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ ക്ഷണിച്ചതും. ഈ ഒരു ഇനത്തിനായി എസ്റ്റിമേറ്റിൽ 10.84 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആദ്യ എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| DSR Code,item | Area, Rate | Total (₹) |
|---|---|---|
| 13.48.1<br>Finishing With Deluxe Multi Surface Paint System For Interiors And Exteriors Using Primer As Per Manufacturers Specifications:<br>Two Or More Coats Applied On Walls @ 1.25 Ltr/10 Sqm Over And Including One Coat Of Special Primer Applied @ 0.75 Ltr /10 Sqm | 4334.28 M2 @136.48/m2 | 591542 |
| 14.46<br>Removing Dry Or Oil Bound Distemper By Scrapping | 4909.8 M2 @14.90/m2 | 73156 |
| 14.72<br>Providing And Fixing Double Scaffolding System (Cup Lock Type) On The Exterior Side, Upto Seven Story Hight Made With 40 Mm Dia. M.S. Tube 1.5 M Centre To Centre, Horizontal & Vertical Tubes Joining With Cup & Lock System With | 4909.8 M2 @220.89/m2 | 1084525 |

| | | |
|---|---|---|
| M.S. Tubes, M.S. Tube Challies, M.S. Clamps And M.S. Staricase System In The Scaffolding For Working Platform Etc. And Maintaining It In A Serviceable Condition For The Required Duration As Approved And Removing It There After. | | |



(ജില്ലാ ആയുർവേദ ആശുപത്രി)

ടെണ്ടർ അംഗീകരിച്ച ശേഷം സൊസൈറ്റിയുമായി ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടിരുന്നു (നം.167/2020-21; 26.02.2021). ഇതനുസരിച്ച് പകുതി നിർമ്മാണം 30.03.2021 ൽ നടത്തുകയും അന്നേ ദിവസം തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മെഷർമെന്റ് ബുക്കിൽ ചെക്ക് മെഷർമെന്റ് നടത്തുകയും ചെയ്തിരുന്നു. ആദ്യ പാർട്ട് ബിൽ നൽകുകയും ചെയ്തു. ആദ്യ പാർട്ട് ബിൽ പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനു ശേഷം നടത്തിയ അധികനിർമ്മാണത്തിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ആദ്യ പാർട്ട് ബിൽ പ്രകാരം | | ഫൈനൽ ബിൽ പ്രകാരം |
|---|---|---|---|---|
| | | നിർവ്വഹണം നടത്തിയത് | തുക | അധിക നിർമ്മാണം |
| 1 | 13.48.1 Finishing With Deluxe Multi Surface Paint System. | 4292.61 | 4292.61X136.48 =585855.41 | 41.67x136.48= 5687.12 2581.8x135.118 = 346356 |
| 2 | 14.46, Removing Dry Or Oil Bound Distemper By Scrapping. | 4292.61 | 4292.61x14.90 =63959.89 | 617.19x14.90 =9196.13 2006.28 X 14.616 =29324.62 |
| 3 | 14.54.1 Painting With Synthetic Enamel Paint | 511.86 | 511.86x70.76 =36219 | 25x70.76 =1769 |
| 4 | 14.57.1 Painting With Black | 325.38 | 325.38x60.07 =19545.58 | 0 |

| | | | | |
|---|---|---|---|---|
| | Anti Corrosive Bitumastic Paint | | | |
| 5 | 14.72 Double Scaffolding System | 1132.8 | 1132.8x216.10 M =244793.21 | 32x216.1=6915.07 |
| | **Total** | | **950373** | |

**B) Scaffolding ന എസ്റ്റിമേറ്റിൽ അധിക തുക വകയിരുത്തിയത് ക്രമീകരിക്കാനായി കരാറുകാർ സ്വന്തം നിലയിൽ ടൈലും റൂഫിംഗും നടത്തി**

1.) ആദ്യ പാർട്ട് ബിൽ സമർപ്പിച്ചതിനു ശേഷം എസ്റ്റിമേറ്റിൽ Scaffolding ഏരിയ കണക്കിലെടുത്തത് തെറ്റായാണ് എന്നും ഇതിനു വകയിരുത്തിയ തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് ഷീറ്റ് ഇടുന്നതിനും പ്ലംബിംഗ് മുതലായവ നടത്തുന്നതിനുമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും അയിരൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 07.08.2021 ൽ ജില്ലാപഞ്ചായത്തിനു കത്തു നൽകി.എന്നാൽ ഇതേ തീയതിയിൽ ഷീറ്റ് ഇടുകയും ടൈൽ സ്ഥാപിക്കുകയും ചെയ്തതായി ഡിവിഷൻ മെമ്പർ കത്തു നൽകിയിട്ടുണ്ട്. അധിക നിർമ്മാണം നടത്തിയതിനു ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായാണ് കണ്ടത്. (23.09.2021 ലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനം). ആദ്യ എസ്റ്റിമേറ്റിൽ Scaffolding എന്ന ഇനം തെറ്റായ അളവിൽ ഉൾപ്പെടുത്തിയതിനു വിശദീകരണം നൽകേണ്ടതാണ്. ഈ അപാകത മൂലം എസ്റ്റിമേറ്റിൽ അവശേഷിച്ച തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ മുകൾ ഭാഗം ടൈൽ, ഷീറ്റ് എന്നിവ സ്ഥാപിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/28.01.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

**C) ആദ്യ എസ്റ്റിമേറ്റിലെ Scaffolding ഏരിയയിലെ പിഴവ് ക്രമീകരിക്കുന്നതിനായി കെട്ടിടത്തിന്റെ ആകെ പെയിന്റിംഗ് ഏരിയയിൽ 2581.8 M2 അധികമായി മെഷർമെന്റ് ബുക്കിൽ ഉൾപ്പെടുത്തി**

പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റിലെ രണ്ടാം ഇനം പ്രകാരം പഴയ പെയിന്റ് ഉരച്ച് മാറ്റുന്നതിനുള്ള ആകെ ഏരിയ 5421.60 M2 ആണ്. ഇതിൽ നിന്നും ഡോർ, വെന്റിലേറ്റർ ,ജനലുകൾ എന്നിവയുടെ ഏരിയ 511.86 M2 ആയി കണക്കാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഏരിയ 4909.80 M2 ആയും കണക്കാക്കിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ സ്റ്റെയർ കേസ് റൂം ആയി അധികഭാഗങ്ങളും കെട്ടിടത്തിന്റെ പിൻവശത്തുമായി പെയിന്റ് ചെയ്യുന്നതിനു 2304 M2ഏരിയ എടുത്തതായി കണ്ടു. ആദ്യ എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ പിൻവശമുൾപ്പെടെയുള്ള എല്ലാ ഭാഗങ്ങളും കണക്കിലെടുത്തു എന്നിരിക്കെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ ഭാഗങ്ങൾ വീണ്ടുമെടുത്തത് ഗുരുതരമായ ക്രമക്കേടാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികമായി ഉൾപ്പെടുത്തിയ ഏരിയ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഏരിയ | ആകെ ഏരിയ M2 |
|---|---|---|---|
| 1 | സ്റ്റെയർ കേസ് | 1*2*2 X4.630x 3=55.56<br>1*2*2 X4.630x 3=55.56<br>1*2*2 X4.630x 3=55.56<br>1*2*2 X4.630x 3=55.56<br>1*2*2 X4.630x 3=55.56 | 277.8 |

| | | | |
|---|---|---|---|
| 2 | കെട്ടിടത്തിന്റെ പിൻവശം | 3*2*2x40x3.6 = 1728<br>2*2*2x20x3.6=576 | 2304 |
| | ആകെ | | 2581.8 M2 |



(ജില്ലാ ആയുർവേദ ആശുപത്രിയുടെ പിൻവശം)

ഈ ഭാഗം അധികമായി പെയിന്റ് ചെയ്തതിനു 3.46 ലക്ഷം രൂപ (2581.8x135.118 = 346356) കരാറുകാരനു അധികമായി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പിൻവശം എന്നു പറയുന്ന ഈ ഭാഗം Scaffolding നടത്തിയതിനു തുക നൽകിയിട്ടില്ല. കെട്ടിടത്തിന്റെ പിൻവശത്തുള്ള ഡോർ, വിൻഡോ, വെന്റിലേറ്ററുകൾ എന്നിവ ആകെ ഏരിയയിൽ നിന്നും കുറവും ചെയ്തിട്ടില്ല. സ്റ്റെയർ കേസ് റൂമിനായി കാണിച്ചിട്ടുള്ള ഏരിയയും അധികമായാണ്.അതിനാൽ അധികമായി ഉൾപ്പെടുത്തിയ ഭാഗം എസ്റ്റിമേറ്റിലും എം ബുക്കിലും ഉൾപ്പെട്ടത് ക്രമപ്രകാരമല്ല എന്നു വിലയിരുത്തുന്നു.ആദ്യ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ ആകെ ഏരിയ 5421 M2 എന്നത് പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ 7428 M2 ആയി മാറിയിട്ടുണ്ട്. ഇത് സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ അന്വേഷണ വിധേയമാക്കുന്നതിന് ശിപാർശ ചെയ്യുന്നു. **പെയിന്റിംഗിന് അധികമായി ഏരിയ ഉൾപ്പെടുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിനായി ചെലവഴിച്ച ₹346356 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**

**D) ഉയർന്ന ഗുണനിലവാരമുള്ള പെയിന്റ് ഉപയോഗിച്ചിട്ടില്ല**

ഓഡിറ്റ് ടീം അയിരൂർ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 28.03.2023 ൽ നടത്തിയ പരിശോധനയിൽ, കെട്ടിടത്തിനു **Deluxe Multi Surface Paint** എന്ന ഗുണനിലവാരം കൂടിയ പെയിന്റ് ഉപയോഗിച്ചതായി കണ്ടില്ല. മെഷർമെന്റ് ബുക്ക് പ്രകാരം Deluxe Multi Surface Paint ന് ഉയർന്ന നിരക്കാണ് കരാറുകാരനു നൽകിയിട്ടുള്ളത്. എന്നാൽ സാധാരണ നിലവാരത്തിലുള്ള പെയിന്റാണ് ഉപയോഗിച്ചിട്ടുള്ളതെന്നു കണ്ടു. ഇതു തന്നെ പല ഭാഗങ്ങളിലും ഒരു തവണ മാത്രമാണ് പൂശിയിട്ടുള്ളത്. പല ഭാഗത്തും പെയിന്റ് ഇളകിയിട്ടുമുണ്ട്. വിവിധ കെട്ടിടങ്ങളിലെ പെയിന്റിംഗിനായി ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റുകളിൽ ഉപയോഗിച്ചിട്ടുള്ള നിരക്കും Deluxe Multi Surface Paint ഉം തമ്മിലുള്ള നിരക്ക് വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് |
|---|---|---|
| 1 | 14.64.1<br>Paintings Walls With Water Proofing Cement Paint Of Required Shade Old Work -Wall Painting Internal | ₹76.83/m2 |

| | | |
|---|---|---|
| 2 | 14.66.1<br>Finish Walls With Acrylic Smooth Exterior Paint Of Required Shade-old Work - Wall Painting External | ₹95.10/m2 |
| 3 | **13.48.1**<br>**Finishing With Deluxe Multi Surface Paint System.** | **₹136.48/m2** |

മേൽ അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. അതിനാൽ **അധികമായി ഏരിയ ഉൾപ്പെടുത്തി പെയിന്റിംഗിനായി നൽകിയ ₹346356 രൂപ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകളിന്മേൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ തുടരന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 എഴുമറ്റൂർ GHSS ൽ ടൈൽ ഇട്ടതിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 179/20-21, 499/2021-22,<br>GHSS, എഴുമറ്റൂർ പുനരുദ്ധാരണം |
| തുക വകയിരുത്തിയത് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - ₹2000000 |
| ചെലവഴിച്ചത് | ₹1684026 (ബിൽ നം.387/14.02.2022) |
| മെഷർമെന്റ് ബുക്ക് | 93/2020-21 |
| കരാറുകാരൻ | റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

എഴുമറ്റൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പുനരുദ്ധാരണം എന്ന പദ്ധതിയ്ക്കായി 23.01.2021 ൽ ടെണ്ടർ ക്ഷണിക്കുകയും നാലാം സ്ഥാനത്തു വന്ന റാന്നി താലൂക്ക് ലേബർ സൊസൈറ്റിയ്ക്ക് സ.ഉ (സാധാ) നം.3630/2017/തസ്വഭവ; 10.11.2017 ലെ ഉത്തരവു പ്രകാരം 10% വരെയുള്ള ടെണ്ടർ വ്യത്യാസം കണക്കിലെടുക്കാതെ കരാർ നൽകുകയും ചെയ്തു. 26.02.2021 ൽ കരാറിൽ ഏർപ്പെട്ട ലേബർ സൊസൈറ്റി (എഗ്രിമെന്റ് നം.166/2020-21/AEE) 17.01.2022 ൽ പ്രവൃത്തി പൂർത്തിയാക്കിയതിനെത്തുടർന്ന് ഫൈനൽ ബിൽ തുക സ്ഥാപനത്തിനു നൽകി. പദ്ധതിയുടെ നിർവ്വഹണം പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം 23.01.2023 ൽ സ്കൂളിൽ സന്ദർശനം നടത്തിയിരുന്നു. നേരിട്ട് നടത്തിയ പരിശോധന പ്രകാരം കണ്ട അപാകത ചുവടെ ചേർക്കുന്നു.

മെഷർമെന്റ് ബുക്ക് ഇനം 1 പ്രകാരം റെക്റ്റിഫൈഡ് ഗ്ലേസ്സ്ഡ് സെറാമിക് ടൈൽ കെട്ടിടത്തിൽ സ്ഥാപിച്ചതിന് 925569 രൂപ ചെലവഴിച്ചിട്ടുണ്ട് (845.588 $M^2$@1094.59/$m^2$) . എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ **റെക്റ്റിഫൈഡ് ഗ്ളേസ്ഡ് സെറാമിക് ടൈൽസിനു (DSR Code 11.39) പകരം സാധാരണ നിലവാരത്തിലുള്ള സെറാമിക് ഗ്ളേസ്ഡ് ടൈൽസ് (DSR Code 11.37) ആണ് ഉപയോഗിച്ചതെന്നു വ്യക്തമായി.** ഇതിനു DSR പ്രകാരം നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| |
|---|
| Providing And Laying Ceramic Glazed Floor Tiles 300x300 Mm (Thickness To Be Specified By The Manufacturer) Of 1st Quality Conforming To IS :15622 Of Approved Make In Colors Such As White, Ivory, Grey, Fume Red Brown, Laid On 20 Mm |

Thick Cement Mortar 1:4 (1 Cement : 4Coarse Sand) Including Pointing The Joints With White Cement And Matching Pigment Etc., Complete.

Details Of Cost For 1 Sq.m

Material:

Ceramic Glazed Floor Tiles 300*300 Mm Size =1 Sq.m

Add For Wastage & Breakage @ 2.5% =0.025 Sqm

Total=1.025sqm

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 7801 | Ceramic Glazed Floor Tiles 300*300 Mm In All Shades | Sqm | 1.025 | 210 | 215.25 |
| 9977 | Carriage Of Tiles | LS | 6.240 | 1.73 | 10.8 |
| 3.9 | 20mm Thick Cement Mortar 1:4 | Cum | 0.024 | 3970.5 | 95.29 |
| 9999 | Mortar For Pointing In White Cement | LS | 20.20 | 1.73 | 34.95 |
| 0367 | Portland Cement (Cement For Slurry Over Bed @3.30Kg/sqm) | Tonne | 0.003 | 5700 | 18.81 |
| Labor | | | | | |
| 0123 | Mason Ist Class | Day | 0.2 | 487 | 97.4 |
| 0115 | Coolie | Day | 0.2 | 368 | 73.6 |
| 9988 | Sundries Including Carriage Of Cement | L.S | 26.910 | 1.73 | 46.55 |
| | Total | | | | 592.65 |
| | Add Water Charge At 1% | | | | 5.93 |
| | Total | | | | 598.58 |
| | Add CP&OH @ 15% | | | | 89.79 |
| | Cost Of 1 Sqm | | | | 688.37 |
| Cost Index For Pathanamthitta @ 37.93% | | | | | 261.1 |
| **For 1 M2** | | | | | **949.47** |

എന്നാൽ തുക നൽകിയിരിക്കുന്നത് 1094.59/m2 എന്ന നിരക്കിലാണ് . (ടെണ്ടർ കുറവ് അനുസരിച്ചുള്ള തുക). ഇതാകട്ടെ ഉയർന്ന നിലവാരമുള്ള റെക്റ്റിഫൈഡ് ഗ്ലേസ്സ് സെറാമിക് ടൈൽസിന്റെ (Code No.7803,₹334/sqm) നിരക്കിൽ ഡേറ്റ തയ്യാറാക്കിയതിനാലാണ്. 1134.41/m2 രൂപയാണ് ഈ ഇനത്തിനു എസ്റ്റിമേറ്റ് പ്രകാരം നൽകിയിരുന്നത്. സാധാരണ സെറാമിക് ടൈലിന് ഇതിനേക്കാൾ വില (Code No.7801,₹210/sqm) കുറവാണ്. അതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞ ടൈലിനേക്കാൾ നിലവാരം കുറഞ്ഞ തരത്തിലുള്ള സെറാമിക് ടൈൽസ് ഉപയോഗിച്ചതു മൂലം അധികമായി നൽകിയ തുക അംഗീകരിക്കുന്നില്ല.

| അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|
| 845.588 M2 | 1094.59 | 925569 | 845.588 M2 | 845.588 M2 @ **949.47** **=802861** | 122708 |



(സ്കൂളിൽ പാകിയിട്ടുള്ള ടൈൽ)

മേൽ അപാകതയ്ക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/28.01.2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ നിലവാരം കുറഞ്ഞ ടൈൽ ഉപയോഗിച്ചതിനു **അധികമായി ചെലവഴിച്ച 122708 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-7 പദ്ധതി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു; ചെലവ് തുക നിരാകരിക്കുന്നു

| | |
|---|---|
| **കരാറുകാരൻ** | ശ്രീ അബു മുഹമ്മദാലി, പീടികയിൽ ഹൗസ്, അങ്ങാടി പി.ഒ., റാന്നി |
| **അടങ്കൽ** | 1500000 |
| **എഗ്രിമെന്റ് നം.** | 345/17-18/EE/LSGD/PTA, തീ. 28.03.18 |
| **ചെലവ്** | ₹645280 |
| **ഫൈനൽ ബിൽ തുക** | ₹160608 |
| ട്രഷറി ബിൽ നം., തീ. | 21050252024501425667, തീ. 23/03/2022 |
| എം.ബുക്ക് നം. | 325/18-19 |

ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.565/18 പ്രകാരം ഉൾപ്പെടുത്തിയിരുന്ന പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചേരി പനവേലിക്കുഴി മക്കപ്പുഴ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി 28.03.18-ൽ എഗ്രിമെന്റ് വെച്ച് (നം.345/17-18/EE/LSGD/PTA) ശ്രീ അബു മുഹമ്മദാലി, പീടികയിൽ ഹൗസ്, അങ്ങാടി പി.ഒ., റാന്നി എന്ന കരാറുകാരൻ ഏറ്റെടുത്ത് നടത്തുകയുണ്ടായി. റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1500000 രൂപയായിരുന്ന പ്രവൃത്തിക്ക് അടങ്കൽ വകയിരുത്തിയിരുന്നത്. ആയത് പ്രകാരം 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 21.08.17-ൽ സാങ്കേതികാനുമതി ലഭ്യമായി. എസ്റ്റിമേറ്റിലെ ഭാഗം 1-ൽ 25മീറ്റർ നീളത്തിൽ കോൺക്രീറ്റിൽ

സംരക്ഷണഭിത്തി (RCC Retaining Wall) നിർമ്മിക്കുന്നതിനും, ഭാഗം II-ൽ രണ്ട് റീച്ചുകളിലായി 70 മീറ്ററും, 50 മീറ്ററും കരിങ്കൽ ഭിത്തി (DR Retaining Wall) നിർമ്മിക്കുന്നതിനുമായിരുന്ന പ്രോവിഷൻ ഉണ്ടായിരുന്നത്. 28.03.18-ൽ പ്രവൃത്തി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാൽ 28.11.2018-ലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ അധികാലധിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. തുടർന്ന് 2019 ആഗസ്റ്റിൽ കരാറുകാരൻ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾക്ക് പാർട്ട് ബിൽ നൽകി (പാർട്ട് ബിൽ തുക – ₹160608). പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയില്ല. കരാർ വ്യവസ്ഥ പ്രകാരം 27.06.2018-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് 03.12.19, 14.02.20, 27.05.20, 10.06.2020 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകി. എന്നാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂട്ടാക്കിയില്ല. അവസാനമായി 26.06.2020-ൽ എക്സി.എഞ്ചിനീയർ കരാറുകാന് നൽകിയ നോട്ടീസിൽ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കാൻ കരാറുകാരൻ നിരത്തിയ കാരണങ്ങൾ വാസ്തവ വിരുദ്ധവും, പരസ്പര ബന്ധമില്ലാത്തതുമാണെന്നും, ആകയാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ (Risk & Cost) കരാർ റദ്ദ് ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്.

എന്നാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അസാധാരണമായ കാലതാമസം വരുത്തിയ കരാറുകാരനെതിരെ എക്സി.എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരമുള്ള റിസ്ക് & കോസ്റ്റ് നടപടികൾ സ്വീകരിക്കുന്നതിനുപകരം കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേറ്റ് ഭേദഗതി വരുത്തി പണി തുടർന്ന് നടത്തുകയും 29.03.21-ൽ സെക്കന്റ് & ഫൈനൽ ബിൽ സമർപ്പിക്കുകയും ചെയ്തു. പ്രവൃത്തിയുടെ നിർവ്വഹണ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 1500000 രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ അതുവരെയുള്ള ചെലവ് 645280 രൂപ മാത്രമായിരുന്നു. മാത്രവുമല്ല ടി പ്രവൃത്തി തുടർന്ന് ചെയ്യുവാൻ കഴിയുന്നതല്ലായെന്നും അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. തുടർന്ന് ടി പ്രവൃത്തി നടത്തിപ്പിനായി അനുവദിക്കപ്പെട്ട ഭരണാനുമതി തുകയിൽ (1500000) 650000രൂപ മാത്രം നിലനിർത്തിക്കൊണ്ട് ബാക്കി മറ്റേതെങ്കിലും പ്രോജക്റ്റിലേക്ക് മാറ്റുന്നതാണ് നല്ലതെന്ന് ബന്ധപ്പെട്ട ഡിവിഷൻ മെമ്പർ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി തുക ക്രമീകരിച്ച് ബാലൻസ് തുക മാറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് 04.01.2021-ലെ ഡി.ബി.3-233/ജനറൽ /ഇഇ/എൽ.എസ്.ജി.ഡി-ാം നമ്പർ കത്ത് പ്രകാരം എക്സി.എഞ്ചിനീയർ അറിയിച്ചു. ആയത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും, ജനറൽ കമ്മിറ്റിയും ചർച്ച ചെയ്യുകയും, നിലവിലെ പൊതു മരാമത്ത് ചട്ടങ്ങൾക്കും, നിബന്ധനകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഭരണാനുമതി തുകയിൽ നിലനിർത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിന് എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും (29.10.2021-ലെ 6(2)(2)7നമ്പർ തീരുമാനം) ചെയ്തു.

എന്നാൽ ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ ടി തീരുമാനം തന്നെ പിന്നീട് ഭേദഗതി ചെയ്യപ്പെട്ടതായാണ് ഫയൽ പരിശോധിച്ചതിൽ കാണുന്നത്. പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും ടി പദ്ധതിയുടെ അടങ്കൽ തുക 650000 രൂപയായി ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചതായി മിനിട്സിലെ രേഖപ്പെടുത്തലുകൾ ഭേദഗതി വരുത്തിയതായാണ് കണ്ടത്. ഭരണാനുമതി തുകയിൽ (1500000) നിലനിർത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനുള്ള മുൻതീരുമാനം എപ്രകാരമാണ് പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും അടങ്കൽ 650000 രൂപയായി ഭേദഗതി ചെയ്യുന്നതിനുമുള്ള തീരുമാനമായി മാറ്റി മറിക്കപ്പെട്ടതെന്ന് വ്യക്തമല്ല (അനുബന്ധം 3 കാണുക).

മേൽ പറഞ്ഞ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട തീരുമാനത്തിന്റെ ചുവട് പിടിച്ച് പ്രവൃത്തി ക്ലോസ് ചെയ്യുകയും കരാറുകാരൻ അതുവരെ ചെയ്ത പ്രവൃത്തികളുടെ തുക അനുവദിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. അപ്രകാരം 1500000 അടങ്കലുണ്ടായിരുന്ന പ്രവൃത്തി ഭാഗീകമായി ചെയ്ത് അവസാനിപ്പിക്കുകയാണുണ്ടായത്. 28.03.18-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിക്ക് ഇപ്രകാരം 23.03.2022-ൽ ഫൈനൽ ബിൽ തുക നൽകി അവസാനിപ്പിച്ചു. പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് കാലയളവിൽ പ്രവൃത്തി ചെയ്യാതെ ഗുരുതരമായ കരാർ ലംഘനമാണ് നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ തീയതി നീട്ടി ലഭിക്കുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷ നൽകുകയോ, നിയമാനുസൃതം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലാവധി നീട്ടി വാങ്ങുകയോ ചെയ്തില്ല. പ്രവൃത്തിയുടെ അവസാന ബിൽ തുക നൽകി പ്രവൃത്തി

ക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രവൃത്തി കാലാവധി നീട്ടുന്നതിനുള്ള11 അപേക്ഷകൾ ഒരുമിച്ച് സ്വീകരിച്ച് പതിനൊന്ന് സപ്ലിമെന്ററി എഗ്രിമെന്റുകൾ ഒരുമിച്ച് ചമച്ചശേഷം പ്രവൃത്തി പൂർത്തീകരണ തീയതി 06.01.2021 വരെ ദീർഘിപ്പിച്ച് ക്രമവൽക്കരിക്കുകയാണുണ്ടായത്. ഇപ്രകാരം 3 മാസം എഗ്രിമെന്റ് കാലയളവ് ഉണ്ടായിരുന്ന പ്രവൃത്തിക്ക് 58 മാസം പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചാണ്.

എഗ്രിമെന്റ് വെച്ച പ്രവൃത്തി എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദ്ചെയ്ത് കരാറുകാരന്റ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കണം. എന്നാൽ കരാറുകാരനെതിരെ നിയമപ്രകാരം യാതൊരു നടപടികളും സ്വീകരിച്ചില്ലെന്നു മാത്രമല്ല കരാറുകാരന് ഒരു നഷ്ടവും വരാത്ത വിധം എസ്റ്റിമേറ്റ് ക്രമീകരിക്കുന്നതിനും, നിർവ്വഹണ കാലയളവ് വഴിവിട്ട് ദീർഘിപ്പിച്ച് നൽകുന്നതിനും ഒടുവിൽ ഫലപ്രദമല്ലാത്ത രീതിയിൽ പാതി വഴിയിൽ ഉപേക്ഷിച്ച പ്രവൃത്തി ക്ലോഷർ എഗ്രിമെന്റ് വെച്ച് ക്ലോസ് ചെയ്ത് ചെയ്തിടത്തോളം പ്രവൃത്തികളുടെ ബിൽ തുക കരാറുകാരന് നൽകുന്നതിനുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറായത്. പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചതുമൂലം പൊതു ഖജനാവിനുണ്ടായ നഷ്ടം സംബന്ധിച്ച് അവശ്യം വേണ്ട പരിശോധനയോ വിലയിരുത്തലോ ഉണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമം/ചട്ടം/മാനുവൽ /സർക്കാർ ഉത്തരവുകൾ, കരാർ വ്യവസ്ഥകൾ എന്നിവ ഒന്നും തന്നെ കരാർ ലംഘനം നടത്തിയ ഒരു കരാറുകാരനെ ചെയ്ത പ്രവർത്തികളുടെ തുകനൽകി ബാധ്യതയിൽനിന്നും ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ/പഞ്ചായത്ത് ഭരണ സമിതിയെ അധികാരപ്പെടുത്തുന്നില്ല. കരാറുകാരന് സഹായകമായ രീതിയിൽ പ്രവൃത്തി ക്ലോസ് ചെയ്ത് ഫൈനൽ ബിൽ തുക നൽകുന്നതിന് കമ്മിറ്റി മിനിട്സിൽവരെ വെള്ളം ചേർത്തുവെന്നത് ഗൗരവതരമായ ക്രമക്കേടാണ്.

പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച് കരാർ ലംഘനം നടത്തിയ കരാറുകാരന് ഫൈനൽ ബിൽ തുക നൽകി ബാധ്യതയിൽനിന്നും ഒഴിവാക്കിയതിൽ പൊതു താല്പര്യമില്ല. പ്രോജക്റ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാതെ പ്രവൃത്തിക്ക് ചെലവഴിച്ച തുക ഫലത്തിൽ പാഴാകുകയാണ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച 645280 രൂപ ഉത്തരവാദിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബാധകമല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജില്ലാ പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള | 12153000/- | 0 | 12153000/- |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ (287/22) | | | |
| | ജലജീവൻ മിഷൻ - പൊതു കുടിവെള്ള പരിപാടി (86/22) | 477000/- | 0 | 477000/- |
| | കുടിവെള്ള പദ്ധതിയ്ക്ക് വിഹിതം നൽകൽ - കൊറ്റനാട് ഗ്രാമപഞ്ചായത്ത് (772/22) | 1100000/- | 0 | 1100000/- |
| | ജില്ലാ പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (959/22) | 2504900/- | 0 | 2504900/- |
| | ഉറുമ്പുമല – മുടിമല കുടിവെള്ള പദ്ധതി - ആറന്മുള ഗ്രാമപഞ്ചായത്ത് (333/22) | 2320000/- | 0 | 2320000/- |
| | ചക്രപാണിത്തടം കുടിവെള്ള പദ്ധതി - കിണർ നിർമ്മാണം, മോട്ടോർ വാങ്ങൽ - റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (313/22) | 1580000/- | 0 | 1580000/- |
| | കോഴഞ്ചേരി എ.വി.ജി റാന്നി റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ (308/22) | 1500000/- | 0 | 1500000/- |
| | കന്നിമല ഒഴിവുപാറ കുനൻപാലവിള കുടിവെള്ള പദ്ധതി - കടമ്പനാട് ഗ്രാമ പഞ്ചായത്ത് (337/22) | 1171000/- | 0 | 1171000/- |
| | മലയാലപ്പുഴ ശുദ്ധജല വിതരണ പദ്ധതി - പൈപ്പ് മാറ്റി സ്ഥാപിക്കൽ (296/22) | 1985000/- | 0 | 1985000/- |
| | ഓമല്ലൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിന് മോട്ടോർ വാങ്ങൽ (920/22) | 2300000/- | 0 | 2300000/- |
| | പന്നിക്കണ്ടം നെല്ലിടംപാറ കുടിവെള്ള പദ്ധതി (918/22) | 500000/- | 0 | 500000/- |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ജില്ലയിലെ വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (940/22) | 3440943/- | 0 | 3440943/- |
| | വിവിധ ഡിവിഷനുകളിലെ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (961/22) | 1235032/- | 0 | 1235032/- |
| | കൊടുമൺ ഡിവിഷനിലെ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (960/22) | 1600504/- | 0 | 1600504/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

വായ്പകൾ എടുത്തിട്ടില്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ജില്ലാപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | | | മരാമത്ത് പ്രവൃത്തികളുടെ നിർവ്വ- ഹണത്തിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2001-02 | | | | പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി പരാജയപ്പെട്ടു | പരാമർശം നിലനിൽക്കുന്നു |
| 2003-04 | 2-23 | 2008-09 | 3.9.8(എ) | തേക്കുംമല വനിത കമ്മ്യൂണിറ്റി കം ട്രെയിനിംഗ് സെന്റർ നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |
| 2003-04 | 2-6 | 2008-09 | 3.9.8(ബി) | അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 3-31 | 2008-09 | 3.8.9(സി) | മണ്ണ് സംരക്ഷണ പദ്ധതികൾ- മുൻകൂർ കൈപ്പറ്റിയ കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2007-08 | 3-12 | 2009-10 | 3.8.18 | ജില്ലാതല സമഗ്ര ഊർജ്ജ സുരക്ഷാ പരിപാടി പദ്ധതി സ്തംഭനാവസ്ഥയിൽ | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-3 | 2012-13 | 4.2.1 | സമഗ്ര മധുരം തേൻ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 785722951 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6919911974 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **2300252** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 181115 | ശ്രീമതി ശ്രീകല കെ.ജി., അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 3-2 | 210265 | -ടി- |
| 3-3 | 344346 | -ടി- |
| 3-4 | 450182 | -ടി- |
| 3-5 | 346356 | -ടി- |
| 3-6 | 122708 | -ടി- |
| 3-7 | 645280 | -ടി- |
| **ആകെ** | **2300252** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ശ്രീകല കെ.ജി., അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, LID & EW Division, Pathanamthitta. | നിയതി, ചുനക്കര കിഴക്ക്, ചുനക്കര പി.ഒ. 690534 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-95 & 1996-97 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/218/99 തീയതി 6.5.1999 |
| 1997-98 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/526/00 തീയതി 6.8.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/488/01 തീയതി 15.11.2001 |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/611/02 തീയതി 5.7.2003 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/880/04 തീയതി 9.2.2005 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/881/04 തീയതി 5.5.2005 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി2/153/07 തീയതി 31.3.2008 |
| 2003-04 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/118/07 തീയതി 3.9.2008 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി2/1058/07 തീയതി 14.2.2008 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി2/60/08 തീയതി 31.12.2008 |
| 2006-07 | എൽ.എഫ്.പിറ്റിഎ/പി2/564/08 തീയതി 21.1.2009 |
| 2007-08 | എൽ.എഫ്.പിറ്റിഎ/പി3/13/10 തീയതി 9.2.2010 |
| 2008-09 | എൽ.എഫ്.പിറ്റിഎ/പി2/1004/11 തീയതി 4.4.2012/25.9.2012 |
| 2009-10 | എൽ.എഫ്.പിറ്റിഎ/പി4/375/12 തീയതി 20.10.2012 |
| 2010-11 | എൽ.എഫ്.പിറ്റിഎ/പി4/719/13 തീയതി 5.6.2014/14.11.2014 |
| 2011-12 | എൽ.എഫ്.പിറ്റിഎ/പി2/616/16 തീയതി 27.3.2015/20.5.2015 |
| 2012-13 | എൽ.എഫ്.പിറ്റിഎ/പി3/422/15 തീയതി 18.4.2016 |
| 2013-14 | എൽ.എഫ്.പിറ്റിഎ/പി3/848/15 തീയതി 17.5.2016 |
| 2014-15 | കെ.എസ്.എ.പിറ്റിഎ/പി3/1296/15 തീയതി 16.4.2016 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി5/594/17 തീയതി 22.6.2017 |
| 2016-17 | കെ.എസ്.എ.പിറ്റിഎ/പി5/1450/17 തീയതി 23.12.2017 |
| 2017-18 | കെ.എസ്.എ.പിറ്റിഎ/പി2/425/19 തീയതി 26.6.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ.പിറ്റിഎ/പി2/248/2020 തീയതി 8.5.2020 |
| 2019-20 | കെ.എസ്.എ.പിറ്റിഎ/പി2/789/2020 തീയതി 28.6.2020 |
| 2020-21 | കെ.എസ്.എ.പിറ്റിഎ/ഡിപി/392/22 തീയതി 28.6.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്,
പത്തനംതിട്ട- 689 645
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്,
പത്തനംതിട്ട- 689 645
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## കമ്മിറ്റി തീരുമാനം-1

6/1/22

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**29.10.2021 -ാം തീയതിയിൽ കൂടിയ സാധാരണകമ്മിറ്റിയുടെ 6(2)(2) 7-ാംനമ്പർ തീരുമാനം .**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്ലാച്ചേരി പനവേലിക്കുഴി മക്കപ്പുഴ റോഡ് പുനരുദ്ധാരണം, പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് എന്ന പ്രവൃത്തി 28.03.2018 ൽ എഗ്രിമെന്റ് വയ്ക്കുകയും 29.08.2018 ൽ ഫസ്റ്റ് & പാർട്ട് ബിൽ പെയ്മെന്റ് 1,60,608/- രൂപ നൽകുകയും, പിന്നീട് പ്രവൃത്തി റിവൈസ്ഡ് ചെയ്ത് പണിയാരംഭിച്ച് 29.03.2021 ൽ സെക്കന്റ് & ഫൈനൽ ബിൽ ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും, നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെയും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസിൽ നിന്ന് ലഭ്യമായ കത്തുകൾ പ്രകാരം ഈ പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ് 6,45,280/- രൂപ മാത്രമാണെന്ന് അറിയിച്ചിട്ടുള്ളതെന്നും, മാത്രമല്ല ടി പ്രവൃത്തി ഇനി തുടർന്ന് ചെയ്യുവാൻ കഴിയുന്നതല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തി നടത്തിപ്പിനായി അനുവദിക്കപ്പെട്ട ഭരണാനുമതി തുകയിൽ 6,50,000/- മാത്രം നിലനിർത്തിക്കൊണ്ട് ബാക്കി മറ്റേതെങ്കിലും പ്രോജക്ടിലേക്ക് മാറ്റുന്നതാണ് നല്ലതെന്ന് ബന്ധപ്പെട്ട ഡിവിഷൻ മെമ്പർ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി തുക ക്രമീകരിച്ച് ബാലൻസ് തുക മാറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് 04.[illegible]2021 ലെ ഡി.ബി.3-233/ജനറൽ/ഇ/എൽ.എസ്.ജി.ഡി-ാം നമ്പർ കത്ത് പ്രകാരം എൽ.എസ്.ജി.ഡി., എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. ടി വിഷയം സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തത് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു നിലവിലെ പൊതുമരാമത്ത് ചട്ടങ്ങൾക്കും,നിബന്ധനകൾക്കും,സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഭരണാനുമതി തുകയിൽ നിലനിർത്തി പദ്ധതി ഭേദഗതിവരുത്തുന്നതിന് എൽഎസ്ജിഡി എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി അംഗീകരിച്ചു തീരുമാനിച്ചു.

ഒപ്പ്

പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്

// ശരിപകർപ്പ് //

Secretary

... Panchayat

PANCHAYAT OFFICE PATHANAMTHITTA

## അനുബന്ധം-4

## കമ്മിറ്റി തീരുമാനം-2

24/2/22

# പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

**29.10.2021 -ാം തീയതിയിൽ കൂടിയ സാധാരണകമ്മിറ്റിയുടെ**
**6(2)(2)7-ാംനമ്പർ തീരുമാനം .**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്ലാച്ചേരി
പനവേലിക്കുഴി മക്കപ്പുഴ റോഡ് പുനരുദ്ധാരണം, പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് എന്ന
പ്രവൃത്തി 28.03.2018 ൽ എഗ്രിമെന്റ് വയ്ക്കുകയും 29.08.2018 ൽ ഫസ്റ്റ് & പാർട്ട് ബിൽ
പെയ്മെന്റ് 1,60,608/- രൂപ നൽകുകയും, പിന്നീട് പ്രവൃത്തി റിവൈസ്ഡ് ചെയ്ത്
പണിയാരംഭിച്ച് 29.03.2021 ൽ സെക്കന്റ് & ഫൈനൽ ബിൽ ടി കാര്യാലയത്തിൽ
സമർപ്പിച്ചിട്ടുണ്ടെന്നും, നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെയും, അസിസ്റ്റന്റ്
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസിൽ നിന്ന് ലഭ്യമായ കത്തുകൾ പ്രകാരം ഈ
പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ് 6,45,280/- രൂപ മാത്രമാണെന്ന്
അറിയിച്ചിട്ടുള്ളതെന്നും, മാത്രമല്ല ടി പ്രവൃത്തി ഇനി തുടർന്ന് ചെയ്യുവാൻ
കഴിയുന്നതല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തി
നടത്തിപ്പിനായി അനുവദിക്കപ്പെട്ട ഭരണാനുമതി തുകയിൽ 6,50,000/- മാത്രം
നിലനിർത്തിക്കൊണ്ട് ബാക്കി മറ്റേതെങ്കിലും പ്രോജക്ടിലേക്ക് മാറ്റുന്നതാണ് നല്ലതെന്ന്
ബന്ധപ്പെട്ട ഡിവിഷൻ മെമ്പർ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി തുക
ക്രമീകരിച്ച് ബാലൻസ് തുക മാറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന്
04.10.2021 ലെ ഡി.ബി.3-233/ജനറൽ/ഇഇ/എൽ.എസ്.ജി.ഡി-ാം നമ്പർ കത്ത് പ്രകാരം
എൽ.എസ്.ജി.ഡി., എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. ടി വിഷയം
സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തു, ടി പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും,ടി പദ്ധതിയുടെ
അടങ്കൽ തുക 650000/- രൂപയായി ഭേദഗതി ചെയ്യുന്നതിനുമുള്ള സ്റ്റാന്റിംഗ് കമ്മിറ്റി
ശുപാർശ ജനറൽ കമ്മിറ്റി അംഗീകരിച്ചു തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്

// ശരിപകർപ്പ് //

DISTRICT PANCHAYAT OF PATHANAMTHITTA

*Secretary*
*District Panchayat*
*Pathanamthitta*